# അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്

## 112 –ാമത് വാർഷിക സമ്മേളനം

2003 ഡിസംബർ 26, 27, 28 തീയതികളിൽ
ഖാദിയാൻ (പഞ്ചാബ്), ദാറുൽ അമാനിൽ

**ഇന്ത്യയിലെ എല്ലാ സ്റ്റേറ്റിൽ നിന്നും
വിദേശ രാജ്യങ്ങളിൽ നിന്നും
പ്രതിനിധികൾ പങ്കെടുക്കുന്നു.**

**അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ
മസീഹ് ഹസ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ്
ലണ്ടനിൽ നിന്ന് സാറ്റലൈറ്റ് മുഖേന
അഭിസംബോധന ചെയ്യുന്നു.**

**പ്രസംഗങ്ങൾ, ഇംഗ്ലീഷ്, തമിഴ്, ബംഗാളി,
കന്നഡ, തെലുങ്ക്, മലേഷ്യൻ, മലയാളം
ഭാഷകളിൽ തൽസമയ തർജ്ജമ
ഉണ്ടായിരിക്കും.**

# സത്യദൂതൻ

**മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**


പുസ്തകം 71
ലക്കം 12
ഡിസംബർ 2003
ഫത്ഹ് 1382
ശവ്വാൽ - ദുൽ ക അദ് 1424

**ചീഫ് എഡിറ്റർ**
മുഹമ്മദ് ഉമർ എച്ച്. ഏ.

**എഡിറ്റർ**
ഏ. എം. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
(ചെയർമാൻ)

കെ.വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. ബഷീർ അഹ്മദ്
ഐ. കെ. അഹ്മദ്കുട്ടി

**അഡീഷണൽ സെക്രട്ടറി**
**പബ്ലിക്കേഷൻ**
പി. എം. അഹ്മദ് ഹസ്സൻ

**മാനേജർ**
എം.കെ. ഇമ്പിച്ചിക്കോയട്ടി

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം

വരിസംഖ്യ - 100 ക.
ഒറ്റപ്രതി - 10 ക.

*വിലാസം*
**സത്യദൂതൻ**
**ജി. എച്ച്. റോഡ്**
**കോഴിക്കോട്.**
e-mail:sathyadoothan@ahmadiyya.com

**സ്ഥാപിതം**
**1925**


## ഉള്ളടക്കം


4 യുഗശബ്ദം

5 മുഖക്കുറിപ്പ്

ലേഖനം

6 *ദിവ്യഭാഷണം:ഇസ്‌ലാമിന്റെ സജീവ ദൃഷ്ടാന്തം*
ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

8 *അദൃശ്യകാര്യങ്ങളിലെ വിശ്വാസം*
ഖലീഫത്തുൽ മസീഹ് - IV

12 *ദൃശ്യ പ്രപഞ്ചവും ദൈവത്തിന്റെ സാന്നിദ്ധ്യവും*
മഹ്മൂദ്, കൽക്കുളം

15 *മൂസാനബി (അ) ഇസ്രായീല്യനല്ലെന്നോ!!?*
ഹസ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

18 *യേശു ദൈവത്തിന്റെ പുത്രനോ?*
ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

21 *ഇസ്‌ലാമിനെ അപകീർത്തിപ്പെടുത്തുന്ന പണ്ഡിതന്മാർ*
ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

24 *ഡോ. അബ്ദുസ്സലാം: അനുജന്റെ അനുസ്മരണക്കുറിപ്പ്*
അബ്ദുൽ ഹമീദ്

28 *തമസ്സിന്റെ താവളം*
കെ. പി. അഹ്മദ്

30 *സ്വർഗ്ഗനരകങ്ങൾ ഇസ്‌ലാമിന്റെ വീക്ഷണത്തിൽ - 3*
ഏ. പി. കുഞ്ഞാമു

35 *'പ്രവചനങ്ങൾ, സുവാർത്തകൾ; താക്കീതുകളും'*
എ. ക്യു. മഹ്ദി

38 *യൂറോപ്യൻ നഗരവർണ്ണനകൾ*
ഫ്രാൻസസ് ഗേയസ്

കുറിപ്പുകൾ,
അനുസ്മരണം


മുഖചിത്രം : സയ്യിദുനാ മഹ്മൂദ് മോസ്ക്ക് - അഹ്മദിയ്യാജമാഅത്ത്
ഹൈഫാ, ഫലസ്തീൻ


Printed & Published by A. P. Kunhamoo, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory Creations, Calicut


## ഖുർആനിൽ നിന്ന്

ഞങ്ങളുടെ രക്ഷിതാവ് അല്ലാഹു ആണെന്ന് പറയുകയും സ്ഥിര ചിത്തതയോടെ വർത്തിക്കുകയും ചെയ്യുന്നവരിൽ മലക്കുകൾ ഇറങ്ങി ഭയപ്പെടായ്‌വിൻ, വ്യസനിക്കാതിരിക്കുകയും ചെയ്‌വിൻ; നിങ്ങളോട് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള സ്വർഗ്ഗത്തെക്കുറിച്ചു സന്തോഷവാർത്ത സ്വീകരിക്കുവിൻ. (എന്ന് ബോധനം നൽകുന്നതാണ്.)

**(41 :31)**

## നബിവചനം

നിങ്ങളിൽ വല്ലവനും താനിഷ്ടപ്പെടുന്ന തരത്തിലുള്ള സ്വപ്നം കണ്ടുവെന്നിരിക്കട്ടെ. തീർച്ചയായും അത് അല്ലാഹുവിങ്കൽ നിന്നുള്ളതാണ്. അതിന്റെ പേരിൽ അവൻ അല്ലാഹുവിനെ സ്തുതിക്കുകയും അതിനെക്കുറിച്ച് മറ്റുള്ളവരോട് പറയുകയും ചെയ്യട്ടെ. വല്ലവനും താൻ വെറുക്കുന്ന തരത്തിലുള്ളൊരു സ്വപ്നം കണ്ടു എങ്കിൽ തീർച്ചയായും അത് പിശാചിങ്കൽ നിന്നുള്ളതാണ്. അതുമൂലമുണ്ടായേക്കാവുന്ന നാശത്തിൽ നിന്നും അവൻ അല്ലാഹുവിങ്കൽ അഭയം പ്രാപിക്കട്ടെ. അതിനെക്കുറിച്ച് പറയാതിരിക്കുക. അങ്ങനെ ചെയ്യുന്ന പക്ഷം ആ സ്വപ്നം കാരണം അവന് യാതൊരു ദോഷവും തട്ടുകയില്ല. (ബുഖാരി)



# ദൈവം സ്വയം വെളിപ്പെടുത്തുന്നു

**ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)**

ഈ ഭൗതിക വസ്തുക്കളുടെ അടിയിൽ നിന്നുമാത്രം സൃഷ്ടികർത്താവിനെ അന്വേഷിച്ചറിയുന്നതിനുള്ള ശ്രമം അപഥത്തിലാണെന്നേ പറയേണ്ടതുള്ളൂ. മഹാമഹത്ത്വവാനും സജീവനുമായിരിക്കുന്ന ദൈവത്തെ, മണ്ണിനടിയിൽ കുഴിച്ചുനോക്കിയാൽ മാത്രം കാണാവുന്ന ശവശരീരം കണക്കെ കരുതുന്നത് ഭീമമായ അബദ്ധമാകുന്നു. ദൈവം ലോകത്തിനു പ്രത്യക്ഷീഭവിക്കുന്നതിനു മനുഷ്യന്റെ സഹായവും പ്രയത്നവും ആവശ്യമായിരിക്കുന്നുവെന്നു വിചാരിക്കുന്നതു ബീഭത്സമായ വിചാരമത്രെ. ദൈവം അങ്ങനെയുള്ളവനാണെങ്കിൽ അവൻ നമ്മുടെ പ്രത്യാശകളുടെ കേന്ദ്രമായിരിക്കാവുന്നതല്ല. ദൈവം തന്റെ തിരുമുഖത്തെ സൃഷ്ടികൾക്ക് വെളിപ്പെടുത്തിക്കൊടുക്കുകയോ അവർ സ്വയമേവ ദൈവത്തിന്റെ ഉണ്മയെ അറിയുന്നതിന് മാർഗ്ഗം കണ്ടുപിടിക്കുകയോ എന്താണ് വേണ്ടത്....അവന്റെ ശബ്ദശ്രവണം മൂലം ലഭ്യമാകുന്ന സ്പഷ്ടമായ തെളിവിനെ അവന് സംസാരിക്കാൻ നാവുണ്ടോ എന്ന് അപലപിക്കുകയാണെങ്കിൽ ആസ്തികബോധത്തിനു നിരക്കാത്ത ആ വാദം നിരർത്ഥകവും ന്യായവിരുദ്ധവുമാകുന്നു.

**(ഇസ്ലാം മതതത്ത്വജ്ഞാനം)**

മുഖക്കുറിപ്പ്

# ദിവ്യവെളിപാടുകൾ

പ്രതികരണങ്ങളാണ് സജീവചേതനയുടെ പ്രത്യക്ഷത്തെളിവ്. ശരണാർത്ഥിയുടെ അർത്ഥനകളോടും ആരാധനകളോടും ദൈവം സംവദിക്കുകയോ പ്രതികരിക്കുകയോ ചെയ്യുന്നില്ലെങ്കിൽ ദൈവത്തിന്റെ അസ്തിത്വത്തെസ്സംബന്ധിച്ച് നിസ്സാരനും നിസ്സഹായനുമായ മനുഷ്യന് സന്ദേഹങ്ങളും സംശയങ്ങളും ഉടലെടുക്കുക സ്വാഭാവികമാണ്. വാഗ്ദത്ത മസീഹ് ഹസ്റത്ത് അഹ്മദ്(അ) ഈ അവസ്ഥ ഗഹനാർത്ഥങ്ങളുൾക്കൊള്ളുന്ന ലളിതമായ ഒരു ഉപമോക്തിയിലൂടെ വ്യക്തമാക്കുന്നുണ്ട്. അകത്തുനിന്നും സാക്ഷയിട്ട് ബന്ധിക്കപ്പെട്ട ഒരു മുറിയുടെ കതകിൽ ഒരാൾ നിരന്തരം മുട്ടിവിളിക്കുന്നു. അകത്തുനിന്നും ഒരു പ്രതികരണവുമില്ലെങ്കിൽ ഒരാളുടെ യുക്തി ചിന്ത എത്തിച്ചേരുന്ന നിഗമനം ഇതായിരിക്കും. ഏതോ അജ്ഞാത കാരണങ്ങളാൽ അകത്ത് നിന്നും സാക്ഷ വീണതായിരിക്കും. മറിച്ച് അകത്തുനിന്നും ഒരാൾ മുട്ടിവിളിക്കുന്നവന് ഉത്തരം നൽകുന്നുവെങ്കിൽ മുറിക്കുള്ളിൽ ജീവനുള്ള ഒരാൾ ഉണ്ടെന്നും അയാളാണ് വാതിലിന്റെ സാക്ഷ ബന്ധിച്ചതെന്നുമുള്ള ദൃഢജ്ഞാനം അയാൾക്കു ലഭിക്കുന്നു. ഇതുപോലെ പ്രത്യക്ഷ പ്രപഞ്ചത്തിനു പിന്നിൽ നിഗൂഢനും അദൃശ്യനുമായി നിൽക്കുന്ന ആ പരാശക്തിയിൽ നിന്നും വെളിപാടുകളോ, ദിവ്യദർശനങ്ങളോ, ബോധനങ്ങളോ, സ്വപ്നങ്ങളോ ലഭ്യമാകുന്നില്ലെങ്കിൽ അല്പജ്ഞനായ മനുഷ്യൻ സന്ദേഹവാദത്തിലേക്കും നാസ്തികത്വത്തിലേക്കും വഴുതിവീഴും. ആത്മീയ മാർഗ്ഗത്തിലുള്ള ഈയൊരു വെളിപ്പെടുത്തലല്ലാതെ ദൈവത്തിന്റെ തിരുമുഖം മനുഷ്യന് ദർശിക്കാൻ മറ്റു യാതൊരു മാർഗ്ഗവുമില്ല. സ്ഥൂല വസ്തുക്കളെ അനുഭവവേദ്യമാക്കുന്ന ഇന്ദ്രിയങ്ങൾക്കോ, ശാസ്ത്രീയ സംരംഭങ്ങൾക്കോ ദൈവത്തിന്റെ അസ്തിത്വത്തെസ്സംബന്ധിച്ച സംശയങ്ങൾ ദൂരീകരിക്കാൻ സാധ്യമല്ല. അവയെല്ലാം ദൈവത്തെസ്സംബന്ധിച്ച് നിഗമനങ്ങൾ നൽകുന്നു എന്നതല്ലാതെ ദൃഢമായ ജ്ഞാനം പ്രദാനം ചെയ്യുന്നില്ല.

ദൈവത്തിൽ നിന്നും ശാബ്ദികമോ, ദാർശനികമോ ആയ ഇത്തരം ആത്മീയ വരപ്രസാദങ്ങൾ ലഭ്യമല്ലെങ്കിൽ പ്രതികരണശേഷിയില്ലാത്ത പ്രതിമകളെ ആരാധിക്കുന്നതുപോലെ മതാരാധനകൾ വെറും ശീലങ്ങളും ആചാരങ്ങളുമായി അധ:പതിക്കുന്നു. പ്രതിമാ പൂജയുടെ നിരർത്ഥകതയെ ചൂണ്ടിക്കാണിച്ച് ഖുർആൻ ഉന്നയിക്കുന്ന തെളിവ് ഇതാകുന്നു. “അതു (പ്രതിമ) അവരോടു സംസാരിക്കുകയും അവരെ മാർഗ്ഗദർശനം ചെയ്യുകയും ചെയ്യുന്നില്ലെന്ന് അവർ ഗ്രഹിച്ചില്ലേ? അവർ അതിനെ ദൈവമായി സ്വീകരിച്ചു. തന്മൂലം അവർ അക്രമികളായിത്തീർന്നു: (7:149).

സംസാരിക്കുന്നവൻ (മുതകല്ലിം) എന്നത് അല്ലാഹുവിന്റെ ഒരു ഗുണനാമമാണ്. സച്ചരിതരും സന്മാർഗ്ഗികളും പരിശുദ്ധാത്മാക്കളുമായ ഭക്തജനങ്ങൾക്ക് ലഭിക്കുന്ന ഈ ആത്മീയാനുഗ്രഹങ്ങൾ മുസ്ലിം പണ്ഡിതന്മാർക്ക് പരിചിതമല്ല. അതുകൊണ്ട് ദൈവത്തെസ്സംബന്ധിച്ച് ദൃഢബോധ്യം വരുത്തുന്ന ഈ ജ്ഞാനമാർഗ്ഗത്തെ അവർ നിഷേധിക്കുന്നു. ദൈവം ഇനി ആരോടും സംസാരിക്കില്ല എന്ന അവകാശവാദം അവരുടെ മതത്തിന് ഭൂഷണമായിക്കാണുകയും ചെയ്യുന്നു. ആത്മീയ ജ്ഞാനത്തിന്റെ ശുഷ്ക്കതയിൽ ഭൂമിയുടെ കീടങ്ങളായി മാറിപ്പോയ ഇത്തരക്കാരെക്കുറിച്ച് എന്ത് പറയാൻ! വാഗ്ദത്ത മസീഹ്(അ) പറയുന്നു:

“പൂർവ്വകാലങ്ങളിൽ ദൈവം മനുഷ്യനോട് സംസാരിക്കുകയും തന്നെക്കുറിച്ച് അവർക്ക് അറിവുനൽകുകയും ചെയ്തിരുന്നുവെങ്കിലും ഇപ്പോൾ അവൻ സംസാരിക്കുന്നില്ല എന്നു പറയുന്നതു കേവലം അടിസ്ഥാനരഹിതമാവുന്നു. അവന്റെ സംഭാഷണ സംബോധനാധികളെ ഏതെങ്കിലും ഒരു പ്രത്യേകയുഗത്തോടു ബന്ധിച്ചു നിർത്താൻ നാം അധികൃതരല്ലല്ലോ. പണ്ടു സംസാരിച്ചിരുന്ന അഭേദനായ ദൈവം ഇപ്പോഴും സംസാരിക്കുകയും അവനെ ഹൃദയസാകല്യത്തോടുകൂടി അന്വേഷിച്ചുകൊണ്ടിരിക്കുന്ന ദാസരെ തന്റെ വചനങ്ങൾകൊണ്ടനുഗ്രഹിക്കുകയും ചെയ്യുന്നു. (ഇസ്ലാംമത തത്വജ്ഞാനം)

ലേഖനം

# ദിവ്യഭാഷണം: ഇസ്‌ലാമിന്റെ സജീവ ദൃഷ്ടാന്തം

## ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

### ദൈവവുമായി മനുഷ്യനുള്ള സജീവ ബന്ധത്തിന്റെ ഉത്തമ നിദർശനമാണ് വെളിപാടുകൾ - ഇസ്‌ലാം മതത്തിൽ ഈ ബന്ധം സാധ്യമാണ്.

പ്രാഥമിക വസ്തുതകളെ സംബന്ധിച്ച് ഒരു പരിധിവരെ ഗ്രഹിക്കാനാണ് ദൈവം മനുഷ്യന്റെ പ്രകൃതിയിൽ യുക്തിജ്ഞാനം നിക്ഷേപിച്ചിട്ടുള്ളത്. അതേ പ്രകാരം ദൈവം മനുഷ്യനിൽ വെളിപാടുകൾ സ്വീകരിക്കുന്നതിനുള്ള ഗുപ്തമായ കഴിവുകളും നിക്ഷേപിച്ചിരിക്കുന്നു. യുക്തിജ്ഞാനം അതിന്റെ പരമാവധിയിൽ വന്നുനിൽക്കുമ്പോൾ സർവ്വശക്തനായ ദൈവം അവന്റെ സച്ചരിതരായ ദിവ്യത്മാക്കൾക്ക് ഗ്രഹണശക്തിക്ക് പൂർണത കൈവരിക്കാനും ദൃഢജ്ഞാനം ആർജ്ജിക്കാനും അവരെ ദിവ്യഭാഷണങ്ങളിലൂടെയും ആത്മീയ ദർശനങ്ങളിലൂടെയും നേർമാർഗ്ഗത്തിലേക്ക് നയിക്കുന്നു. യുക്തിജ്ഞാനത്തിന് എത്തിച്ചേരാൻ സാധ്യമല്ലാത്ത മേഖലയിൽ ദിവ്യ വെളിപാടുകളിലൂടെയും ആത്മീയ ദർശനത്തിലൂടെയും എത്തിച്ചേരാവുന്നതാണ്. ഇതു മുഖേന സത്യാന്വേഷികൾ നിശ്ചയജ്ഞാനം പ്രാപിക്കുന്നു. ഇത് അല്ലാഹുവിന്റെ മാർഗ്ഗവും സമ്പ്രദായവുമാണ്. ഈ മാർഗ്ഗേണയാണ് സന്മാർഗ്ഗത്തിലേക്ക് നയിക്കാൻ ഭൂമുഖത്ത് പ്രവാചകന്മാർ പ്രത്യക്ഷപ്പെട്ടത്. ഈ മാർഗ്ഗേണ ചരിക്കാതെ ഒരാൾക്കും തന്നെ യഥാർത്ഥ രൂപത്തിലുള്ളതും പരിപൂർണവുമായ ജ്ഞാനഗ്രഹണം സാധ്യമല്ല. പക്ഷേ നിർഭാഗ്യകരമെന്ന് പറയട്ടെ, ഏതൊക്കെ ജ്ഞാനങ്ങളാണ് വെളിപ്പെടുന്നത് ആ ജ്ഞാനങ്ങളെല്ലാം യുക്തിജ്ഞാനത്തിലൂടെ വെളിപ്പെടുത്താനാവുമെന്ന് ശുഷ്കനായ ഒരു തത്ത്വജ്ഞാനി ധൃതിയോടെ ആഗ്രഹിക്കുന്നു. എന്നാൽ യുക്തിജ്ഞാനത്തിന് അതിന്റെ ശക്തിയിൽക്കവിഞ്ഞ ഭാരം വഹിക്കാൻ സാധ്യമല്ല എന്ന കാര്യം അയാൾക്കറിയില്ല. അതിന്റെ കഴിവിന്റെ പരിധിയിൽ കവിഞ്ഞൊരു ചുവട് യുക്തിജ്ഞാനത്തിന് വെക്കാനും സാധ്യമല്ല. മനുഷ്യനെ അവന്റെ അഭിലഷിതമായ അതിവിശിഷ്ട യോഗ്യതയിലേക്കെത്തിക്കാൻ ദൈവം അവനിൽ യുക്തിജ്ഞാനത്തിന്റെ കഴിവുകൾ മാത്രമല്ല വെളിപാടുകളും ദിവ്യദർശനങ്ങളും സ്വീകരിക്കാനുള്ള കഴിവും നൽകിയിരിക്കുന്നു എന്ന കാര്യത്തെപ്പറ്റി അവൻ ചിന്തിക്കുന്നില്ല. ദൈവത്തെ തിരിച്ചറിയാൻ മനുഷ്യന് അവന്റെ സമ്പൂർണ്ണ ജ്ഞാനത്താൽ നൽകപ്പെട്ട വരദാനങ്ങളിൽ നിന്നും പ്രാഥമികോപാധികൾ മാത്രം ഉപയോഗിക്കുകയും ബാക്കിയുള്ള ജ്ഞാനോപാധികളെസ്സംബന്ധിച്ച് അജ്ഞനായിരിക്കുകയും ചെയ്യുക എന്നത് ദൗർഭാഗ്യത്തിന്റെ ആഴത്തെ കാണിക്കുന്നു. അത്തരം കഴിവുകൾ ഉപയോഗിക്കാതെയും അതിൽനിന്ന് ഫലമെടുക്കാതെയും അതിനെ വ്യഥാവിലാക്കുന്നത് വിഡ്ഢിത്തമാണ്. വെളിപാടുകൾ ലഭിക്കുന്ന കഴിവുകൾ ഉപയോഗിക്കാതെ അതിന്റെ അസ്തിത്വത്തെ നിഷേധിക്കുന്നുവെങ്കിൽ അയാൾ യഥാർത്ഥത്തിലുള്ള ഒരു തത്ത്വജ്ഞാനിയല്ല. ആയിരക്കണക്കിന് സാത്വികരും സത്യജ്ഞാനം ലഭിച്ച എല്ലാ മനുഷ്യരും പരിപൂർണ ജ്ഞാനത്തിൽ എത്തിച്ചേർന്നത് വെളിപാടുകളുടെ ഉപാധികളിലൂടെയാണെന്നത് ഈ കഴിവിനെ സത്യാപനം ചെയ്യുന്നു. (സുർമെ ചശ്മെ ആര്യ - പേജ് 39-42)

### പ്രവാചകന്മാരല്ലാത്തവർക്കും വെളിപാടുകൾ ലഭിക്കുന്നു

ചില അല്പജ്ഞാനികളായ മതപണ്ഡിതന്മാർ അവരുടെ വാദങ്ങളിൽ അതിരു കടക്കുന്നു. എത്രത്തോളമെന്നാൽ വെളിപാടുകളുടെ വാതിലുകളെല്ലാം അടഞ്ഞുപോയിരിക്കുന്നു

വെന്നും വിശ്വാസത്തിൽ പൂർണത പ്രാപിക്കുകയും ആ അനുഗൃഹീത വിശ്വാസത്താൽ സാത്വിക ജീവിതം നയിക്കുകയും ചെയ്യുന്ന ഒരു മുസ്‌ലിമിന് പോലും ആ വാതിലുകൾ തുറക്കപ്പെടുകയില്ല എന്നും വാദിക്കുന്നു. ഈ ദിവ്യാനുഗ്രഹം കരഗതമാക്കി വിശ്വാസത്തെ പരിപൂർണ്ണമാക്കുകയും പിന്നീട് ആ വിശ്വാസത്തിന്റെ ആകർഷണത്തിൽ സൽക്കർമ്മങ്ങൾ ചെയ്യുകയും ചെയ്യുക എന്നത് ഈ ഉമ്മത്തിന്റെ വിധിയിൽപ്പെട്ടതല്ല എന്നും അവർ അവകാശപ്പെടുന്നു.

ഇങ്ങനെ ചിന്തിക്കുന്ന ആളുകൾക്കുള്ള മറുപടി ഇതാണ്. അത്തരത്തിൽ മുസ്‌ലിംകൾ നിർഭാഗ്യവാന്മാരും, അന്ധരും നികൃഷ്ടരുമായ ജനതയാണെങ്കിൽ എന്തിനാണ് പിന്നെ ദൈവം അവർക്ക് ഉത്കൃഷ്ട സമുദായം എന്ന പേരുവെച്ചത്? സത്യമിതാണ്, അവരെക്കുറിച്ച് അവർ സ്വയം അങ്ങിനെ കരുതുന്നുവെങ്കിൽ അവർ വിഡ്ഢികളും മൂഢന്മാരുമാണ്. സർവ്വശക്തനായ അല്ലാഹു മുസ്‌ലിംകൾക്ക് പഠിപ്പിച്ച സൂറ: ഫാത്തിഹായിലെ പ്രാർത്ഥനയിൽ പ്രവാചകന്മാർക്ക് നൽകിയ അനുഗ്രഹങ്ങൾ മുസ്‌ലിംകളുടെ മേലും ലഭ്യമാക്കാൻ വ്യവസ്ഥ ചെയ്തിരിക്കുന്നു. അതിൽ പറയപ്പെടുന്നത്, ദിവ്യാത്മാക്കൾക്ക് അരുളപ്പെട്ട ദിവ്യഭാഷണങ്ങളാകുന്ന അനുഗ്രഹങ്ങൾ മറ്റെല്ലാ അനുഗ്രഹങ്ങളുടെയും സ്രോതസ്സാണ് എന്നാണ്. ദൈവം നമ്മെ ഈ പ്രാർത്ഥന പഠിപ്പിച്ചതു മുഖേന വഞ്ചിക്കുകയായിരുന്നോ? ഇസ്രയേൽ സമുദായത്തിലെ സ്ത്രീകളേക്കാൾ പ്രയോജനരഹിതരും പതിതരുമായ ഒരു ജനതക്ക് എന്ത് നന്മയാണ് പിന്നെ അവശേഷിക്കുന്നത്?

മൂസാ നബി (അ)യുടെ മാതാവും ഈസാ നബി (അ) യുടെ മാതാവും പ്രവാചകന്മാരായിരുന്നില്ല എന്നത് സുവിദിതമാണല്ലോ. എന്നിട്ടും അവർ ദൈവത്തിൽ നിന്നുള്ള ഭാഷണങ്ങളാൽ അനുഗൃഹീതരായിരുന്നു. ഒരു മുസ്‌ലിം അയാൾ ഇബ്രാഹിം നബി (സ) യെപ്പോലെ പരിശുദ്ധാത്മാവായാലും, അല്ലാഹുവിനോടുള്ള അനുസരണത്താൽ തന്റെ അഹംബോധത്തിൽ നിന്ന് സമ്പൂർണ്ണമായി മോചിതനായാലും, ദൈവത്തോടുള്ള അനുരക്തിയിൽ ദൈവത്തിൽ സമ്പൂർണ്ണനായി നഷ്ടപ്പെട്ടവനായാലും മൂസാനബി (അ) യുടെ മാതാവിനെപ്പോലെ ദിവ്യഭാഷണങ്ങളുടെ സ്വീകർത്താവാകാൻ കഴിയില്ല എന്ന് ഒരു മുസ്‌ലിമിന് സങ്കൽപ്പിക്കാനാവുമോ? ഏതെങ്കിലും യുക്തിബോധമുള്ള മനുഷ്യൻ ഇത്തരത്തിലുള്ള ലുബ്ധ് ദൈവത്തിൽ ആരോപിക്കുമോ? ലഅ്നത്തുല്ലാഹി അലൽ കാദിബീൻ എന്നല്ലാതെ ഞങ്ങളെന്തു പറയുവാനാണ്?

സത്യമിതാണ്, ഈ ആളുകൾ ഭൂമിയുടെ കീടങ്ങളായി മാറുമ്പോൾ ഇസ്‌ലാമിന്റെ ചിഹ്നങ്ങളായി അവശേഷിക്കുന്നത് അവരുടെ തലപ്പാവും, താടിയും, ചേലാകർമ്മവും, ചില വാഗ്ധാടിയും, ബാഹ്യമാത്രമായ നമസ്കാരങ്ങളും, വ്രതാനുഷ്ഠാനവും മാത്രമാണ്. ദൈവം അവരുടെ ഹൃദയ ചൈതന്യം കെടുത്തിക്കളഞ്ഞിരിക്കുന്നു. ആയിരക്കണക്കിന് അന്ധകാരത്തിന്റെ തിരസ്കരണികൾകൊണ്ട് അവരുടെ നയനങ്ങൾ ആവൃതമാണ്. ആത്മീയ ജീവിതത്തിന്റെ വിചാരങ്ങൾ അവർക്ക് വിനഷ്ടമായി. അതുകൊണ്ട് അവർ ദൈവഭാഷണത്തിന്റെ സാധ്യതയെ നിഷേധിക്കുന്നു. സത്യത്തിന്റെ ഈ നിഷേധം വാസ്തവത്തിൽ ഇസ്‌ലാമിന്റെ നിഷേധവുമാണ്. അവരുടെ ഹൃദയം മൃതപ്പെട്ട നിലയിൽ അവർക്ക് അവരുടെ ഹൃദയത്തിന്റെ യഥാർത്ഥ അവസ്ഥ സാക്ഷാൽക്കരിക്കാൻ സാധ്യമല്ല. (സമീമ ബറാഹീനെ അഹ്മദിയ്യാ, ഭാഗം 5 പേജ് 142 - 143)

അല്ലയോ മുസ്‌ലിംകളേ, ജാഗരൂഗരാകുവിൻ, അത്തരം ചിന്തകൾ തികച്ചും അജ്ഞതയും വിഡ്ഢിത്തവുമാണ്. ഇസ്‌ലാം അത്തരത്തിലുള്ള ഒരു മൃതിപ്പെട്ട മതമാണെങ്കിൽ ഏതൊരു സമുദായത്തെയാണ് നിങ്ങൾക്ക് അതിലേക്ക് ക്ഷണിക്കാൻ കഴിയുക? ഈ മതത്തിന്റെ മൃതശരീരം നിങ്ങൾ ജപ്പാനിലേക്ക് കൊണ്ടുവരുമോ? അത് നിങ്ങൾ യൂറോപ്പിന് സമർപ്പിക്കുമോ? അനുഗ്രഹങ്ങളും ആത്മീയതയും അപഹൃതമായ ഭൂതകാലത്തിലെ മറ്റു മതങ്ങളെപ്പോലെ മൃതിപ്പെട്ട ഒരു മതത്തോട് അനുരക്തി കാട്ടാൻ മാത്രം വിഡ്ഢിത്തം ആർക്കാണുള്ളത്? അത്തരം മതങ്ങളിൽ സ്ത്രീകൾക്കുപോലും ദിവ്യഭാഷണങ്ങൾ ലഭിച്ചിരുന്നു. അതായത് മൂസാനബി (അ) യുടെ മാതാവിനും ഈസാനബി (അ) യുടെ മാതാവിനും വെളിപാടുകൾ ലഭിച്ചിരുന്നു. പക്ഷേ നിങ്ങൾ പുരുഷന്മാരായിരുന്നിട്ടുപോലും ആ സ്ത്രീകൾക്ക് തുല്യരല്ല. അല്ലയോ മൂഢന്മാരും അന്ധന്മാരുമായവരേ, നമ്മുടെ യജമാനനും, പ്രഭുവുമായ പരിശുദ്ധ നബിയുടെ (സ) അദ്ധ്യാത്മിക പ്രഭാവം മറ്റെല്ലാ പ്രവാചകന്മാരേക്കാളും ഉയർന്നുനിൽക്കുന്നു. മറ്റു പ്രവാചകന്മാരുടെ അദ്ധ്യാത്മിക പ്രഭാവം ഒരു പരിധി കഴിഞ്ഞാൽ അസ്തമിക്കുന്നു. ഇപ്പോൾ ആ മതങ്ങളും ആ സമുദായങ്ങളും മൃതപ്രായരാണ്. ആ മതങ്ങളിൽ ജീവചൈതന്യമില്ല. പക്ഷേ, പരിശുദ്ധ നബി (സ) യുടെ ആത്മീയ പ്രഭാവം വിധിനാൾ വരെ നിലനിൽക്കുന്നതാണ്. അതുകൊണ്ട് അദ്ദേഹത്തിന്റെ ജനതക്ക് പുറമെ നിന്നും മസീഹ് വരേണ്ട ആവശ്യമില്ല. പരിശുദ്ധ നബി (സ) യുടെ ഛായയിൽ വളർത്തപ്പെട്ടാൽ വിനീതനായ ഒരാളെപോലും മസീഹായി പരിവർത്തിപ്പിക്കാൻ സാധിക്കും. ഈ വിനീതനിൽ സംഭവിച്ചത് അതാണ്. (ചശ്മെ മസീഹി പേജ് 75)

### അല്ലാഹു മൂന്നു വിധത്തിൽ സംസാരിക്കുന്നു

അല്ലാഹു വഹ്‌യ് മുഖേനെയോ, മറയുടെ പിന്നിൽ നിന്നോ, അവൻ ഇച്ഛിക്കുന്നതിനെ അവന്റെ അനുമതിയോടുകൂടി അറിയിച്ചുകൊടുക്കുന്ന ഒരു ദൂതനെ അയച്ചിട്ടോ അല്ലാതെ ഒരു മനുഷ്യനോടും സംസാരിക്കില്ല.

***വി. ഖുർആൻ (42:51)***

വ്യാഖ്യാനം: ഈ മൂന്നു മാർഗ്ഗേണയുള്ള ദൈവഭാഷണമെല്ലാം ദിവ്യാത്മാക്കളായ വലിമാർക്കുള്ളതാണ്. എന്നാൽ നബിക്ക് പ്രത്യേകമായുള്ളതും വലിമാർക്ക് ഇല്ലാത്തതുമായിരിക്കുന്നത് വഹ്‌യ് മാത്രമാണ്.

*(മുഹ്‌യുദ്ദീനുബ്നു അറബി - അൽഫുതുഹാത്തുൽ മക്കിയ, വാല്യം 188 പേജ് 376)*

ലേഖനം

# അദൃശ്യ കാര്യങ്ങളിലുള്ള വിശ്വാസം

ഖലീഫത്തുൽ മസീഹ് - IV

## മനുഷ്യന്റെ സംവേദനേന്ദ്രിയങ്ങൾക്ക് ഇതുവരെ ഗോചരീഭവിച്ചു കഴിഞ്ഞിട്ടില്ലാത്ത ഭൗതികജ്ഞാനങ്ങളും അദൃശ്യജ്ഞാനങ്ങളാണ് (ഗയ്ബ്)

ദോഷബാധയെ സൂക്ഷിക്കുന്നവർക്ക് ഇത് മാർഗദർശകമാകുന്നു. അദൃശ്യ യാഥാർത്ഥ്യങ്ങളിൽ വിശ്വസിക്കുകയും ചെയ്യുന്നവരത്രെ അവർ) 2:3,4.

ഉപര്യുക്ത ഖുർആനിക സൂക്തം സൂചിപ്പിക്കുന്നതു പോലെ അദൃശ്യ കാര്യങ്ങളിൽ വിശ്വസിക്കുക എന്നത് ഇസ്‌ലാമിന്റെ അടിസ്ഥാന കാര്യമാണ്. കഴിഞ്ഞ അധ്യായത്തിൽ ഉദാഹരണ സഹിതം വിശദീകരിച്ചതുപോലെ ഖുർആൻ യുക്തിയുടെയും ബുദ്ധിയുടെയും ഗ്രന്ഥമാണ്. മനുഷ്യന്റെ ആദർശങ്ങളെയും വിശ്വാസങ്ങളെയും ശക്തി ഉപയോഗിച്ചു നിർബന്ധപൂർവ്വം തിരുത്തുന്നതിനെ ഖുർആൻ അതിശക്തമായി അപലപിക്കുന്നു. അതിനാൽ അദൃശ്യകാര്യങ്ങളിൽ വിശ്വസിക്കുക എന്നു പ്രഖ്യാപിച്ചുകൊണ്ട് ഖുർആൻ അന്ധവിശ്വാസത്തെ പ്രോത്സാഹിപ്പിക്കുന്നുവെന്ന രീതിയിൽ ഈ സൂക്തത്തെ വ്യാഖ്യാനിക്കുന്നത് ഖുർആന്റെ ഈ പ്രഖ്യാപനത്തിന് എതിരായിരിക്കും. നേരെ മറിച്ച് തെളിവുകളുടെ പിൻബലവും സുദൃഢ ന്യായീകരണവുമില്ലാതെ വ്യാജ വിശ്വാസം പുലർത്തുന്നവർ അവിശ്വാസികളാണെന്നാണ് ഖുർആൻ ആരോപിക്കുന്നത്. മാത്രമല്ല, മൃഗീയമായ രീതിയിൽ അന്യരുടെ വിശ്വാസങ്ങളെ മാറ്റുവാൻ ശ്രമിക്കുന്നവരെ ഖുർആൻ ആക്ഷേപിക്കുകയും ചെയ്യുന്നു. അങ്ങനെയെങ്കിൽ പിന്നെ അദൃശ്യകാര്യങ്ങളിൽ വിശ്വസിക്കുക എന്നതിന്റെ വിവക്ഷ എന്താണ്? സവിസ്തരം പ്രതിപാദിക്കപ്പെടേണ്ട ഒരു വിഷയമാണിത്.

ഖുർആന്റെ ഒരു പ്രത്യേക ശൈലിയെന്ന നിലയ്ക്ക് ഈ പ്രയോഗത്തെക്കുറിച്ചു പഠിക്കേണ്ടിയിരിക്കുന്നു. ഇതിന്റെ യഥാർത്ഥ പൊരുൾ മനസ്സിലാക്കുന്നതിൽ വരുത്തുന്ന വീഴ്ച മദ്ധ്യകാലത്തെ വിവിധ ചിന്താസരണികളിൽപ്പെട്ട മുസ്‌ലിം പണ്ഡിതന്മാർ നടത്തിയ ചർച്ചകളിൽ സംഭവിച്ചതുപോലുള്ള ഗൗരവാവഹമായ പ്രത്യാഘാതങ്ങൾക്ക് കാരണമായിത്തീരാവുന്നതാണ്. കർക്കശക്കാരും അനുരഞ്ജന സ്വഭാവമില്ലാത്തവരുമായ ചില മുസ്‌ലിം പണ്ഡിതന്മാർ വിശ്വാസ കാര്യങ്ങളിൽ അല്പം പോലും യുക്തിജ്ഞാനം ഉപയോഗപ്പെടുത്തുന്നത് വിസമ്മതിക്കുന്നവരാണ്. അവരുടെ അഭിപ്രായത്തിൽ വെളിപാടു സത്യങ്ങൾ പര്യാപ്തമായിരിക്കെ, യുക്തിപരമായ പരിശോധനകൾ കൂടാതെ തന്നെ അവ സ്വീകരിക്കപ്പെടേണ്ടതാണ്. ഈ വീക്ഷണത്തെ എതിർക്കുന്നവരാകട്ടെ ഓരോ നിർണ്ണായക ഘട്ടത്തിലും അന്ധമായ വിശ്വാസത്തേക്കാൾ യുക്തിക്ക് മുൻതൂക്കം നൽകികൊണ്ട്, യുക്തി അനുശാസിക്കും വിധം ഉറച്ചു നിൽക്കുവാൻ ബോധിപ്പിക്കുന്ന ധാരാളം ഖുർആനിക സൂക്തങ്ങൾ ഉദ്ധരിക്കുന്നു.

എന്നാൽ എന്താണ് വിശ്വാസം? അന്വേഷണ ബോധത്തെ തൃപ്തിപ്പെടുത്താതെ എങ്ങനെയാണ് വിശ്വസിക്കുക? സകല മതങ്ങളിലുമുൾപ്പെട്ട സാമാന്യജനങ്ങളിൽ ഭൂരിഭാഗവും അവർ വിശ്വസിക്കുന്നതിന്റെ അർത്ഥം ഗ്രഹിക്കാതെയാണ് വിശ്വസിക്കുന്നതെന്നത് ഒരു യാഥാർത്ഥ്യമാണല്ലോ. അവർ എങ്ങനെയോ വിശ്വസിക്കുവാനിടയായി. അതുകൊണ്ട് അവർ വിശ്വസിക്കുന്നു. വിശ്വാസം വെച്ചുപുലർത്തുന്നതിന്റെ കാരണവും അതാണ്.

ഓരോരുത്തരുടെയും വിശ്വാസങ്ങൾ യുക്തിയുമായി തട്ടിച്ചു നോക്കേണ്ടതിന്റെ ആവശ്യകത അനിവാര്യമാക്കിത്തീർക്കുന്ന ഒരു പ്രതിസന്ധിയാണിത്. അവ തമ്മിലുള്ള പാരസ്പര്യംഏത് വിധത്തിലുള്ളതാണെന്ന് നിർണ്ണയം നടത്തേണ്ടത് സർവ്വ പ്രധാനമായിത്തീരുന്നു. ഈ പ്രശ്നത്തെക്കുറിച്ച് 'യൂറോപ്യൻ തത്വചിന്തകൾ' എന്ന അദ്ധ്യായ

ത്തിൽ സവിസ്തരം പ്രതിപാദിച്ചിരിക്കുന്ന സ്ഥിതിക്ക് വീണ്ടും അതിനെക്കുറിച്ചിവിടെ ചർച്ച ചെയ്യുവാൻ നാം മുതിരുന്നില്ല. അതുകൊണ്ട് 'അദൃശ്യം' എന്ന പ്രയോഗത്തെക്കുറിച്ച് കൂടുതൽ വിശദമായ ഒരു തിരിച്ചറിവു നേടുക എന്നത് മാത്രമേ ഇവിടെ അവശേഷിക്കുന്നുള്ളൂ.

ചില വസ്തുക്കളെക്കുറിച്ചുള്ള നമ്മുടെ അജ്ഞത കാരണം അങ്ങനെയൊന്നിന്റെ അസ്തിത്വം തന്നെയില്ലെന്ന് പറയുവാൻ തീർച്ചയായും സാദ്ധ്യമല്ല എന്ന കാര്യം ആദ്യമേ സൂചിപ്പിച്ചു കൊള്ളട്ടെ. അവ നിലവിലുള്ളതായിരിക്കും. ഒരു പക്ഷെ അജ്ഞതയുടെ തിരശ്ശീലക്ക് പിന്നിൽ ഒളിഞ്ഞു കിടക്കുന്നതാവാം. എന്നാൽ ഭാവിയിൽ മനുഷ്യ ഗവേഷണങ്ങൾ മൂലമോ, ദിവ്യ വെളിപാടുകൾ മൂലമോ അദൃശ്യ മണ്ഡലത്തിൽ നിന്നും അവ ദൃശ്യമണ്ഡലത്തിലേക്ക് കടന്നുവരുന്നതാണ്.

അദൃശ്യം എന്ന പദം വിപുലമായ അർത്ഥത്തിൽ, ദൃശ്യമല്ലാത്തതും കേൾക്കാൻ സാദ്ധ്യമല്ലാത്തതുമായ സകലതിനേയും സൂചിപ്പിക്കുന്ന ഒന്നാണ്. മനുഷ്യന്റെ ഇന്ദ്രിയങ്ങളിലൂടെ ഗ്രഹണ സാദ്ധ്യമല്ലാത്ത സകലതും ഇതിന്റെ പരിധിയിൽപെടുന്നു. ഈ അർത്ഥത്തിൽ പഞ്ചേന്ദ്രിയങ്ങളുടെ ഗ്രാഹ്യതക്കപ്പുറമുള്ള സകല അസ്തിത്വ രൂപങ്ങളും അദൃശ്യം എന്നതിൽ ഉൾപ്പെടുന്നുവെന്ന് പറയാവുന്നതാണ്. അദൃശ്യ മണ്ഡലം എന്നെന്നും അപ്രാപ്യമായിത്തന്നെ നിലകൊള്ളണമെന്നില്ല. ഒരു പ്രത്യേക ഘട്ടത്തിൽ അവ അപ്രാപ്യമാണെന്നു മാത്രമേ അതിന്നർത്ഥമുള്ളൂ.

ഭൂതം, വർത്തമാനം, ഭാവി എന്നീ കാലഘട്ടങ്ങളുമായി ബന്ധപ്പെട്ട ഗോചരീയ വസ്തുക്കളെക്കുറിച്ചുള്ള എല്ലാ ജ്ഞാനങ്ങളും ഈ ഗണത്തിൽപ്പെട്ടവയാണ്. മറ്റൊരു പ്രകാരത്തിൽ അസ്തിത്വത്തിലുള്ള ഒരു വസ്തുവിനെക്കുറിച്ചുള്ള ജ്ഞാനം ഒരു നിശ്ചിത കാലഘട്ടത്തിൽ അഗോചരമായിരിക്കാമെങ്കിലും സമയത്തിന്റെ മറ്റൊരു ബിന്ദുവിൽ അത് ഇന്ദ്രിയഗോചരമായിത്തീർന്നേക്കാവുന്നതാണെന്നതു കൊണ്ടു അവയിലും നാം വിശ്വസിക്കേണ്ടിയിരിക്കുന്നു. ഈ വിശ്വാസത്തെ അന്ധമെന്നാക്ഷേപിച്ചു തള്ളിക്കളയാവുന്നതല്ല. അനിഷേധ്യമായ തെളിവുകളുടെ പിൻബലമില്ലാത്ത യാതൊന്നിലും വിശ്വസിക്കുവാൻ ഖുർആൻ വിശ്വാസികളോട് ആവശ്യപ്പെടുന്നുമില്ല. അതിനാൽ ന്യായാന്യായ വിവേചനങ്ങളിലൂടെയും യുക്തിപൂർവ്വമായ ചിന്തകളിലൂടെയും നിഗമനങ്ങളിലൂടെയും കണ്ടെത്താവുന്ന കാര്യങ്ങൾ മാത്രമാണ് അദൃശ്യമെന്ന് കൊണ്ടുദ്ദേശിക്കപ്പെട്ടിരിക്കുന്നത്. നേരിട്ട് ഇന്ദ്രിയഗോചരമല്ലാത്തവയും എന്നാൽ അവയെക്കുറിച്ച് സത്യാപനം ചെയ്യപ്പെടാവുന്നതുമായ കാര്യങ്ങളാണ് അദൃശ്യം എന്ന് നിർവ്വചിക്കപ്പെട്ടിരിക്കുന്നതെന്ന് പ്രത്യേകം ശ്രദ്ധേയമാണ്. ഈ ഖുർആനിക ഉത്തരവിനാധാരമായ അടിസ്ഥാന തത്വങ്ങൾ പൂർണ്ണമായും മനുഷ്യന്റെ അനുഭവജ്ഞാനം കൊണ്ടു ശക്തമാക്കപ്പെട്ടവ തന്നെയാണ്.

പാദാർത്ഥിക രൂപങ്ങളിൽ നില നിൽക്കുന്ന വസ്തുക്കളിൽ നല്ലൊരു ഭാഗം നേരിട്ടു പരിശോധിക്കുവാൻ സാദ്ധ്യമല്ലാത്തവയാണ്. അവയുടെ അസ്തിത്വത്തെക്കുറിച്ചും ഭൗതിക ഗുണങ്ങളെക്കുറിച്ചുമുള്ള ജ്ഞാനം യുക്ത്യാനുസൃത നിഗമനങ്ങൾ കൊണ്ടോ അല്ലെങ്കിൽ അവയെ സങ്കീർണ്ണ ഇലക്ട്രോണിക്ക് ഉപകരണങ്ങളുടെ സഹായത്താൽ ഇന്ദ്രിയഗോചരമാക്കിയോ മാത്രമേ ആർജ്ജിക്കാനാവുകയുള്ളൂ. ന്യൂട്രിനോകളും[1] ആന്റിന്യൂട്രിനോകളും എന്താണ്? ദ്രവ്യവും (Matter) പ്രതിദ്രവ്യവും[2] (Antimatter) എന്താണ്? ബോസോണുകളും[3] ആന്റിബോസോണുകളും എന്താണ്? ഇത്തരം ചോദ്യങ്ങൾക്കുള്ള ഉത്തരം നേരിട്ടുള്ള പരിശോധനകളിലൂടെ ലഭ്യമല്ല. എങ്കിലും അവയുടെ അസ്തിത്വത്തിന്റെ അദൃശ്യലോകം സാർവ്വലൗകികമായി അംഗീകരിക്കപ്പെട്ട ഒരു യാഥാർത്ഥ്യമാണ്.

ഇന്ദ്രിയങ്ങൾ മനുഷ്യമസ്തിഷ്ക്കമാകുന്ന കമ്പ്യൂട്ടറിലൂടെ സംപ്രേക്ഷണം ചെയ്യപ്പെടുന്ന എല്ലാ സന്ദേശങ്ങളും സ്വീകരിക്കുകയും സങ്കലനം ചെയ്യുകയും ചെയ്യുന്ന മനസ്സാണ് ജീവിതത്തിന്റെ പരമമായ സത്ത എന്ന് നാമിവിടെ ഓർക്കേണ്ടതുണ്ട്. മനസ്സ് എന്നത് മനുഷ്യ മസ്തിഷ്ക്കത്തിന്റെ മറ്റൊരു പേരല്ല. അത് മസ്തിഷ്ക്കത്തിന്നതീതവും അതിന്റെ പ്രവർത്തനങ്ങളെ സ്വാധീനിക്കുകയും ചെയ്യുന്നതാണ്.

ബോധത്തിന്റെ-പ്രജ്ഞയുടെ-ആത്യന്തിക സ്ഥാനമാണ് മനസ്സ്. യുക്തിയധിഷ്ഠിതമായ നിഗമനം മനസ്സിന്റെ അത്ഭുതകരമായ കഴിവാണ്. മനസ്സിലേക്ക് വസ്തുതകൾ നൽകപ്പെട്ടിട്ടില്ലാത്ത അവസരങ്ങളിൽ പോലും അത് സാങ്കൽപിക വിവരങ്ങൾ ഉപയോഗിച്ച് അതിന്റെ പ്രവർത്തനം തുടർന്നു കൊണ്ടിരിക്കും. മുമ്പുശേഖരിക്കപ്പെട്ട വിവരങ്ങൾ അയവിറക്കിക്കൊണ്ടു പ്രവർത്തിക്കുവാനുള്ള കഴിവും മനസ്സിനുണ്ട്. തീരുമാനങ്ങൾ കൈക്കൊള്ളുന്നത് മാനസിക തലത്തിലാണ്. മസ്തിഷ്ക്കം ഒരു ഹാർഡ്‌വെയർ ആണ്. ഓർമ്മകളുടെ വെറുമൊരു സംഭരണശാല. കൂടാതെ മനസ്സിന് അനന്തത, അനശ്വരത തുടങ്ങിയ സാങ്കൽപികവും അതിഭൗതികവുമായ കാര്യങ്ങളെക്കുറിച്ചും ചിന്തിക്കുവാനുള്ള കഴിവുണ്ട്. കാര്യകാരണ ബന്ധങ്ങളുടെ പ്രത്യക്ഷത്തിൽ അനന്തമായ സംഭവപരമ്പരകളിലെ ദുർജ്ഞേയത നിർദ്ധരിക്കുവാൻ മനസ്സ് ശ്രമിക്കുന്നു.

ഒരു പ്രത്യേക വസ്തു എവിടെ നിന്നാരംഭിച്ചു? എല്ലാ പ്രാരംഭങ്ങൾക്കുമപ്പുറമെന്ത്? സകല കാരണങ്ങൾക്കും മുമ്പ് ഒരു ആദികാരണമുണ്ടായിരുന്നുവോ? ഉണ്ടായിരുന്നുവെങ്കിൽ ആ ആദി കാരണം സജീവവും സചേതനവുമായിരുന്നുവോ? അതോ നിർജ്ജീവവും ചിന്താശൂന്യവുമായിരുന്നുവോ? ആദികാരണം പ്രജ്ഞാശൂന്യവും നിർജ്ജീവവുമായിരിക്കാൻ സാദ്ധ്യതയില്ലെന്ന യുക്തിസഹമായ തീരുമാനത്തിലാണ് മനസ്സ് ചെന്നെത്തുന്നത്.

മരണത്തിന് ജീവൻ സംജാതമാക്കുവാൻ സാധിക്കുമോ? അബോധാവസ്ഥ സുബോധാവസ്ഥക്ക് ജന്മം നൽകുമോ? കേവല മസ്തിഷ്ക്ക പിണ്ഡം കൊണ്ടല്ലാതെ, മനസ്സ് കൊണ്ടു മാത്രം ഉത്തരം കണ്ടെത്തേണ്ട വിഷയങ്ങളാണിവ.

അങ്ങനെ മനസ്സ് ചിലപ്പോൾ സൈദ്ധാന്തികാഭ്യാസങ്ങളിലൂടെയും മറ്റു ചിലപ്പോൾ വസ്തുതാപരമായ അടിസ്ഥാന വിവരങ്ങൾ സൂക്ഷ്മ പരിശോധന നടത്തിയും നെല്ലും പതിരും വേർതിരിച്ച് യുക്തിയുക്തമായ തീരുമാനം കൈക്കൊള്ളുന്നു. നമ്മോടൊപ്പം സഹവർത്തിക്കുന്ന എല്ലാവിധ വിദ്യുത് കണിക തരംഗങ്ങളേയും മന:ദൃഷ്ട (Visualize) മാക്കുവാൻ നമു ക്ക് കഴിയുന്നു. എന്നാൽ അവയുടെ സാന്നിദ്ധ്യത്തെക്കുറിച്ച് മനുഷ്യന് അവന്റെ കേൾവി, ദർശനം, രുചി, ഗന്ധം അതുമല്ലെങ്കിൽ സ്പർശനം എന്നീ ജ്ഞാനേന്ദ്രീയങ്ങളിലൂടെ മനസ്സിലാക്കുവാൻ ഒരിക്കലും സാദ്ധ്യമല്ല. അവയെ റേഡിയോവിലൂടെയും ടെലിവിഷനിലൂടെയും ദൃശ്യ ശ്രവണ യോഗ്യമായ കമ്പന സിഗ്നലുകൾ ആക്കി മാറ്റിയാൽ മാത്രമേ നമുക്കവയെ കാണുവാനും കേൾക്കുവാനും സാദ്ധ്യമാവുകയുള്ളൂ. എങ്കിൽ പോലും ഈ വൈദ്യുത കമ്പനകോഡുകൾ സാധാരണ ശബ്ദവും ചിത്രങ്ങളും മറ്റു സജീവ പ്രതിഭാസമാക്കി മാറ്റുന്നതിന്റെ പരിപൂർണ്ണത ഉത്തരവാദിത്വം മനുഷ്യമനസ്സിന് തന്നെയാണുള്ളതെന്ന് അന്തിമാപഗ്രഥനത്തിൽ മനസ്സിലാക്കാവുന്നതാണ്. ടെലിവിഷന്റെ പരന്ന പ്രതലത്തിൽ നാം കാണുന്ന കേവലചിത്രങ്ങളേക്കാൾ പ്രത്യക്ഷപ്പെടുന്ന കേവല ദർശന പ്രതിബിംബങ്ങളെക്കാൾ വളരെയേറെ ഭാവാത്മകമായി മനസ്സ് ദർശിക്കുന്നു. ടെലിവിഷൻ ചിത്രങ്ങൾ സാർത്ഥകമായ ഒരു ആശയമായി വികസിക്കുന്നതിന് മുമ്പ് സ്ക്രീനിലെ കാഴ്ചകൾക്കപ്പുറം മനസ്സ് ധാരാളം അദൃശ്യമായ അർത്ഥങ്ങൾ അതിനോട് കൂട്ടിച്ചേർക്കുന്നു.

ഇതുവരെ വിവരിക്കപ്പെട്ട ഉപാധികൾക്കു പുറമെ അദൃശ്യമണ്ഡലത്തിൽ ഒളിഞ്ഞുകിടക്കുന്ന ജ്ഞാനങ്ങൾ വെളിപാടു മുഖേനയും പ്രാപ്യമാകുന്നതാണ്. സകല അറിവുകളുടെയും സ്വീകരണതലമായ മനസ്സിലേക്ക് സംവേദനേന്ദ്രിയങ്ങളിലൂടെയും വെളിപാടുകൾ എന്ന പ്രതിഭാസങ്ങളിലൂടെയും വിവരങ്ങൾ പ്രേഷണം ചെയ്യപ്പെടാവുന്നതാണ്. ഇവ രണ്ടും സംയുക്തമായും സ്വതന്ത്രമായും ഒന്ന് മറ്റൊന്നിന് സഹായകമായും വർത്തിക്കുന്നു. ഉദാഹരണമായി മനുഷ്യഗ്രാഹ്യശക്തിയെ ഉദാത്തവും കൂടുതൽ സംസ്കൃതവുമായ രീതിയിൽ പ്രബുദ്ധമാക്കിക്കൊണ്ട് സംവേദനേന്ദ്രിയങ്ങളിലൂടെ നിരീക്ഷിക്കപ്പെടുന്ന കാര്യങ്ങളെക്കുറിച്ച് കൂടുതൽ മെച്ചപ്പെട്ട അവബോധമുണ്ടാക്കുവാൻ വെളിപാടുകൾ സഹായിക്കുന്നു. സംവേദനേന്ദ്രിയ സന്ദേശങ്ങളിലെ, മറ്റൊരു വിധത്തിലും ഗ്രഹിക്കുവാൻ സാധ്യമല്ലാത്ത, ദുരൂഹതകളെ കൃത്യവും സുവ്യക്തവുമായ നിലയിൽ വ്യാഖ്യാനിക്കുവാൻ വെളിപാടുകൾ മനസ്സിനെ സഹായിക്കുന്നു. അതേസമയം സംവേദനേന്ദ്രിയങ്ങളുടെ സ്മരണാമണ്ഡലത്തിൽ സംഭരിക്കപ്പെട്ടിരിക്കുന്ന വിവരങ്ങൾ, വെളിപാടുകളിലെ സന്ദേശങ്ങളെ കൂടുതൽ സുഗ്രഹമാക്കാൻ അതിന്റെ സ്വീകർത്താവിനെ സഹായിക്കുന്നു. ഇതിനെ ആശ്രയിക്കാതെ അർത്ഥഗർഭമായ വിഷയ ഗ്രഹണം സാധ്യമല്ല. എങ്കിലും, വെളിപാടുകളുടെ നേരിട്ടുള്ള സഹായമില്ലാതെ ത്തന്നെ തന്റെ ഭൗതിക പരിമിതികൾക്കപ്പുറം പ്രാപിക്കുക എന്നത് മനുഷ്യനെ സംബന്ധിച്ചേടത്തോളം ഒട്ടും അസാദ്ധ്യവും അസംഭവ്യവുമായ കാര്യമല്ല. അതേ സമയം മനുഷ്യമനസ്സിന് അതിന്റേതായ പരിമിതികളുമുണ്ട്. ദൈവിക ജ്ഞാന മണ്ഡലത്തിന് സ്ഥലകാലങ്ങളെ അതിജീവിക്കുവനുള്ള കഴിവുണ്ട്. എന്നാൽ മനുഷ്യജ്ഞാനമണ്ഡലത്തിന് അതിനുള്ള കഴിവില്ല. അതിനാൽ മനുഷ്യശക്തിക്കതീതമായ അത്തരം ജ്ഞാനങ്ങൾ ദൈവമിച്ഛിക്കുന്നവരിൽ മാത്രം വർഷിക്കപ്പെടുന്ന ദിവ്യവെളിപാടുകൾ മുഖേന മാത്രമേ ലഭ്യമാവുകയുള്ളൂ. ഖുർആൻ പറയുന്നു.

**മനുഷ്യഗ്രാഹ്യശക്തിയെ ഉദാത്തവും കൂടുതൽ സംസ്കൃതവുമായ രീതിയിൽ പ്രബുദ്ധമാക്കിക്കൊണ്ട് സംവേദനേന്ദ്രിയങ്ങളിലൂടെ നിരീക്ഷിക്കപ്പെടുന്ന കാര്യങ്ങളെക്കുറിച്ച് കൂടുതൽ മെച്ചപ്പെട്ട അവബോധമുണ്ടാക്കുവാൻ വെളിപാടുകൾ സഹായിക്കുന്നു.**

“ ....... അവന്റെ ഗോപ്യമായ അറിവ് ആർക്കും വെളിപ്പെടുത്തിക്കൊടുക്കുന്നതല്ല.

അവൻ തൃപ്തിപ്പെടുന്ന ഒരു ദൂതനല്ലാതെ” (72:27,28)

പ്രവാചകരല്ലാത്തവർക്ക് ദിവ്യസ്വപ്നങ്ങളിലൂടെയും ദർശനരൂപേണയും ശബ്ദരൂപേണയുമുള്ള വെളിപാടുകളിലൂടെ അദൃശ്യജ്ഞാനം ലഭിക്കുവാനുള്ള സാദ്ധ്യത രണ്ടാം സൂക്തം ഒരിക്കലും തള്ളിക്കളയുന്നില്ലെന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. ദൈവദൂതന്മാരല്ലാത്ത സാധാരണക്കാരന് ദൈവജ്ഞാനവിഷയത്തിന്റെ ഔന്നത്യം പ്രാപിക്കുവാനുള്ള സാദ്ധ്യത മാത്രമാണ് ഇവിടെ നിഷേധിക്കപ്പെട്ടിരിക്കുന്നത്. പ്രവാചകന്മാരല്ലാത്തവർക്ക് നൽകപ്പെടുന്ന ജ്ഞാനം വെളിപാടുകളിലൂടെയുള്ളതാണെങ്കിൽ പോലും സ്പഷ്ടതയിലും അസന്ദിഗ്ദ്ധതയിലും, പരിപൂർണ്ണതയിലും ദൈവദൂതന്മാർക്ക് അനുഗ്രഹിച്ചരുളപ്പെടുന്നതിനോട് ഒരു വിധത്തിലും തുല്യമായിരിക്കയില്ലെന്ന വസ്തുതയാണിവിടെ സ്ഥാപിക്കപ്പെട്ടിരിക്കുന്നത്.

പ്രവാചകന്മാർക്ക് മാത്രം നൽകപ്പെടുന്ന ഈ അത്യുൽകൃഷ്ട ജ്ഞാനം ആദ്ധ്യാത്മീക ജ്ഞാനാധിഷ്ഠിതവും മരണാനന്തര ജീവിതത്തെ (പരലോക ജീവിതത്തെ) ക്കുറിച്ചുള്ളതുമായിരിക്കും. ദൈവിക വെളിപാടുകളിൽ ലൗകികജ്ഞാനപരമായ ധാരാളം വിഷ

യങ്ങളും അടങ്ങിയിരിക്കും. ഇത്തരം ലൗകിക ജ്ഞാന പ്രതിപാദനങ്ങൾ പ്രവാചകന്മാരുടെ സത്യസാക്ഷ്യത്തിലും സർവ്വജ്ഞനായ ദൈവത്തിന്റെ അസ്തിത്വത്തിലും വിശ്വാസികൾക്കുള്ള വിശ്വാസം ദൃഢീകരിക്കുന്നതിന് വേണ്ടി മാത്രം സന്ദർഭവശാൽ ഉൾപ്പെടുത്തപ്പെടുന്നവയാണ്. ലൗകിക ജ്ഞാന ഗവേഷണങ്ങളിൽ ദൈവിക വെളിപാടുകളുടെ പിൻബലമില്ലാതെ തന്നെ അദൃശ്യകാര്യങ്ങളെക്കുറിച്ച് അന്വേഷണം നടത്തുവാനുള്ള സ്വാതന്ത്ര്യം മനുഷ്യനുണ്ട്. ദൈവിക സഹായവും അനുമതിയും കൂടാതെ ദൈവിക ജ്ഞാനത്തിന്റെ ചെറിയൊരംശം പോലും പൂർണ്ണമായും ഗ്രഹിക്കുവാനുള്ള മനുഷ്യന്റെ കഴിവിനെയാണ് ഖുർആൻ സംശയാതീതമായി നിരാകരിക്കുന്നത്.

"അവന്റെ അറിവിൽ നിന്ന് അവൻ ഉദ്ദേശിച്ചതല്ലാതെ യാതൊന്നും അവർ പ്രാപിക്കുന്നില്ല" (2:256) എന്ന സന്ദേശം വളരെ വ്യക്തമാണ്. അല്ലാഹു അനുവദിക്കുന്ന ഒരു നിശ്ചിത അളവിൽ മാത്രമേ അജ്ഞേയ മണ്ഡലവുമായി മനുഷ്യന് സമ്പർക്കം പുലർത്തുവാനാവുകയുള്ളൂ. ലൗകികമെന്നു പറയപ്പെടുന്ന ഗവേഷണങ്ങളും പര്യവേക്ഷണങ്ങളും പരിപൂർണ്ണമായും ഭൗതികമല്ല എന്ന സൂചനയും ഇതിലടങ്ങിയിരിക്കുന്നു. നൂതന വിജ്ഞാന വീഥികൾ കാഴ്ച വെക്കുന്ന കാലഘട്ടങ്ങളെല്ലാം ദൈവികാസൂത്രിതവും ദൈവത്താൽ പരികല്പനചെയ്യപ്പെടുന്നവയുമാകുന്നു. ഈ വ്യാഖ്യാനത്തിനുപോൽബലകമായ മറ്റൊരു ഖുർആൻ സൂക്തം കൂടിയുണ്ട്.

"ഒരു വസ്തുവിന്റെയും ഖജനാവ് നമ്മുടെ പക്കൽ അല്ലാതില്ല. നിശ്ചിത അളവിലല്ലാതെ നാം അത് ഇറക്കാറുമില്ല" (15:22)

അദൃശ്യ മണ്ഡലം അതിരുകളില്ലാത്തതും അളവില്ലാത്തതുമാണ്. അതിൽനിന്ന് കാലത്തിന്റെ ആവശ്യവും ആജ്ഞയനുസരിച്ച് ദൈവം നിശ്ചയിച്ചു കണക്കാക്കപ്പെടുന്ന അളവനുസരിച്ച് മാത്രമെ മനുഷ്യനു ലഭിക്കുകയുള്ളൂ എന്ന അത്ഭുതകരമായ സന്ദേശമാണ് ഈ ഖുർആൻ സൂക്തം കാഴ്ചവെക്കുന്നത്. അതിനാൽ ഖുർആനിക പ്രയോഗങ്ങളായ 'അജ്ഞേയം' 'അദൃശ്യം' എന്നിവ അന്ധവിശ്വാസത്തെയും അജ്ഞതയെയും പ്രോത്സാഹിപ്പിക്കുന്നവയല്ല തന്നെ. നേരെ മറിച്ച്, ഇവ മനുഷ്യന് മനസ്സിലാക്കാൻ സാധിച്ചതും താൻ നിരീക്ഷിച്ചറിഞ്ഞതുമായ വസ്തുതകൾ അദൃശ്യമണ്ഡലത്തിലെ വെറുമൊരല്പ ഭാഗം മാത്രമാണെന്ന യാഥാർത്ഥ്യം മനസ്സിലാക്കിക്കൊടുത്തുകൊണ്ട് നിരന്തരാന്വേഷണങ്ങൾക്കുള്ള പ്രേരണ നൽകുകയാണ് ചെയ്യുന്നത്. പ്രകൃതിയുടെ നിഗൂഢതകൾക്കറുതിയില്ല. അതു കാരണം മനുഷ്യന്റെ അന്വേഷണ പ്രവർത്തനങ്ങൾ അനവരതം തുടരേണ്ടിയിരിക്കുന്നു.

*വിവ: കെ. വി. ഈസക്കോയ*

1. *ന്യൂട്രിനോ* (Neutrinos) *ചാർജ് ഇല്ലാത്തതും പിണ്ഡം പൂജ്യവുമായ പ്രകാശവേഗത്തിൽ സഞ്ചരിക്കുന്ന ഒരു മൗലിക കണം.*
2. *പ്രതിദ്രവ്യം* (Antimatter) *പ്രതികണങ്ങളാൽ നിർമ്മിക്കപ്പെട്ട ദ്രവ്യം.*
3. **ബോസോൺ** (Bozon) *മൗലിക കണങ്ങളിൽ ഒന്ന്.*

*കവിത*

# താൻ പാതി ദൈവം പാതി

**കെ. പി. എ. പുന്നോൽ**

നബിതൻ സവിധത്തിൽ വന്നു നിന്നുചൊന്നു;
ഗുരുവേ നമസ്കാരം, നമസ്കാരം പ്രഭോ,
നെരിപ്പോടുപോൽ ചുട്ടുപഴുത്ത മണൽപരപ്പിൽ
ഓടിക്കിതച്ചെത്തിയതെങ്ങനെ ഭവാൻ?
കാലേൽ വന്നതല്ലയീ വിനീതൻ പ്രഭോ
കാലെയൊട്ടകത്തിൽ കരേറിയാഗമിച്ചു ഞാൻ.
ഇവിടെയൊന്നും കാൺമതില്ല നിന്നൊട്ടകത്തെ സഖാവേ,
എവിടെയാണു നിൻ വാഹനം സോദരാ,
എന്നൊട്ടകത്തെ ഭരമേൽപിച്ചു വന്നു ഞാൻ
ബന്ധനം ചെയ്തീടുക നിൻ മൃഗത്തെ മുന്നം
ഭരമേൽപ്പിച്ചീടുക നിൻ ദൈവത്തിൽ പിന്നെ
സൂക്ഷിച്ചീടുക നാം നമ്മളെത്തന്നെയെന്നാൽ
സൂക്ഷിച്ചിടും ദൈവം നമ്മെ നൂനം.

ലേഖനം

# ദൃശ്യ പ്രപഞ്ചവും ദൈവത്തിന്റെ സാന്നിദ്ധ്യവും

മഹ്മൂദ്, കൽക്കുളം

**സ്ഥൂല പ്രപഞ്ചത്തെ ചൂണ്ടിക്കാട്ടി ദൈവത്തിലേക്ക് മനുഷ്യനെ ക്ഷണിക്കുക ഖുർആന്റെ ഒരു ശൈലിയാണ്.**

ദൃശ്യപ്രപഞ്ചം ദൈവത്തിന്റെ സൃഷ്ടികർമ്മങ്ങളുടെ പ്രകടമായ രൂപമാകുന്നു. പ്രപഞ്ച സംവിധാനത്തിന്റെ അത്ഭുതകരമായ പ്രവർത്തനവും അടുക്കും ക്രമവും ദൈത്തിന്റെ നിറഞ്ഞ സാന്നിദ്ധ്യത്തെയാണ് പ്രതിഫലിപ്പിച്ചു കാണിക്കുന്നത്. ദൃശ്യലോകത്തിൽ കാണപ്പെടുന്ന വൈവിധ്യമാർന്ന സൃഷ്ടി വിശേഷങ്ങൾ സൃഷ്ടികർത്താവിന്റെ സത്തയെയും സൃഷ്ടി വൈഭവത്തെയും അരക്കിട്ടുറപ്പിക്കാൻ പര്യാപ്തമാണ്. അത്യന്തം കണിശതയോടെ സജ്ജീകരിക്കപ്പെട്ട അനന്ത കോടി താരാപഥങ്ങളും അനുയോജ്യമായ നിലയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന അനേകലക്ഷം ജീവജാലങ്ങളും വിസ്മയജന്യമായ അവയുടെ പ്രകൃതിയും വിളിച്ചോതുന്നത്, ഇവയെല്ലാം മനുഷ്യാതീതമായ ഒരു മഹാശക്തിയുടെ നിയന്ത്രണത്തിലും പരിരക്ഷണത്തിലുമാണെന്നു തന്നെയാണ്. കുറ്റമറ്റതും വ്യവസ്ഥാപിതവുമായ ദൈവത്തിന്റെ സൃഷ്ടി വൈഭവത്തെക്കുറിച്ച് പരിചിന്തനം നടത്തുവാൻ വി. ഖുർആൻ ആഹ്വാനം ചെയ്യുന്നുണ്ട്. “ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പിലും രാവും പകലും മാറിവരുന്നതിലും മനുഷ്യർക്ക് പ്രയോജനപ്രദമായ വസ്തുക്കളും കൊണ്ട് കടലിൽ സഞ്ചരിക്കുന്ന കപ്പലുകളിലും മേഘങ്ങളിൽ നിന്ന് വെള്ളമിറക്കി ഭൂമിയെ അത് നിർജ്ജീവമായി കിടന്നശേഷം സജീവമാക്കുകയും അതിൽ എല്ലാ ജീവജാലങ്ങളെയും വ്യാപിപ്പിക്കുകയും ചെയ്തിട്ടുള്ളതിലും കാറ്റുകളുടെ ഗതിവിഗതികളിലും, ആകാശ ഭൂമികൾക്കിടയിൽ അധീനമാക്കപ്പെട്ടിട്ടുള്ള മേഘങ്ങളിലും ബുദ്ധി ഉപയോഗിക്കുന്ന ജനങ്ങൾക്ക് നിശ്ചയമായും പലവിധ ദൃഷ്ടാന്തങ്ങളുമുണ്ട്.” (വി. ഖുർആൻ 2:165). “ഒട്ടകങ്ങളിലേക്ക് അവർ നോക്കുന്നില്ലേ? അവ എങ്ങനെ സൃഷ്ടിക്കപ്പെട്ടുവെന്ന്. ആകാശത്തിലേക്ക് അവർ നോക്കുന്നില്ലേ? അതെങ്ങനെ ഉയർത്തപ്പെട്ടുവെന്ന്. പർവ്വതങ്ങളിലേക്ക് അവർ നോക്കുന്നില്ലേ? അതെങ്ങനെ നാട്ടി നിറുത്തപ്പെട്ടിരിക്കുന്നുവെന്ന്. അവർ ഭൂതലത്തിലേക്കും നോക്കുന്നില്ലേ? അതെങ്ങനെ വിരിക്കപ്പെട്ടിരിക്കുന്നുവെന്ന്. അതിനാൽ, നീ ഉപദേശിക്കുക. നിശ്ചയമായും നീ ഉപദേശിക്കുന്നവൻ മാത്രമാണ്. നീ അവരുടെ മേൽ അധികാരം നടത്തുന്നവനല്ല.” (വി. ഖുർആൻ 18-24).

ദൈവിക സൃഷ്ടിപ്പിന്റെ പവിത്രതയെക്കുറിച്ച് വാഗ്ദത്ത മസീഹ് (അ) ഇങ്ങനെ വിവരിക്കുന്നു: “മനുഷ്യൻ തുടങ്ങി കരയിലും കടലിലും വായു മണ്ഡലത്തിലുമുള്ള എല്ലാ ജീവികളുടെയും ശരീരഘടന പരിശോധിക്കുകയും അവയുടെ പ്രകൃതിയെക്കുറിച്ചു ചിന്തിക്കുകയും ചെയ്യുന്നതായാൽ എല്ലാം അവയുടെ പ്രകൃതിക്ക് യോജിച്ചവിധം സൃഷ്ടിക്കപ്പെട്ടിരിക്കുന്നതായി കാണാം. ഈ വിഷയം ഓരോരുത്തർക്കും ചിന്തിച്ചുനോക്കുവാൻ മാത്രം വിപുലതരമായിട്ടുള്ളതാണ്.” (ഇസ് ലാം മത തത്ത്വജ്ഞാനം, പുറം 96)

### ദൈവത്തിന്റെ ദൃഷ്ടാന്തങ്ങൾ

വി. ഖുർആൻ അനന്തമായ അക്ഷയ ജ്ഞാനങ്ങളുടെ ഒരു പ്രപഞ്ചമാകുന്നു. ജ്ഞാന വിജ്ഞാനങ്ങളുടെ നിധി ശേഖരമാണ്. മനുഷ്യബുദ്ധിയുടെ വികാസഗതിയ്ക്കനുസരിച്ച് അതാത് കാലഘട്ടങ്ങൾക്കനിവാര്യമായ വിധത്തിലുള്ള അറിവുകൾ അതിൽ നിന്നും പുറത്തു വന്നുകൊണ്ടിരിക്കുന്നുമുണ്ട്. അതുകൊണ്ടാണ് ഖുർആനിലെ സൂക്തങ്ങളോരോന്നും ആയത്തുകളായി (ദൈവിക ദൃഷ്ടാന്തങ്ങൾ) വിവ

ന്നവരുമായ (ബുദ്ധിമാന്മാർ). ഞങ്ങളുടെ നാഥാ! നീ ഇതെല്ലാം വ്യർത്ഥമയിട്ടല്ല സൃഷ്ടിച്ചത്. (അത്തരം നിഷ്പ്രയോജനമായ പ്രവൃത്തികളിൽ നിന്ന്) നീ പരിശുദ്ധനാണ്, അതിനാൽ നീ ഞങ്ങളെ നരക ശിക്ഷയിൽ നിന്നും രക്ഷിക്കേണമേ. ഞങ്ങളുടെ നാഥാ, നീ ആരെയെങ്കിലും നരകത്തിൽ പ്രവേശിപ്പിക്കുന്നതായാൽ നീ അവനെ തീർച്ചയായും നിന്ദ്യനാക്കിക്കഴിഞ്ഞു. അക്രമികൾക്ക് സഹായികളാരും ഇല്ല തന്നെ" (3:191-193). ഉപര്യുധൃത വചനങ്ങളിൽ പ്രപഞ്ച സംവിധാനത്തെ രണ്ട് തരമായി ഭാഗിച്ചുകൊണ്ട് വിചിന്തനം ചെയ്യുവാൻ അഹ്വാനം ചെയ്തിരിക്കുകയാണ്. ഒന്ന് - ആകാശ ഭൂമിയുടെ സൃഷ്ടിപ്പ്. രണ്ട് - രാപകലുകളുടെ വ്യതിയാനം ; അഥവാ കാലത്തിന്റെ മാറ്റം. ആകാശ ഭൂമികളുടെ സൃഷ്ടിപ്പ് അതിവിദഗ്ദ്ധനായ സൃഷ്ടികർത്താവിന്റെ ആസ്തിക്യത്തെ ഉറപ്പിക്കുന്നതിന് പര്യാപ്തമാണെന്നതുപോലെ രാവും പകലും മാറി മാറിക്കൊണ്ടേയിരിക്കുന്നത് സർവ്വശക്തനായ ദൈവത്തിലേക്ക് തന്നെയാണെത്തിക്കുന്നത്. എന്തുകൊണ്ടെന്നാൽ, മനുഷ്യന്റെ നിലനില്പിന്നനുപേക്ഷണീയമായ ചില സസ്യലതാദികളുടെയും ജീവികളുടെയും വളർച്ചക്ക് രാത്രിയുടെ ഇരുട്ടും ഹ്രസ്വതയും ആവശ്യമാണ്. മറ്റു ചിലതിന്റെ വികാസത്തിന് പകലിന്റെ വരവ്, അഥവാ സൂര്യപ്രകാശം അനിവാര്യമാകുന്നു. രാവും പകലും മാറി മാറി വരുന്ന കുറേ കാലങ്ങളടങ്ങിയ രണ്ടവസ്ഥകളെയും ആശ്രയിച്ചു നിൽക്കുന്നവയുമുണ്ട്. ചുരുക്കത്തിൽ രാപലുകളുടെ ചലനാത്മകതയാണ് പ്രപഞ്ച വസ്തുക്കളുടെ ജീവിത വികാസവും സന്തുലിതാവസ്ഥയും നിലനിറുത്തുന്നത്.

## ബുദ്ധിമാന്മാരുടെ പ്രാർത്ഥന

സൃഷ്ട വസ്തുക്കളിലോരോന്നിലും ദൈവത്തിന്റെ സൗന്ദര്യവും അവന്റെ സൃഷ്ടി വൈഭവവും ദർശിക്കുന്നതിന്റെ ഫലമായി നിന്നും ഇരുന്നും സ്വപാർശ്വങ്ങളിൽ ശയിച്ചും സദാ ദൈവധ്യാനത്തിലധിഷ്ഠിതമായ പര്യാലോചനയിൽ മുഴുകിയവരായിരിക്കും യഥാർത്ഥ ബുളാകുന്നു. ദൈവത്തിന്റെ വചനങ്ങളെയും പ്രപഞ്ച പ്രതിഭാസങ്ങളെയും സൂചിപ്പിക്കുവാൻ 'ആയത്ത്' എന്ന പദം തന്നെ പ്രയുക്തമായത് ചിന്തനീയമാണ്. അവ രണ്ടിലും വൈരുദ്ധ്യം ദർശിക്കുവാൻ നിർവ്വാഹമില്ല. ദൈവത്തിന്റെ സൃഷ്ടികർമ്മം അന്യൂനവും അത്ഭുതകരവുമായിരിക്കുന്നതുപോലെ തന്നെ അവന്റെ വചനങ്ങളും അന്യൂനവും അത്ഭുതകരവുമാണ്.

" പരമ കാരുണികനായ അല്ലാഹുവിന്റെ സൃഷ്ടികർമ്മത്തിൽ ഒരു ക്രമക്കേടും നീ കാണുകയില്ല. നീ വീണ്ടും നോക്കുക. വല്ല വിടവും കാണുന്നുണ്ടോ? ഇനിയും രണ്ട് പ്രാവശ്യം കണ്ണോടിച്ചു നോക്കുക. കണ്ണ് പരാജയപ്പെട്ട് ക്ഷീണിച്ചുകൊണ്ട് നിന്നിലേക്കു തിരച്ചുവരും." (വി. ഖുർആൻ 67:4,5). "ഭൂമിയിലുള്ള വൃക്ഷങ്ങളെല്ലാം പേനകളും സമുദ്രം (മഷിയും) ആവുകയും അതിന് പുറമെ ഏഴു സമുദ്രങ്ങൾ (മഷിയായി) അതിനെ പോഷിപ്പിക്കുകയും ചെയ്താൽപ്പോലും അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ (എഴുതി) ത്തീരുകയില്ല. അല്ലാഹു വളരെ കേൾക്കുന്നവനും എല്ലാം കാണുന്നവനുമാകുന്നു." (വി. ഖു. 31:28)

## ദൈവത്തിലേക്കുള്ള ചൂണ്ടുപലക

സൂക്ഷ്മ വിശകലനത്തിൽ ദൃശ്യലോകത്തിലെ ഓരോ വസ്തുവിന്റെയും അസ്തിത്വം ദൈവത്തിന്റെ സത്തയിലേക്കും അവന്റെ വിശേഷ ഗുണങ്ങളിലേക്കുമാണ് മനുഷ്യനെ വഴി നയിക്കുന്നത്. അവ ഓരോന്നും ഓരോ അടയാളവുമാകുന്നു. വിശുദ്ധഖുർആൻ പറയുകയാണ്.

"ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പിലും രാവും പകലും മാറി മാറി വരുന്നതിലും തീർച്ചയായും ബുദ്ധിമാന്മാർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്. നിന്നും ഇരുന്നും തങ്ങളുടെ പാർശ്വങ്ങളിൽ കിടന്നും അല്ലാഹുവിനെ സ്മരിച്ചുകൊണ്ടിരിക്കുകയും ആകാശ ഭൂമികളുടെ സൃഷ്ടിപ്പിനെസ്സംബന്ധിച്ചു ചിന്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുരിക്കപ്പെട്ടിരിക്കുന്നത്. ദൃശ്യപ്രപഞ്ചത്തിലെ അത്ഭുതകരമായ അസംഖ്യം പ്രതിഭാസങ്ങളെപ്പറ്റി പരിചിന്തനം ചെയ്യുമ്പോൾ അവയും ദൈവിക ദൃഷ്ടാന്തങ്ങളാണെന്ന് കാണാം. അഥവാ ഖുർആനിക സൂക്തങ്ങളിലൂടെ വെളിപ്പെട്ടിരിക്കുന്ന സർവ്വജ്ഞനും നിസ്തുലനും സർവ്വാധിനാഥനുമായ ദൈവത്തിന്റെ പ്രവൃത്തികളുടെ പ്രകടനമാണ് പ്രപഞ്ച സംവിധാനം. വിശുദ്ധഖുർആൻ പറയുകയാണ്: "സൂര്യന് ചന്ദ്രനെ എത്തിപ്പിടിക്കുവാൻ കഴിയുകയില്ല. രാത്രിക്ക് പകലിനെ അതിക്രമിക്കുവാനും കഴിയുകയില്ല; എല്ലാ ഗ്രഹങ്ങളും നിശ്ചിത പഥങ്ങളിൽ സഞ്ചരിക്കുന്നു." (36:41). ഈ സൂക്തത്തെ വാഗ്ദത്ത മസീഹ് (അ) വിശദീകരിക്കുന്നു. " ഈ ഗോളങ്ങളിൽ ഒന്നും തന്നെ അതിന്റെ സഞ്ചാര പഥത്തിൽ നിന്നു വ്യതിചലിക്കുന്നില്ല. അവയ്ക്ക് ഒരു നിയാമകനില്ലായിരുന്നുവെങ്കിൽ അവ നാനാ വിധങ്ങളായി ചരിച്ചു ക്ഷണേന നശിച്ചു പോകുമായിരുന്നു. ഈ തെളിവ് പ്രകൃതി തത്ത്വ ചിന്തകന്മാർക്ക് ഉപയോഗപ്രദമായിട്ടുള്ളതാണ്. ആകാശത്തിൽ ചരിച്ചുകൊണ്ടിരിക്കുന്ന അസംഖ്യങ്ങളായ വിപുലഗോളങ്ങൾക്ക് സ്വല്പമായ ഗതി വൈകല്യം സംഭവിക്കുകയാണെങ്കിൽ മുഴുലോകവും താറുമാറായിപ്പോകുന്നതാണ്. അങ്ങനെയുള്ള ഈ ഗോളങ്ങൾ പരസ്പരം മുട്ടുകയോ അവയുടെ ഗതിക്ക് ലേശമെങ്കിലും വ്യത്യാസം വരുകയോ നിരന്തരമായ ചലനം മൂലം അവയ്ക്ക് തേയ്മാനം വരുകയോ രൂപ വൈകല്യം സംഭവിക്കുകയോ ചെയ്യാതെ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളത് എത്ര മാത്രം അത്ഭുതാവഹമാണ്! അത്യന്തം വിപുലമായ ഈ യന്ത്ര വിശേഷം സർവ്വ സമർത്ഥനായ ഒരു യാന്ത്രികന്റെ നിയന്ത്രണത്തിന് വിധേയമായിരുന്നില്ലെങ്കിൽ സംഖ്യാതീതമായ ഈ കാലമത്രയും ഒരു ക്രമക്കേടും കൂടാതെ എങ്ങനെയാണ് സ്വയം പ്രവർത്തിക്കാൻ കഴിയുമായിരുന്നത്?" (ഇസ്ലാം മത തത്ത്വജ്ഞാനം, പുറം 97-98) ദൈവത്തിന്റെ വചനങ്ങളും അവന്റെ പ്രവൃത്തികളും പരസ്പര പൂരകങ്ങളും ഏകോന്മുഖങ്ങ

ദ്ധിജീവികൾ. ദൈവവിചാരശൂന്യമായ ചിന്തയിൽ ലയിച്ചവന് വസ്തുക്കളുടെ ബാഹ്യമായ സൗന്ദര്യം മാത്രമെ ആസ്വദിക്കാനാവുകയുള്ളൂ. എന്നാൽ മുഴു പ്രപഞ്ചത്തിലെയും വസ്തുക്കളിൽ ബാഹ്യ സൗന്ദര്യത്തിന്നപ്പുറം ദിവ്യജ്ഞാനത്തിന്റെ അറ്റമില്ലാത്ത ഉറവിടം തന്നെ സ്ഥിതി ചെയ്യുന്നുണ്ട്. ദൈവത്തെ മാറ്റിനിറുത്തിക്കൊണ്ടുള്ള ചിന്തകന് അത് പക്ഷെ കണ്ടെത്താനാവുകയില്ല. അതിനാൽ യഥാർത്ഥ ബുദ്ധിമാന്മാർ ഉപരിപ്ലവമായ ആസ്വാദനത്തിൽ തൃപ്തരാവാതെ ദിവ്യജ്ഞാനത്തിന്റെ ഉറവിടം വരെ എത്താൻ പരിശ്രമിക്കുന്നു. അവർ ഇങ്ങനെ പ്രാർത്ഥിക്കുന്നു. "നാഥാ! ഇതെല്ലാം നീ വൃഥാ സൃഷ്ടിച്ചതല്ല. നീ അങ്ങനെയുള്ള നിരർത്ഥകമായ കർമ്മങ്ങളിൽ നിന്ന് പരിശുദ്ധനാണ്. നീ ഞങ്ങളെ നരകശിക്ഷയിൽ നിന്ന് രക്ഷിക്കേണമേ. ആരെ നീ നരകത്തിൽ പ്രവേശിപ്പിച്ചുവോ അവനെ നീ നിന്ദ്യനാക്കിക്കഴിഞ്ഞു." സൃഷ്ടവസ്തുക്കളുടെ തത്വസാരങ്ങളെക്കുറിച്ചുള്ള വിചിന്തനത്തിന്റെ ഫലമായി അവയെല്ലാം സോദ്ദേശ്യത്തോടെ സൃഷ്ടിക്കപ്പെട്ടതാണെന്ന നിഗമനത്തിലെത്തുന്ന ബുദ്ധിമാന്മാർ ഉടനെ തന്നെ തങ്ങളുടെ അസ്തിത്വത്തെക്കുറിച്ചും ചിന്തിക്കുന്നു. ഭൂലോകത്തിന്റെ സാരാംശം മനുഷ്യനാണെന്നവർ കണ്ടെത്തുന്നു. അഥവാ, അതിമഹത്തായ ലക്ഷ്യത്തോടു കൂടി സൃഷ്ടിക്കപ്പെട്ടിരിക്കുന്ന മനുഷ്യനുമായി തുലനം ചെയ്യുമ്പോൾ ഭൂലോക വസ്തുക്കൾക്കൊന്നും വലിയ പ്രസക്തിയില്ല. ഏറ്റവും ശ്രേഷ്ഠവും ഉന്നതവുമായ ലക്ഷ്യമാണ് മനുഷ്യന് വേണ്ടി നിശ്ചയിക്കപ്പെട്ടിരിക്കുന്നത്. പ്രസ്തുത ലക്ഷ്യം സഫലമാക്കാൻ ശ്രമിക്കാത്തവർ ഒരു തരം നരകാഗ്നിയിൽ തന്നെയായിരിക്കും. അതിനാൽ ആ നരകാഗ്നിയിൽ അകപ്പെടാതിരിക്കാനുള്ള ബന്ധപ്പാടിലും പ്രാർത്ഥനയിലുമായിരിക്കും യഥാർത്ഥ വിവേകശാലികൾ. ചുരുക്കത്തിൽ പ്രപഞ്ച രഹസ്യങ്ങളുടെ തത്വസാരങ്ങളിലേക്ക് വെളിച്ചം വീശിക്കൊണ്ട് ദൈവത്തിന്റെ സൃഷ്ടിമാഹാത്മ്യവും ദൈവിക സായൂജ്യ സംപ്രാപ്തിക്കുള്ള മാർഗവും മേലുദ്ധരിച്ച ഖുർആനിക സൂക്തങ്ങളിൽ സവിസ്തരം പ്രതിപാദിക്കപ്പെട്ടിരിക്കുകയാണ്. പ്രസ്തുത വചനങ്ങൾക്ക് അഹ്മദിയ്യാ ജമാഅത്തിന്റെ നാലാം ഖലീഫ ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്) നൽകിയ വിശദീകരണത്തിന്റെ ഒരു ഭാഗം ഇവിടെ കുറിക്കുന്നു:

"ദൈവ സ്മരണകൊണ്ടുള്ള ഉദ്ദേശം നാവു കൊണ്ടുമാത്രം ദൈവത്തെ സ്തുതിക്കലോ. ഏതാനും ചില വചനങ്ങൾ ഉരുവിട്ടു കൊണ്ടിരിക്കലോ അല്ല. എല്ലാ വസ്തുക്കളിലും തങ്ങളുടെ നാഥന്റെ മുഖം ദർശിക്കുന്ന തരത്തിലുള്ള ഒരവസ്ഥ മനുഷ്യൻ അവന്റെ ബുദ്ധിയിലും ഹൃദയത്തിലുമുണ്ടാക്കുക എന്നതാണ് അതിന്റെ താല്പര്യം. ദൈവ സ്മരണയിൽ നിന്ന് അശ്രദ്ധരായിക്കൊണ്ട് പ്രപഞ്ച രഹസ്യങ്ങളെക്കുറിച്ച് പര്യവേക്ഷണം ചെയ്യുന്ന ഭൗതിക വാദികളുടെ മുഴുവൻ ശ്രമവും അവരെ നരകത്തിലേക്കാണ് വലിച്ചിഴച്ചു കൊണ്ടുപോകുന്നതെന്ന ദു:ഖസത്യമാണ് നമുക്കിന്ന് കാണാൻ കഴിയുന്നത്. ദൈവ വിചാരത്തിൽ നിന്ന് അകന്നുകൊണ്ടുള്ള അവരുടെ അക്ഷീണ പരിശ്രമത്തിന്റെ അനന്തര ഫലം ഒന്നാം ലോക മഹായുദ്ധത്തിന്റെ രൂപത്തിൽ പ്രത്യക്ഷപ്പെട്ടു. പിന്നീടത് രണ്ടാം ലോക മഹായുദ്ധത്തിന്റെ അഗ്നികുണ്ഡത്തിൽ ലോകത്തെ തള്ളിയിട്ടു. ഇപ്പോൾ മൂന്നാം ലോക മഹായുദ്ധം അതിന്റെ മുഴുവൻ നശീകരണാത്മകമായ ആയുധങ്ങളോടും മനുഷ്യകുലത്തിന്റെ തലക്ക് മീതെ തൂങ്ങി നിൽക്കുകയാണ്. അതിനെക്കുറിച്ചുള്ള ഭീതി മനുഷ്യഹൃദയങ്ങളിൽ നിന്ന് ശാന്തിയും സമാധാനവും ഇല്ലാതാക്കിയിരിക്കുന്നു. ഇതെല്ലാം ദൈവസ്മരണയിൽ നിന്ന് മുഖം തിരിച്ചതിന്റെ ഫലമാണ്. യഥാർത്ഥ ലക്ഷ്യത്തിൽ എത്തുന്നവരും പര്യവസാനം ഗുണത്തിലായിത്തീരുന്നുവരും 'ഉലുൽ അൽബാബ്' യഥാർത്ഥ ബുദ്ധിമാന്മാർ മാത്രമായിരിക്കുമെന്ന ഖുർആനിക സത്യമാണ് ഇതെല്ലാം വ്യക്തമാക്കിത്തരുന്നത്. തനിക്കും മനുഷ്യസമുദായത്തിനും പ്രയോജനകരമായ കാര്യങ്ങളായിരിക്കണം സത്യവിശ്വാസികൾ പ്രപഞ്ച വസ്തുക്കളിൽ നിന്ന് കണ്ടുപിടിക്കേണ്ടത്. ദൈവസ്മരണയോടുകൂടി പ്രപഞ്ച രഹസ്യങ്ങളെക്കുറിച്ച് ഗവേഷണം ചെയ്യാൻ ശ്രമിക്കുകയാണെങ്കിൽ പ്രപഞ്ചം നിങ്ങളുടെ സമീപത്തേക്ക് ഓടിവരുന്നതാണ്. മഹത്തായ വിജയം കൈവരണമെങ്കിൽ ദൈവസ്മരണ അനിവാര്യമാണ്. സമുദായത്തിന്റെ പുരോഗതിയുടെ രഹസ്യവും ഇതുതന്നെയാണ്. മേൽ ഖുർആനിക വചനങ്ങളുടെ താല്പര്യം, ദൈവസ്മരണയോടുകൂടി ആരംഭിക്കുന്ന പ്രപഞ്ച രഹസ്യന്വേഷണയാത്ര അവസാനം ചെന്നെത്തുന്നതും ദൈവസ്മരണയിൽത്തന്നെയായിരിക്കുമെന്നാണ്. അങ്ങനെ മനുഷ്യൻ ദൈവ വിചാരത്തിൽ പുരോഗമിച്ചുകൊണ്ടേ പോകുന്നതായിരിക്കും. ഇനി ഗവേഷണ യാത്ര ദൈവ വിചാരമില്ലാതെയാണ് ആരംഭിക്കുന്നതെങ്കിൽ ഭൗതികമായ സൗന്ദര്യം അവനെ അതിന്റെ ഭാഗത്തേക്ക് ആകർഷിക്കുകയും അവസാനം അവൻ വഴികേടിലും നാശത്തിലും ആപതിക്കുകയും ചെയ്യും" (ബദർ -1982).

## ദൈവം ആദികാരണം

ഗോചരാഗോചരങ്ങളായ സകല വസ്തുക്കളും കാര്യകാരണവ്യവസ്ഥിതിയോടു സംഘടിതങ്ങളായിരിക്കുന്നു എന്ന സംഗതി സൂക്ഷ്മനിരീക്ഷണം കൊണ്ടു കാണാവുന്നതാണ്. ഈ വ്യവസ്ഥയുടെ സാർവ്വത്രികമായ പ്രവർത്തനമാണ് നാം കാണുന്ന വിവിധങ്ങളായ ശാസ്ത്രങ്ങളുടെയും തത്ത്വജ്ഞാനങ്ങളുടെയും ഉൽപത്തിയ്ക്കും വളർച്ചയ്ക്കും കാരണമായിരിക്കുന്നത്..... സ്വയം സ്ഥിതിചെയ്യുന്നതായ ആദികാരണമൊഴികെ എല്ലാ ഓരോ കാരണവും മറ്റൊരു കാരണത്തെ അവലംബിച്ചിരിക്കും.

*ഹസ്റത്ത് അഹ്മദ് (അ) ഇസ്‌ലാം മതതത്ത്വജ്ഞാനം*

# മൂസാനബി (അ) ഇസ്രായീല്യനല്ലന്നോ!!?

ഹസ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

## മോശെ ഈജിപ്തുകാരനായിരുന്നുവെന്നും ഇസ്രായീല്യനല്ലായിരുന്നുവെന്നുമുള്ള വിശ്വപ്രശസ്തനായ മനഃശാസ്ത്രജ്ഞൻ ഫ്രോയിഡിന്റെ വാദത്തിനൊരു ഖണ്ഡനം

ജൂതമതസ്ഥാപകനായ മോശെ യേശുവിന് 1400 വർഷങ്ങൾക്ക് മുമ്പാണ് ജീവിച്ചത്. അദ്ദേഹം ഒരു ന്യായ പ്രമാണത്തോടു കൂടിയ പ്രവാചകനും മഹത്തായ ഒരു മത വ്യവസ്ഥയുടെ സ്ഥാപകനുമായിരുന്നു. മോശെ എന്ന പേര് ഒരു ഹിബ്രു പദമാണ്. അതിന് ഹിബ്രു, അറബി ഭാഷകളിൽ വ്യക്തമായ ശബ്ദോല്പത്തിയുണ്ട്. ഹിബ്രുവിൽ അതുച്ചരിക്കപ്പെടുന്നതും എഴുതപ്പെടുന്നതും മോശെ (Moshe) എന്നാണ്. അതിന്റെ അർത്ഥം "വെള്ളത്തിൽ നിന്നും എടുക്കപ്പെട്ട ഒരു വസ്തു" അഥവാ "വെള്ളത്തിൽ നിന്നും രക്ഷിക്കപ്പെട്ടത്" എന്നാണ്. (Enc. Bib) വിശുദ്ധ ഖുർആൻ 2:54 കാ ണുക.

എന്നാൽ അംഗീകൃതമായ ചരിത്ര നിയമങ്ങൾക്കെതിരായി, മോശെ ഒരു ഇസ്രായീല്യനല്ലെന്നും അദ്ദേഹം ഹിബ്രു പാരമ്പര്യത്തിലുള്ള ആളല്ലെന്നുമുള്ള വിചിത്രമായ ഒരു സിദ്ധാന്തമാണ് ഫ്രോയിഡ് തന്റെ "മോശെയും ഏകദൈവ വിശ്വാസവും" എന്ന ഗ്രന്ഥത്തിൽ മുന്നോട്ടു വെച്ചിരിക്കുന്നത്. മാത്രമല്ല, ഈസ്രായീല്യർ ഈജിപ്തിൽ വസിച്ചിട്ടേയില്ലെന്നും അദ്ദേഹം വാദിക്കുന്നു.

വിചിത്രവും അടിസ്ഥാനരഹിതവുമായ തന്റെ വാദത്തിന്നാധാരമായി അദ്ദേഹം താഴെക്കൊടുത്ത കാരണങ്ങൾ ഉന്നയിക്കുന്നു.

### ഫ്രോയിഡിന്റെ വാദങ്ങൾ

1) മോസസ് എന്നത് ഒരു ഈജിപ്ഷ്യൻ നാമമാണ്.

2) 'ദൈവത്തിന്റെ ഏകത്വം' എന്ന ആശയം ഉടലെടുത്തത് ഈജിപ്തിൽ നിന്നാണ്. പുരാതന ഈജിപ്തിലെ ഒരു രാജാവായിരുന്ന ഇഖ്നെത്തൻ അഥവാ അഖെനെത്തൻ (Akhenaten) ആണ് ഈ ആശയം ആദ്യമായി മനസ്സിലാക്കി സ്വീകരിച്ചത്. ഒരു ഈജിപ്തുകാരനായ മോസസ് തന്നെ ഈ ആശയം ഈജിപ്തുകാരിൽ നിന്ന് കടമെടുത്തതും ഇസ്രായീല്യർക്കിടയിൽ പ്രബോധിച്ചതുമാണ്.

3) ഈജിപ്തുകാരനായ മോസസ് ചേലാകർമ്മമെന്ന ഈജിപ്തിലെ സമ്പ്രദായം മതപരമായ ഒരു ആചാരമായി ഇസ്രായീല്യർക്കിടയിൽ പ്രചരിപ്പിച്ചതാണ്

4) ഈജിപ്തിലെ രാജാവായിരുന്ന അഖെനതെന്റെതു പോലെ മോസസിന്റെ അദ്ധ്യാപനങ്ങളിലും മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള പരാമർശമില്ല. ഇതു കാണിക്കുന്നത് മോസസും ഒരു ഈജിപ്തുകാരനായിരുന്നുവെന്നാണ്.

5) പന്നിയോടും പന്നിമാംസത്തോടും ഈജിപ്തുകാർക്ക് കഠിനമായ ഒരനിഷ്ടമുണ്ടായിരുന്നു. മോസസിന്റെ അദ്ധ്യാപന ഫലമായാണ് ഇസ്രായീല്യരിലും ഈ അനിഷ്ടം രൂപം കൊണ്ടത്.

6) മോസസ് ഒരു ഈജിപ്തുകാരനായിരുന്നതിനാൽ അദ്ദേഹത്തിന് ഹിബ്രുഭാഷയിൽ വേണ്ടവിധം ആശയങ്ങൾ പ്രകടിപ്പിക്കാൻ കഴിഞ്ഞിരുന്നില്ല.

### ഫ്റോയിഡിന്റെ വാദങ്ങൾക്കുള്ള ഖണ്ഡനം

1) മേൽ വാദങ്ങൾക്കൊന്നും യഥാർത്ഥത്തിൽ അടിസ്ഥാനമില്ല. മുകളിൽ പ്രസ്താവിച്ച പ്രകാരവും വിശുദ്ധ ഖുർആൻ 2:54 വാക്യപ്രകാരവും മോസസ് എന്നത് ഈജിപ്ഷ്യൻ ഉല്പത്തിയുള്ള ഒരു പേരാണ് എന്നു നാം സമ്മതിച്ചാൽ ത്തന്നെയും മോസസ് എന്ന മനുഷ്യൻ ഈജിപ്തുകാരനായിരുന്നുവെന്ന് അതുകൊണ്ടു തെളിയുന്നില്ല. ഇസ്രായീല്യർ ഈജിപ്ത് ഭരിച്ചിരുന്ന ഫറോവമാരുടെ പ്രജകളായിരുന്നതിനാൽ അവർ ഈജി

പ്ഷ്യൻ നാമങ്ങൾ സ്വീകരിച്ചതായിരിക്കുമെന്നു കരുതാൻ ന്യായമുണ്ട്. പ്രജാവർഗ്ഗത്തിലെ അംഗങ്ങൾ ഭരണകർത്താക്കളുടെ പേരുകൾ സ്വീകരിക്കുന്നതിലും അവരുടെ ആചാരങ്ങളെയും ജീവിതരീതിയെയും വേഷവിധാനങ്ങളെയും അനുകരിക്കുന്നതിലും പൊതുവിൽ ആനന്ദം കണ്ടെത്താറുണ്ട്. എന്നാൽ യഥാർത്ഥത്തിൽ മോസസ് (Moses) എന്നത് ഒരു ഹിബ്രുനാമമാണ്. അദ്ദേഹത്തിന് ആ പേര് നല്കിയിരിക്കാൻ സാധ്യതയുള്ള ഫറോവയുടെ മകൾ, ഇസ്രായീല്യനെന്ന് കരുതി വെള്ളത്തിൽ നിന്നെടുത്ത ആ കുട്ടിക്ക് ഒരു ഹിബ്രു നാമം തന്നെ നൽകാൻ തീർച്ചയായും പ്രഭാവിതയായിട്ടുണ്ടാവണം. ആ പേരിട്ടത് മോസസിന്റെ മാതാവോ സഹോദരിയോ ആയിരിക്കാനും സാധ്യതയുണ്ട്.

2. അതു പോലെതന്നെ, ഈജിപ്തിലെ രാജാവായിരുന്ന അഖെനതെൻ ആദ്യമായി മനസ്സിലാക്കി സ്വീകരിക്കുകയും ഇസ്രായീല്യർക്കിടയിൽ പ്രബോധിക്കുകയും ചെയ്തതിനാൽ "ദൈവത്തിന്റെ ഏകത്വം" എന്ന ആശയം ഈജിപ്തിൽ നിന്നുടലെടുത്തതാണെന്ന വാദഗതിയും തെറ്റാണ്. ഒന്നാമതായി ഒരു പ്രത്യേക സിദ്ധാന്തം ഒരു ജനതയുടെ മാത്രം കുത്തകയാണെന്നു കരുതുന്നതുതന്നെ പ്രകടമായും ബുദ്ധിക്കു നിരക്കാത്തതാണ്. വ്യത്യസ്ത ജനതകൾ പരസ്പരം കടം വാങ്ങാതെ തന്നെ, ഒരേ ആശയം സ്വതന്ത്രമായ നിലയിൽ രൂപപ്പെടുത്തിയിരിക്കാം. രണ്ടാമതായി "ദൈവത്തിന്റെ ഏകത്വ"മെന്ന ആശയം ഈജിപ്തിൽ നിന്നുൽഭൂതമായതാണെന്ന് കരുതിയാൽത്തന്നെ, മോസസ് ഈജിപ്തുകാരനായിരുന്നുവെന്ന് അതുകൊണ്ടു സിദ്ധിക്കുന്നില്ല. ഒരമേരിക്കക്കാരനോ, ജർമ്മൻകാരനോ ഒരിംഗ്ലീഷുകാരനിൽ നിന്നും മറിച്ചും ഒരാശയം കടമെടുക്കാമെങ്കിൽ എന്തുകൊണ്ട് ഒരു ഇസ്രായീല്യന് ഒരീജിപ്തുകാരനിൽ നിന്ന് ഒരാശയം കടമെടുത്തുകൂടാ? സത്യമെന്തെന്നാൽ, 'ദൈവത്തിന്റെ ഏകത്വ'മെന്ന ആശയത്തിന്റെ ഉല്പത്തി ഈജിപ്തുകാരിൽ നിന്നോ സിറിയക്കാരിൽ നിന്നോ മറ്റു ജനതകളിൽ നിന്നോ അല്ല. അതിന്റെ ഉല്പത്തി ദൈവിക വെളിപാടുകളിൽ നിന്നാണ്.

**സത്യമെന്തെന്നാൽ, 'ദൈവത്തിന്റെ ഏകത്വ'മെന്ന ആശയത്തിന്റെ ഉല്പത്തി ഈജിപ്തുകാരിൽ നിന്നോ സിറിയക്കാരിൽ നിന്നോ മറ്റു ജനതകളിൽ നിന്നോ അല്ല. അതിന്റെ ഉല്പത്തി ദൈവിക വെളിപാടുകളിൽ നിന്നാണ്.**

3) ചേലാകർമ്മം ഒരു പഴയ ഈജിപ്ഷ്യൻ ആചാരമാണെന്നും ഈജിപ്തുകാരനായ മോസസ് തന്റെ ജനതയിൽ നിന്ന് ഈ സമ്പ്രദായം കടമെടുത്തു ഇസ്രായീല്യർക്കിടയിൽ പ്രചരിപ്പിച്ചതാണെന്നു തർക്കിക്കുന്നതിലും കഴമ്പില്ല. ചേലാകർമ്മ സമ്പ്രദായം ഈജിപ്തുകാർക്കിടയിലുണ്ടായിരുന്നുവെന്നു കരുതിയാൽത്തന്നെ മോസസ് ഒരു ഈജിപ്തുകാരനായിരുന്നുവെന്ന് അതിനർത്ഥമുണ്ടോ? ഒരു ജനത മറ്റൊരു ജനതയിൽ നിന്ന് ആചാരം സ്വീകരിക്കാറില്ലേ? ഇസ്രായില്യർക്ക്, ഈജിപ്തിൽ വസിച്ചിരുന്ന കാലത്ത് ഈജിപ്തുകാരിൽ നിന്ന് ഈ ആചാരം സ്വായത്തമാക്കിക്കൂടേ? ഇസ്രായീല്യരാണെങ്കിൽ ഈജിപ്തിലെ പ്രജകളായിരുന്നുതാനും. പ്രജകൾക്ക് ഭരണകർത്താക്കളുടെ ആശയങ്ങളോടും ആചാരങ്ങളോടും ഒരു പ്രത്യേക ബന്ധമുണ്ടാവുക സ്വാഭാവികമാണ്. ചേലാകർമ്മ സമ്പ്രദായം ഈജിപ്തുകാർക്കിടയിൽ മാത്രമാണുണ്ടായിരുന്നത് എന്നത് ഒരു വസ്തുതയേ അല്ല. ബൈബിൾ പ്രകാരം, മോസസ് ജനിക്കുന്നതിന് എത്രയോ മുമ്പു തന്നെ ദൈവികാജ്ഞ പ്രകാരം അബ്രഹാമും അദ്ദേഹത്തിന്റെ മക്കളായ ഇസ്മാഈലും ഇസ്ഹാഖും ചേലാകർമ്മം ചെയ്തവരായിരുന്നു. കൂടാതെ ഈ കർമ്മാനുഷ്ഠാനം അബ്രഹാം തന്റെ ഭാവി തലമുറക്കാർക്കും ബാദ്ധ്യതയാക്കിയിരുന്നു. (ഉൽപത്തി 17:11) ഈജിപ്തിൽ ഒരിക്കലും പോയിട്ടില്ലാത്തവരും ഇസ്രായീല്യരുമായി നല്ല വിധത്തിൽ സാമൂഹ്യ ബന്ധം പുലർത്താത്തവരുമായിരുന്ന അറബികൾക്കിടയിലും ചേലാകർമ്മ സമ്പ്രദാ യം നില നിന്നിരുന്നു. ആഫ്രിക്കയിലെ കാട്ടുജാതിക്കാർക്കിടയിലും ആസ്ത്രേലിയിലെ പ്രാകൃത മനുഷ്യർക്കിടയിലും ഈ സമ്പ്രദായം അജ്ഞാതമായിരുന്നില്ല. (Jew. Enc. Vol. 4 Page 97 Tribes of Central Australia by Spencer and Gillen Page 323)

ഈജിപ്തുകാരിൽ ഈ സമ്പ്രദായം ഏറ്റവും ആദ്യമായി ബി. സി. 16-ാം നൂറ്റാണ്ടിൽത്തന്നെ കാണപ്പെട്ടിരുന്നു. (Jew Enc. Vol. 4 Page 97) അക്കാലത്തു തന്നെ ഇസ്രായീല്യർ ഈജിപ്തിൽ വസിച്ചിരുന്നു. അതിനാൽ ഈ സമ്പ്രദായം കടമെടുക്കപ്പെട്ടതാണെന്നു വരികിൽത്തന്നെ ഇസ്രായീല്യരിൽ നിന്ന് ഈജിപ്തുകാരായിരുന്നു കടമെടുത്തിരുന്നത്. അല്ലാതെ, ഈജിപ്തുകാരിൽ നിന്ന് ഇസ്രായീല്യരായിരുന്നില്ല എന്നു സംശയലേശമന്യേ പറയാൻ സാധിക്കും. ഈജിപ്തിലെ ചക്രവർത്തിമാർക്കിടയിൽ വളരെയധികം ബഹുമാനാദരവുകൾ ആർജ്ജിച്ചിരുന്ന യൂസുഫ് നബി (അ) യാണ് ഈ സമ്പ്രദായം ഈജിപ്തുകാർക്ക് പരിചയപ്പെ

ടുത്തിയ തെന്നു തോന്നുന്നു. ഈജിപ്ഷ്യൻ സമൂഹത്തിന്റെ ഉന്നത വിഭാഗങ്ങളിൽ അദ്ദേഹത്തിന്റെ സ്വാധീന ശക്തി മൂലമായിരിക്കണം ഈ സമ്പ്രദായത്തിനു പ്രചാരം ലഭിച്ചത്. യൂസുഫ് നബിയും ഉൾപ്പെട്ട ഈജിപ്തിലെ ഉന്നത വിഭാഗങ്ങളിലാണ്, അല്ലാതെ ദരിദ്ര വിഭാഗങ്ങളിലല്ല ഈ സമ്പ്രദായം കൂടുതലായി നിലവിലുണ്ടായിരുന്നത് എന്ന വീക്ഷണക്കാരാണ് ഗവേഷകന്മാർ.

4) മോസസ് ഈജിപ്തുകാരനായിരുന്നുവെന്നതിന് അനുകൂലമായി മുന്നോട്ടുവെക്കുന്ന മറ്റൊരു വാദം അഖനതെന്റെ അദ്ധ്യാപനങ്ങളിലും മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള പരാമർശം ഇല്ല എന്നതാണ്. അഖെനെതന്റെ വീക്ഷണമെന്തായിരുന്നുവെന്ന് ദൃഢമായിപ്പറയാൻ കഴിയുമാറ് അദ്ദേഹം ഏതെങ്കിലും ഗ്രന്ഥമോ, അദ്ധ്യാപനമോ അനുയായി വൃന്ദത്തെയോ അവശേഷിപ്പിച്ചു കൊണ്ടല്ല പോയിട്ടുള്ളത് എന്ന കാര്യം ഈ വാദം തികച്ചും ദുർബ്ബലവും യുക്തീഹീനമാണെന്നു വ്യക്തമാക്കുന്നു. അതിലുപരി, മോസസിന്റെ അദ്ധ്യാപനങ്ങളിൽ മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള അദ്ധ്യാപനമുണ്ട് എന്നതാണ് സത്യം. ബൈബിൾ പറയുന്നു.

'നിന്റെ സഹോദരനായ അഹരോൻ ഹോർ പർവ്വതത്തിൽ വെച്ചു മരിച്ചു തന്റെ ജനത്തോടു ചേർന്നതുപോലെ നീ കയറുന്ന പർവ്വതത്തിൽ വെച്ചു നീയും മരിച്ചു നിന്റെ ജനത്തോടു ചേരും" (ആവർത്തനം 32:50)

"ഞാൻ ഉണരുമ്പോൾ നിന്റെ രൂപം കണ്ടു തൃപ്തനാകും." (സങ്കീർത്തനം 17:15)

പഴയ നിയമത്തിൽ മരണാനന്തര ജീവിതത്തെക്കുറിച്ച് എടുത്തു കാണിക്കത്തക്കവിധം ഊന്നൽകൊടുത്തു കൊണ്ടുള്ള പ്രയോഗങ്ങളുടെ അസാന്നിധ്യമായിരിക്കാം ഈ തെറ്റിദ്ധാരണക്ക് കാരണം. ഈ ഊന്നലിന്റെ അഭാവം പഴയ നിമത്തിൽ കാലക്രമേണ വന്നു ചേർന്നിട്ടുള്ള പ്രക്ഷിപ്തങ്ങൾ കാരണവും ഇസ്രായീല്യർ ചിന്നിച്ചിതറി അടിമത്തത്തിലകപ്പെടുകയും ചെയ്ത പ്പോഴുള്ള ദുരിതങ്ങളുടെയും ദൗർഭാഗ്യങ്ങളുടെയും കാലഘട്ടത്തിൽ പഴയ നിയമം താറുമാറാക്കപ്പെടുകയും അതിലെ പല ഭാഗങ്ങളും നഷ്ടപ്പെട്ടതു കൊണ്ടുമായിരിക്കാനിടയുണ്ട്. എന്നിരിക്കിലും, ബൈബിൾ പുനഃപ്രസാധനം ചെയ്യപ്പെട്ടപ്പോൾ ജൂതപണ്ഡിതന്മാർ തങ്ങളുടെ പ്രകൃതിക്കനുയോജ്യമല്ലാത്ത ഭാഗങ്ങൾ ഒഴിവാക്കിയതാവാം. മരണാനന്തര ജീവിതത്തെക്കുറിച്ചു പ്രതിപാദിക്കുന്ന ഭാഗങ്ങൾ ഇങ്ങനെ ഒഴിവാക്കപ്പെട്ടതിൽ ഉൾപ്പെട്ടിരിക്കാം. എന്തെന്നാ ൽ ജൂതന്മാർ ഒരു പ്രത്യേകതരം ഭൗതികാസക്തിയുള്ളവരായിരുന്നതിനാൽ മരണാനന്തര ജീവിതത്തെക്കുറിച്ച് ആവർ ത്തിച്ചുള്ള പരാമർശം അവർ ഇഷ്ടപ്പെട്ടിരിക്കാനിടയില്ല.

5) ഈജിപ്തുകാരെപ്പോലെ ഇസ്രായീല്യർക്കും പന്നിമാംസത്തോട് അങ്ങേയറ്റത്തെ അനിഷ്ടമുണ്ടായിരുന്നുവെന്നാണ് മേൽ സിദ്ധാന്തത്തിനനനുകൂലമായി മുന്നോട്ടുവെച്ചിരിക്കുന്ന അഞ്ചാമത്തെ വാദം. ഈ വാദത്തിനും വളരെ ദുർബ്ബലമായ അടിസ്ഥാനമേയുള്ളൂ. ഈജിപ്തുകാർ പന്നിമാംസം ഇഷ്ടപ്പെട്ടിരുന്നില്ലെങ്കിലും ഈജിപ്ഷ്യൻ ദൈവങ്ങളുടെ ആൾത്താരകളിൽ പന്നികൾ ബലിയർപ്പിക്കപ്പെടാറുണ്ടായിരുന്നു. ഈജിപ്തുകാർ പന്നിയെ കശാപ്പു ചെയ്യുന്നതിൽ നിന്നും മാറി നിന്നത് അവർ പന്നിയെ ഒരു പുണ്യമൃഗമായി കരുതിയിരുന്നതു കൊണ്ടായിരുന്നു. എന്നാൽ ഇസ്രായീല്യരാവട്ടെ, നിന്ദ്യവും അശുദ്ധവുമായതിനാലാണ് പന്നിമാംസം തിന്നുന്നതിൽ നിന്ന് വിലക്കപ്പെട്ടിരുന്നത്.

6) മോസസിന് ഇസ്രായീല്യരുടെ ഭാഷയായ ഹിബ്രു നല്ല പോലെ സംസാരിക്കാൻ കഴിഞ്ഞിരുന്നില്ല എന്നതാണ് അദ്ദേഹം ഈജിപ്തുകാരനായിരുന്നുവെന്നതിനനുകൂലമായി മുന്നോട്ടു വെച്ചിട്ടുള്ള ആറാമത്തെ വാദം. ഈ വാദം പുറപ്പാട് 4:10 വാക്യത്തിന്റെ അടിസ്ഥാനത്തിലുള്ളതാണ്. അതിൽ പ്രസ്താവിക്കപ്പെട്ടിരുന്നതുപോലെ മോശെ ഒരു വാഗ്മിയായിരുന്നില്ലെന്നും അദ്ദേഹത്തിന്റെ സംസാരത്തിലും നാവിലും മാന്ദ്യമുണ്ടായിരുന്നുവെന്നുമാണ്. മോശെയുടെ സംസാരത്തിൽ വിക്കുണ്ടായിരുന്നുവെന്നതും അദ്ദേഹത്തിന് സുഗമമായി ആശയം പ്രകടിപ്പിക്കാൻ സാധിച്ചിരുന്നില്ലെന്നതും നേരാണ്. മോശെയുടെ സംസാരത്തിന് ഒഴുക്കുണ്ടായിരുന്നില്ലെന്നും മാന്ദ്യമുണ്ടായിരുന്നുവെന്നുമുള്ള വസ്തുത കൊണ്ട് എങ്ങനെയാണ് അദ്ദേഹത്തിന് ഹിബ്രുസംസാരിക്കുന്നതിൽ മാന്ദ്യമുണ്ടായിരുന്നുവെന്നും അതിനാൽ അദ്ദേഹം ഒരു ഇസ്രായീല്യനായിരുന്നില്ലെന്നും തെളിയുക? നേരെമറിച്ച്, ബൈബിളിൽ നിന്നും ഖുർആനിൽ നിന്നും മനസ്സിലാവുന്നത് മോശെ തന്റെ ദൗത്യം പ്രബോധിക്കാൻ വേണ്ടി ഫറോവയുടെ അടുത്തേക്കു പോകാൻ ദൈവത്താൽ ആജ്ഞാപിക്കപ്പെട്ടപ്പോൾ തനിക്ക് ആശയങ്ങൾ വേണ്ടവിധം പ്രകടിപ്പിക്കുന്നതിലുള്ള കഴിവുകേടിന് തന്നോട് ക്ഷമിക്കണമെന്ന് അപേക്ഷിക്കുകയാണ് ചെയ്തത് എന്നാണ്. ഇത് മനസ്സിലാക്കിത്തരുന്നതു തന്നെ, ഫറോവ സംസാരിക്കുകയും മനസ്സിലാക്കുകയും ചെയ്യുന്ന ഭാഷയിൽ സുഗമമായി സംസാരിക്കാൻ മോശെക്ക് സാധിച്ചിരുന്നില്ല എന്നാണ്. അതായത് ഈജിപ്ഷ്യൻ ഭാഷ. അതിനാൽ അദ്ദേഹം ഒരു ഈജിപ്തുകാരനായിരുന്നില്ല.

ചുരുക്കത്തിൽ, മോശെ എന്ന പേര് ഈജിപ്ഷ്യൻ ഉല്പത്തിയിലുള്ളതാണെന്നും മോശെ ഒരു ഇസ്രായീല്യനായിരുന്നില്ലെന്നും കരുതുന്നതിന് യാതൊരു കാരണവും നീതികരണവും ഇല്ല. ബൈബിളിലും ഖുർആനിലും മോശെയക്കുറിച്ചു പറഞ്ഞ വിവരണങ്ങളും ജൂത ചരിത്രത്തിന്റെ തെളിവുകളും ഹിബ്രുവിന്റെയും അറബിയുടെയും ഭാഷാപരമായ തെളിവും എല്ലാം കൂട്ടിച്ചേർത്താൽ മോശെ ഒരു ഈജിപ്തുകാരനായിരുന്നില്ലെന്നും അദ്ദേഹത്തിന്റെ പേര് ഈജിപ്ഷ്യൻ ഉല്പത്തിയിലുള്ളതല്ലെന്നുമുള്ള വസ്തുതയെ ബലവത്താക്കുകയും സമർത്ഥിക്കുകയും ചെയ്യുന്നു.

*(The Holy Quran - with English Translation and Commentary യിൽ നിന്ന് - **വിവ: കെ. വി. ഹസ്സൻകോയ**)*

ലേഖനം

*അടുത്തു തന്നെ പ്രസിദ്ധീകരിക്കുന്ന 'ക്രിസ്തുമതം: യാഥാർത്ഥ്യങ്ങളിൽ നിന്നും കെട്ടുകഥയിലേക്ക്' (Christianity: A Journey from facts to Fiction) എന്ന പുസ്തകത്തിൽ നിന്ന്*

# യേശു ദൈവത്തിന്റെ പുത്രനോ?

ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

**ത്രിത്വ സിദ്ധാന്തത്തിലെ ദൈവങ്ങളുടെ യുക്തിഹീനമായ പിതൃപുത്രബന്ധം ക്രിസ്തുമത ദൈവശാസ്ത്രത്തെ പരിഹാസ്യമാക്കിത്തീർക്കുന്നു.**

യേശുക്രിസ്തുവിനെസ്സംബന്ധിച്ച ക്രിസ്ത്യാനികളുടെ ധാരണയിൽ അദ്ദേഹത്തിന്റെ പ്രകൃതി, ദൈവവുമായുള്ള ബന്ധം മുതലായ മറ്റു പല പ്രശ്നങ്ങളും അന്തർഭവിച്ചിട്ടുണ്ട്. ഒരു പൂർണ മനുഷ്യന്റെ ഗുണങ്ങളുള്ള 'ദൈവപുത്രനും' അതേ സമയം 'സമ്പൂർണനായ ദൈവവും' ആയ യേശുവിനെ പറ്റിയുള്ള ക്രിസ്തീയ സിദ്ധാന്തങ്ങൾ വിമർശനാത്മകമായി അപഗ്രഥനം ചെയ്തു പഠിക്കുമ്പോൾ എന്താണ് ലഭിക്കുന്നതെന്ന് നോക്കാം. ക്രിസ്ത്യാനികളുടെ സിദ്ധാന്ത പ്രകാരമായാൽ പോലും പിതാവ് ഒരിക്കലും പുത്രനു തുല്യനാകുന്നില്ല. പിതാവായ ദൈവം സമ്പൂർണനായ ദൈവമാണ്, പക്ഷേ, സമ്പൂർണനായ മനുഷ്യനല്ല. എന്നാൽ പുത്രൻ സമ്പൂർണനായ ദൈവവും സമ്പൂർണനായ മനുഷ്യപുത്രനും കൂടിയാണ് എന്ന വസ്തുത നാം ഓർക്കേണ്ടതുണ്ട്. രണ്ട് വ്യത്യസ്ത സ്വഭാവഗുണങ്ങളോടു കൂടിയ രണ്ട് വ്യത്യസ്ത വ്യക്തിത്വങ്ങളാണ് ഇവർ രണ്ടുപേരും

ഇവരുടെ സ്വഭാവ ഗുണങ്ങൾ പരസ്പരം മാറ്റാൻ സാദ്ധ്യമല്ല. ചില ദ്രവ്യങ്ങളുടെ ഗുണങ്ങൾ പരസ്പരം മാറ്റാൻ സാധിക്കും. ഉദാഹരണത്തിന് സത്തയിലും അതിന്റെ രാസസംയോഗത്തിലും മാറ്റം വരാതെ ജലത്തിന് ഐസാകാനും ജലബാഷ്പമാകാനും സാധിക്കും. എന്നാൽ യേശുവിന്റെയും ദൈവത്തിന്റെയും ഗുണങ്ങളിൽ വ്യത്യാസങ്ങളുണ്ട്. ഒരാളുടെ ഗുണങ്ങളിൽ ചിലതു കൂടുതൽ കൂട്ടിച്ചേർക്കപ്പെട്ടിട്ടുണ്ട്. അവ പരസ്പരം ചേരുകയില്ല. ഒന്നു മറ്റൊന്നായി രൂപാന്തരപ്പെടാനും സാധ്യമല്ല. ഒന്നു മറ്റൊന്നിൽ നിന്നും തികച്ചും വ്യതിരിക്തമായി നിൽക്കുന്നു. മറ്റൊരു ഗുരുതരമായ പ്രശ്നം കൂടിയുണ്ട്. യേശു പരിപൂർണ മനുഷ്യൻ എന്ന പോലെ പരിപൂർണ ദൈവവുമാണ്. പരിപൂർണ മനുഷ്യനാകാത്ത പിതാവായ ദൈവത്തിൽ നിന്നും അദ്ദേഹം തികച്ചും വിഭിന്നനാണ്. ദൈവം പരിപൂർണ്ണ മനുഷ്യൻ പോയിട്ട് അപൂർണ മനുഷ്യൻ പോലുമായിട്ടില്ല. ഇതെന്ത് തരത്തിലുള്ള ബന്ധമായിരുന്നു എന്ന് നമുക്ക് മനസ്സിലാവുന്നില്ല. പുത്രൻ പിതാവിനേക്കാൾ വലിയവനായിരുന്നോ? ഈ അധിക ഗുണം പുത്രനെ പിതാവിനേക്കാൾ ഉന്നതനാക്കുന്നില്ലെങ്കിൽ പിന്നെ അതൊരു ന്യൂനഗുണമായിരിക്കണം. അങ്ങനെയാണെങ്കിൽ ന്യൂനഗുണമുള്ള പുത്രദൈവം ക്രിസ്ത്യാനികളുടെ അവ കാശവാദത്തിനെതിരാണെന്ന് മാത്രമല്ല ദൈവത്തെപ്പറ്റിയുള്ള സർവ്വാംഗീകൃതമായ ധാരണകൾക്കെതിരായിരിക്കുകയും ചെയ്യും. ദൈവം യാതൊരു ഏറ്റക്കുറച്ചിലുകളും വ്യത്യാസവുമില്ലാതെ ഒന്നിൽ മൂന്നാണെന്നും (Three in one) മൂന്നിൽ ഒന്നാണെന്നും (One in three) ക്രിസ്ത്യാനികൾ വിശ്വസിക്കുന്നു. നാം വിശ്വസിക്കണമെന്ന് പറയുന്ന ക്രിസ്ത്യാനികളുടെ ഈ വൈരുദ്ധ്യാത്മക സിദ്ധാന്തം ഒരാൾക്കെങ്ങനെ ഉൾക്കൊള്ളാനാവും? ഇങ്ങനെ സംഭവിക്കുന്നത് സത്യസന്ധമായ വസ്തുതകളുടെ അടിസ്ഥാനത്തിൽ വിശ്വാസം കെട്ടിപ്പടുക്കാത്തതു കൊണ്ടാണ്. പകരം ഇത് കെട്ടിപ്പടുത്തത് തികഞ്ഞ മിഥ്യാസങ്കൽപത്തിലാണ്.

പരിഹരിക്കപ്പെടേണ്ട മറ്റൊരു പ്രശ്നം ദൈവത്തിന്റെ പുത്രനായ യേശു മറിയത്തിന്റെ ഗർഭപാത്രത്തിൽ നിന്നും പ്രസവാനന്തരമാണല്ലോ നിലവിൽ വന്നത്. അതിനു മുമ്പ് അദ്ദേഹത്തിന്റെ അവസ്ഥയെന്തായിരുന്നു? മറിയത്തിന്റെ ഉദരത്തിലൂടെയുള്ള ജനനമില്ലാതെ തന്നെ അദ്ദേഹം ദൈവത്തിന്റെ അനശ്വരനായ പുത്രനാണെങ്കിൽ എന്തുകൊണ്ട് അദ്ദേ

ഹത്തിന് മനുഷ്യരൂപത്തിൽ ജന്മം നൽകേണ്ടിവന്നു? നശ്വരത എന്നത് പുത്രനുള്ള ഗുണത്തിന് ആവശ്യമായിരുന്നെങ്കിൽ ആ ഗുണം അദ്ദേഹം മനുഷ്യനായി ജനിച്ചതിന് ശേഷം ലഭിച്ച അധിക ഗുണമായിരിക്കും. അദ്ദേഹം ശരീരം ഉപേക്ഷിച്ച് സ്വർഗ്ഗത്തിലേക്ക് കയറിപ്പോയപ്പോൾ 'നശ്വരത' എന്ന ആ ഗുണവും അപ്രത്യക്ഷമായിട്ടുണ്ടാകണമല്ലോ. മനുഷ്യന്റെ സാമാന്യയുക്തി നിരാകരിക്കുന്ന ഈ വിശ്വാസം നിരവധി സങ്കീർണതകളുയർത്തുന്നു.

യേശുവിന്റെ ജനനത്തെപ്പറ്റി കുറച്ചുകൂടി ആദരണീയവും സത്യസന്ധവുമായ ഒരു വിശ്വാസം സ്വീകരിക്കണമെന്ന കാര്യത്തിലേക്ക് ഞാൻ നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. അതായത് പ്രത്യക്ഷത്തിൽ ഒളിഞ്ഞു കിടക്കുന്ന ചില പ്രകൃതി നിയമങ്ങളുടെ പ്രവർത്തനഫലമായി പ്രത്യേകമായ ഒരു സൃഷ്ടി പ്രക്രിയയിലൂടെയാണ് യേശുവിന് ദൈവം ജന്മം നൽകിയത്. യേശു ദൈവത്തിന്റെ ആലങ്കാരികമായി മാത്രമുള്ള പുത്രനാണ്. ദൈവം അദ്ദേഹത്തെ പ്രത്യേകമായി സ്നേഹിച്ചു. പക്ഷേ അദ്ദേഹം എല്ലാം കൊണ്ടും ഒരു മനുഷ്യൻ മാത്രമായിരുന്നു. യേശുവിനെ ഇതിഹാസരൂപിയാക്കാൻ പുത്രപദവി മൂന്നൂറ് കൊല്ലത്തിനു ശേഷം അദ്ദേഹത്തിൽ കൂട്ടിച്ചേർക്കപ്പെട്ടതാണ്. ഈ വിഷയം പിന്നീട് ചർച്ച ചെ യ്യാം.

പിതാവായ ദൈവവും മറിയയും തമ്മിലുള്ള വൈവാഹിക ബന്ധത്തെക്കുറിച്ചുള്ള പ്രശ്നമാണ് മറ്റൊന്ന്. ഇത് പച്ചയായി ചർച്ച ചെയ്യാൻ ആളുകൾ ഇഷ്ടപ്പെടുന്നില്ല. എങ്കിലും പിതാവും പുത്രനും തമ്മിലുള്ള ബന്ധത്തിൽ ഇടയാളായി വർത്തിച്ച മറിയയെ പറ്റിയുള്ള ചർച്ച ഒഴിവാക്കപ്പെടാനാവാത്തതാണ്. അതായത് ഈ വിഷയം അനിവാര്യമായ ഒരു തിന്മയാണ്. ഒരു പക്ഷേ ഇതേ പ്രശ്നം തന്നെയാണ് ഫെഡറിക്ക് നീഷെയെ അലോസരപ്പെടുത്തിയത്. അദ്ദേഹം ഈ വിഷയത്തിൽ തന്നിൽ ഉറഞ്ഞു കൂടിയ അതൃപ്തി താഴെ എഴുതിയ വാക്കുകളിലൂടെ പ്രകടിപ്പിക്കുക

**പിതാവായ ദൈവവും മറിയയും തമ്മിലുള്ള വൈവാഹിക ബന്ധത്തെക്കുറിച്ചുള്ള പ്രശ്നമാണ് മറ്റൊന്ന്. ഇത് പച്ചയായി ചർച്ച ചെയ്യാൻ ആളുകൾ ഇഷ്ടപ്പെടുന്നില്ല. എങ്കിലും പിതാവും പുത്രനും തമ്മിലുള്ള ബന്ധത്തിൽ ഇടയാളായി വർത്തിച്ച മറിയയെപറ്റിയുള്ള ചർച്ച ഒഴിവാക്കപ്പെടാനാവാത്തതാണ്.**

യുണ്ടായി. ഫെഡറിക് നീഷെ തന്റെ എന്ന വിവാദ പുസ്തകത്തിൽ എഴുതുകയാണ് :

*"ആഭിചാരകന്റെ മോഹവലയത്തിൽ നിന്നും മോചിതനായി അധികം കഴിയുന്നതിന് മുമ്പ് സരതുസ്ത്ര അവന്റെ വഴിയോരത്ത് ആരോ ഒരാൾ ഇരിക്കുന്നതായി കണ്ടു. ദീർഘകായനായ മനുഷ്യൻ. വിവർണവും വിളറിയതുമായ വദനമുള്ള ഈ മനുഷ്യന്റെ ദർശനം തന്നെ സരതുസ്ത്രയിൽ അരോചകത്തമുളവാക്കി. അദ്ദേഹം ആത്മഗതം ചെയ്തു. 'ആഹോ, വേഷപ്രച്ഛന്നമായ ദുരിതം പോലെ ഒരുവനിതാ ഇരിക്കുന്നു. എന്റെ സാമ്രാജ്യത്തിൽ ഇവനെന്ത് കാര്യം?'............*

*'അല്ലയോ സഞ്ചാരീ, താങ്കൾ ആരായാലെന്ത്' അയാൾ സരതുസ്ത്രയോട് പറഞ്ഞു. 'വഴി തെറ്റിപ്പോയ ഈ വൃദ്ധയാത്രികനെ സഹായിക്കൂ'. ദുരിതമനുഭവിക്കാനാണ് ഞാനിവിടെ വന്നത്. ഈ ലോകം എനിക്ക് അപരിചിതവും വിദൂരസ്ഥവുമാണ്. വന്യജീവികളുടെ മുരൾച്ച ഞാൻ കേൾക്കുന്നു. സ്വയം തന്നെ എന്നെ സംരക്ഷിക്കാൻ മുതിരുന്ന ഒരുവനേയും ഇവിടെ ഞാൻ കാണുന്നില്ല. ഏകാന്തനായി വനത്തിൽ വസിക്കുന്ന അവസാനത്തെ ദിവ്യനെ, പരിശുദ്ധനെ, പരിവ്രാജകനെ തിരയുകയായിരുന്നു ഞാൻ. ഇന്ന് ലോകം അറിയുന്നതൊന്നും അയാൾ കേട്ടിരിക്കാനിടയില്ല.*

*"ഇന്ന് ലോകം മുഴുവനും അറിയപ്പെടുന്ന കാര്യമെന്ത്?' സരതുസ്ത്ര അയാളോട് ചോദിച്ചു. ഇത് ഒരു പക്ഷെ ലോകം മുഴുവൻ ഒരിക്കൽ വിശ്വസിച്ചിരുന്ന ആ വൃദ്ധനായ ദൈവം മരിച്ചുപോയി എന്ന കാര്യമായിരിക്കും.' സരതുസ്ത്ര ആത്മഗതം ചെയ്തു.*

*"അതെ, അത് ശരിയായിരിക്കാം. വിഷാദാത്മകമായി ആ വൃദ്ധൻ പറഞ്ഞു. ഞാൻ വൃദ്ധനായ ആ ദൈവത്തെ അവസാന നിമിഷം വരെ സേവിച്ചിരുന്നു.*

*"ഇപ്പോൾ ഞാൻ എന്റെ ഉദ്യോഗത്തിൽ നിന്നും വിരമിച്ചിരിക്കുന്നു. യജമാനനില്ലെങ്കിലും ഇന്ന് ഞാൻ സ്വതന്ത്രനല്ല. ഓർമ്മകളല്ലാതെ മധുരിക്കുന്നയാതൊന്നും എന്റെതായില്ല. അതു കൊണ്ടാണ് ഞാനീ മല കയറിവന്നത്. പോപ്പോ പാതിരിയോ അഭിഷിക്തനാകുന്നത് പോലെ ഞാൻ അവസാനത്തെ ആഘോഷങ്ങൾക്കായി വന്നു ചേർന്നിരിക്കുന്നു. അറിയുക, ഞാൻ അവസാനത്തെ പോപ്പാണ്! വിശുദ്ധ സ്മരണകളുടെയും ദിവ്യശുശ്രൂഷയുടേതുമായിരിക്കും ആ ആഘോഷം.'*

*"എന്നാൽ നോക്കൂ, ആ വിശുദ്ധനും മരിച്ചിരിക്കുന്നു. ആ പരമസാത്വികൻ വനാന്തരത്തിൽ വെച്ചു അവന്റെ ദൈവത്തെ നിരന്തരം വാഴ്ത്തിപ്പാടുകയും മന്ത്രോച്ചാരണം നിർവ്വഹിക്കുകയും ചെയ്യുമായിരുന്നു.*

*"ഞാൻ അവന്റെ പർണ്ണശ്ശാല കണ്ടു. എന്നാൽ അവൻ അവിടെയില്ലായിരുന്നു. പക്ഷേ ഞാൻ അവിടെ രണ്ടു ചെന്നായ്ക്കളെ കണ്ടു. അവർ അവന്റെ മരണത്തിൽ ദു:ഖിച്ചു മോങ്ങുന്നുണ്ടായിരുന്നു. എല്ലാ മൃഗങ്ങളും അവനെ സ്നേഹിച്ചിരുന്നു. ഞാനും അവിടെ നിന്നും ഓടിപ്പോന്നു.*

“ഈ കാട്ടിലേക്കും മലയിലേക്കും ഞാൻ പോയത് വൃഥാവിലായോ? പിന്നീട് എന്റെ ഹൃദയം മറ്റൊരു വിശുദ്ധനെ തേടാൻ തീരുമാനിച്ചു. ദൈവത്തിൽ വിശ്വസിക്കാത്ത പരമ സാത്വികനായ ഒരുവനെ, അതെ, സരതുസ്ത്രയെ!

ഇപ്രകാരം പറഞ്ഞു തന്റെ മുന്നിൽ നിൽക്കുന്ന സരതുസ്ത്രയെ വൃദ്ധൻ തീക്ഷ്ണമായി നോക്കി. സരതുസ്ത്ര തന്റെ മുന്നിലിരിക്കുന്ന വൃദ്ധനായ പോപ്പിന്റെ കരം ഗ്രഹിച്ച് ദീർഘനേരം ധ്യാനനിമഗ്നനായി. “നോക്കൂ, ഇതാ ബഹുമാനിതനായ ഒരുവൻ. എന്തൊരു നീണ്ട സുന്ദരമായ കരങ്ങൾ! സദാസമയവും അനുഗ്രഹങ്ങൾ ചൊരിഞ്ഞ തിരുഹസ്തങ്ങൾ! ഇപ്പോൾ നീ തേടിക്കൊണ്ടിരിക്കുന്നവന്റെ കരങ്ങളാണ് പിടിച്ചിരിക്കുന്നത്. എന്നെ അതെ സരതുസ്ത്രയെ. ‘അത് ഞാനാണ്, ദൈവമില്ലാത്ത സരതുസ്ത്ര. അതേ, ഞാൻ പറയുന്നു: ‘അവന്റെ വചനങ്ങൾ കൊണ്ട് ആഹ്ലാദചിത്തനാവുന്ന എന്നെക്കാൾ വലിയ ദൈവമില്ലാത്തവൻ ആരുണ്ട്?’ ഇപ്രകാരം സരതുസ്ത്ര പറഞ്ഞു. പോപ്പിനു നേരെ തീഷ്ണമായ നോട്ടമയച്ചു. പോപ്പിന്റെ ചിന്തകളൊഴിഞ്ഞു. അയാൾ പറയാൻ തുടങ്ങി.

“അവനെ അഗാധമായി സ്നേഹിക്കുകയും ഹൃദയത്തിൽ കൊണ്ടുനടക്കുകയും ചെയ്തവന്റെ നഷ്ടമാണ് വലിയ നഷ്ടം. നോക്കൂ, നമ്മിൽ രണ്ടുപേരിൽ ഏറ്റവും കൂടുതൽ ദൈവമില്ലാത്തവൻ ഞാൻ തന്നെയല്ലേ? പക്ഷേ ആർക്കാണ് അതിൽ ആഹ്ലാദിക്കാൻ കഴിയുക’?!

“നീ അവനെ അന്ത്യനിമിഷം വരെ സേവിച്ചു. അഗാധമായ ഒരു നിശ്ശബ്ദതയെ ഭേദിച്ചു വീണ്ടും സരതുസ്ത്ര മൊഴിഞ്ഞു. ‘അവൻ എങ്ങനെ മരിച്ചുവെന്നു നിനക്കറിയാമോ’? കാരുണ്യം അവനെ കഴുത്തു ഞെരിച്ചുകൊന്നു എന്ന് അവർ പറയുന്നതു ശരിയാണോ?

“മനുഷ്യൻ കുരിശിൽ തൂങ്ങിക്കിടക്കുന്നത് എങ്ങനെയെന്ന് കണ്ട് അവന് സഹിച്ചില്ല. മനുഷ്യനോടുള്ള സ്നേഹം അവന്റെ നരകമായി അവസാനം അവന്റെ മരണവുമായി അല്ലേ?

വയസ്സൻ പോപ്പ് മറുപടിയൊന്നും ഉരിയാടാതെ ദൂരേക്ക് നോട്ടമയച്ച് ലജ്ജിതനായി നിന്നു. അയാളുടെ മുഖം മ്ലാനവും ദു:ഖച്ഛവി കലർന്നതുമായി കാണപ്പെട്ടു.

“വയസ്സൻ പോപ്പിന്റെ കണ്ണുകളിലേക്ക് നോക്കി ചിന്താനിമഗ്നനായി ദീർഘനേരമിരുന്ന സരതുസ്ത്ര പറഞ്ഞു:

“അവൻ പോവട്ടെ. അവന്റെ കഥ കഴിഞ്ഞു. മരിച്ച ഈ ദൈവത്തിന്റെ നന്മമാത്രം പറയുക എന്നത് നിങ്ങളെ ബഹുമാനിതനാക്കുന്നു. എങ്കിലും നിങ്ങൾക്ക് നല്ലതു പോലെ അറിയാമായിരുന്നു, അവൻ ആരായിരുന്നുവെന്ന്. അവൻ പിന്നിട്ട വിചിത്ര പാതയെക്കുറിച്ചും നിങ്ങൾക്കറിയാം’

വൃദ്ധനായ പോപ്പ് ആവേശഭരിതനായി പറഞ്ഞു: നമ്മൾ തമ്മിൽ അതായത്, നമ്മുടെ കണ്ണുകൾ തമ്മിൽ സംസാരിച്ചപ്പോൾ (പോപ്പിന്റെ ഒരു കണ്ണ് അന്ധമായിരുന്നു) ആത്മീയ കാര്യങ്ങളിൽ ഞാൻ സരതുസ്ത്രയേക്കാൾ പ്രബുദ്ധനാണ് എന്ന് ഞാൻ പറയുമായിരിക്കും, എനിക്കാണ് അതിനുള്ള അർഹതയും. എന്റെ സ്നേഹം അവനെ ഒരു പാട് കാലം ശുശ്രൂഷിച്ചു. എന്റെ ഇച്ഛ അവന്റെ ഇച്ഛക്ക് വിധേയമായിരുന്നു. ഒരു നല്ല ശുശ്രൂഷകൻ എല്ലാം അറിയുന്നു. യജമാനൻ തന്നിൽ നിന്നും മറച്ചുവെച്ച ചില കാര്യങ്ങൾ കൂടി അറിയുന്നു. ‘അവൻ നിതാന്ത നിഗൂഢതയിൽ ഒളിഞ്ഞിരിക്കുന്ന ദൈവമായിരുന്നു. സത്യമായും അവൻ രഹസ്യമാർഗ്ഗേണ മറ്റേതോ തരത്തിൽ ഒരു പുത്രനായി വന്നു. അവനിലുള്ള വിശ്വാസത്തിന്റെ പടിവാതിൽക്കൽ തന്നെ വ്യഭിചാരം നിലനിൽക്കുന്നു. സ്നേഹത്തെക്കുറിച്ച് ഉന്നതാശയങ്ങൾ വെച്ചു പുലർത്തുന്നവരാരും അവനെ സ്നേഹത്തിന്റെ ദൈവമെന്ന് വാഴ്ത്തില്ല. ഒരു വിധി കർത്താവാകാനും ഈ ദൈവം ആഗ്രഹിച്ചില്ലെന്നോ? സ്നേഹിക്കുന്നവൻ പ്രതിഫലത്തിനും പ്രതികാരത്തിനും അതീതമായല്ലേ സ്നേഹിക്കാറ്? കിഴക്കൻ രാജ്യക്കാരനായ ഈ ദൈവം യുവാവായിരുന്നപ്പോൾ വളരെ കർക്കശക്കാരനും പ്രതികാരദാഹിയുമായിരുന്നു. അവന്റെ ഇഷ്ടക്കാരെ രസിപ്പിക്കുന്നതിനായി അവൻ ഒരു നരകമുണ്ടാക്കി. കാലം കുറെക്കഴിഞ്ഞപ്പോൾ ദൈവം വൃദ്ധനായി. മൃദുത്വമുള്ളവനും, അനുകമ്പയുള്ളവനുമായി. അച്ഛനെക്കാൾ അവനൊരു മുത്തച്ഛനായി. എത്രത്തോളമെന്നാൽ വേച്ചു വേച്ചു നടക്കുന്ന ഒരു മുത്തശ്ശിയെപ്പോലെ. പിന്നീട് ഞെരിപ്പോടിന്റെ മൂലയിൽ ദുർബ്ബലമായ പാദങ്ങളിൽ വിറകൊണ്ടിരുന്ന അയാൾ കൂനിക്കൂടിയിരുന്നു. ലോകം അവനു മടുത്തു ആഗ്രഹങ്ങളെല്ലാം മടുത്തു. അങ്ങനെ ഒരിക്കൽ അധികരിച്ച കാരുണ്യത്താൽ അവൻ ശ്വാസം മുട്ടിച്ചത്തു.*

* Thus Spoke Zarathustra by Friedrich Nietzsche. P. 271 - 273. Translation Published by Penguin Books 1969

***(വിവ: എ. എം.)***

## നീതിയും വിധിയും

നിങ്ങൾ വിധിക്കപ്പെടാതിരിക്കേണ്ടതിന്നു വിധിക്കരുത്. നിങ്ങൾ വിധിക്കുന്ന വിധിയാൽ നിങ്ങളെയും വിധിക്കും; നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളന്നു കിട്ടും. ***- ബൈബിൾ (മത്താ: 7-12)***

വിശ്വസിച്ചവരെ, നിങ്ങൾ നീതിക്ക് സാക്ഷ്യം വഹിക്കുന്നവരായി അല്ലാഹുവിന് വേണ്ടി നിലകൊള്ളുക. ഒരു സമുദായത്തോ ടുള്ള വിരോധം അവരോട് നീതി പാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നിങ്ങൾ എപ്പോഴും നീതി പാലിക്കുക. അത് ദൈവഭക്തിയുടെ ഏറ്റവും അടുത്താണ്. ***വി. ഖുർആൻ (5:9)***

# ഇസ്‌ലാമിനെ അപകീർത്തിപ്പെടുത്തുന്ന പണ്ഡിതന്മാർ

ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

**സായുധസമരം (ജിഹാദ്) കൊണ്ടാണ് ഇസ്‌ലാം പ്രചരിച്ചതെന്ന് സിദ്ധാന്തിക്കുന്ന മൗലാനാ മൗദൂദി ഇസ്‌ലാമിനെ വിമർശിക്കുന്ന ഓറിയന്റലിസ്റ്റുകളുടെ വാദം തന്നെയാണ് ഉയർത്തുന്നത്. ഇസ്‌ലാമിന് ദ്രോഹകരമാണ് ഈ നിലപാട്**

ഇസ്‌ലാമിന്റെ വിമർശകന്മാർ പ്രത്യേകിച്ച് ഓറിയന്റലിസ്റ്റുകൾ ഇസ്‌ലാം ആക്രമണോത്സുക യുദ്ധങ്ങളിലൂടെയാണ് പ്രചരിച്ചതെന്ന് സിദ്ധാന്തിക്കുന്നു. വിശ്വാസ പരിവർത്തനം സംഭവിച്ചത് ശക്തി ഉപയോഗിച്ചത് കൊണ്ടാണെന്നാണ് അവരുടെ പക്ഷം. ചരിത്രത്തെ വസ്തുനിഷ്ഠമായി സമീപിച്ച പണ്ഡിതൻമാർ ഈ വാദഗതി വസ്തുകൾക്ക് നിരക്കുന്നതല്ല എന്ന് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പ്രവാചകൻ (സ) ഒരിക്കലും മതം പ്രബോധിക്കാൻ ശക്തി ഉപയോഗിച്ചിട്ടില്ല. അദ്ദേഹം ചെയ്ത എല്ലാ യുദ്ധങ്ങളും പ്രതിരോധാത്മകമായിരുന്നു. ഇസ്‌ലാമിനു വികസനമുണ്ടായത് പ്രവാചകന്റെ ധാർമ്മികവും അദ്ധ്യാത്മികവുമായ പ്രഭാവം കൊണ്ടു മാത്രമാണെന്നതാണ് യാഥാർത്ഥ്യം.

നിർഭാഗ്യകരമെന്ന് പറയട്ടെ, ഇവിടെ വിസ്മയകരമായ ഒരു വൈരുദ്ധ്യം നിലനിൽക്കുന്നു. ചില മുസ്‌ലിം മതപണ്ഡിതന്മാർ തന്നെ ഇസ്‌ലാം ബലപ്രയോഗം കൊണ്ടാണ് പ്രചരിച്ചതെന്ന വിക്ഷണക്കാരാകുന്നു. ഓറിയന്റലിസ്റ്റുകളെപ്പോലെ തിരുപ്രവാചകന്റെ (സ) ജീവിതത്തെ മക്കാ കാലഘട്ടമെന്നും മദീനാകാലഘട്ടമെന്നും അവർ വിഭജിക്കുന്നു. മക്കയിൽ പ്രവാചകൻ ബലഹീനനും നിസ്സഹായനുമായിരുന്നു. അതുകൊണ്ട് അനുരഞ്ജനത്തിന്റെയും സമാധാന പൂർണ്ണമായ സഹവർത്തിത്ത്വത്തിന്റെയും സമീപനം കൈക്കൊണ്ടുവെന്നും മദീനയിൽ അധികാരശക്തി പ്രയോഗിച്ചുവെന്നും ഇവർ സിദ്ധാന്തിക്കുന്നു. മുസ്‌ലിം പണ്ഡിതന്മാരുടെ ഈ ചിന്താധാര മുന്നോട്ടുവെക്കുന്ന ചരിത്രവീക്ഷണമാണിത്. പ്രവാചകൻ ഇങ്ങനെ പ്രവർത്തിച്ചിട്ടില്ലായിരുന്നുവെങ്കിൽ അറേബ്യയിൽ ആത്മീയ വിപ്ലവം ഉണ്ടാവുകയോ ഇസ്‌ലാം പ്രചരിക്കുകയോ ചെയ്യുമായിരുന്നില്ല എന്ന് ഇക്കൂട്ടർ കരുതുന്നു.

ശാന്തമഹിതവും ഹൃദയാവർജ്ജകവുമായ ഒരു അദ്ധ്യാത്മിക വിപ്ലവത്തിന്റെ ഫലമായിട്ടല്ല ഇസ്‌ലാം അറേബ്യയിൽ പടർന്നു പന്തലിച്ചതെന്ന് ഈ വിഭാഗം വിശ്വസിക്കുന്നു. ഈ ചിന്താധാരയുടെ മുഖ്യവക്താവായിരുന്ന പരേതനായ സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി 'അൽ ജിഹാദുഫിൽ ഇസ്‌ലാം' എന്ന പുസ്തകത്തിൽ എഴുതുന്നു:

'അല്ലാഹുവിന്റെ ദൂതൻ പതിമൂന്ന് വർഷക്കാലം അറബികളെ ഇസ്‌ലാം മതം സ്വീകരിക്കാൻ ക്ഷണിക്കുകയുണ്ടായി. അനുനയത്തിന്റെ എല്ലാ മാർഗ്ഗങ്ങളും അദ്ദേഹം അവലംബിച്ചു. അനിഷേധ്യമായ തെളിവുകളും വാദമുഖങ്ങളും സമർപ്പിച്ചു. ഭക്തിയുടേയും ധാർമ്മികതയുടെയും മാതൃകയായിരുന്ന തന്റെ ജീവിതം അവരുടെ മുമ്പിൽ കാഴ്ചവെച്ചു. അവരുടെ മുമ്പിൽ തന്റെ സാത്വിക ശുദ്ധിയുള്ളതും ധാർമ്മികബദ്ധവുമായ ജീവിതം തുറന്നുകാട്ടി. ചുരുക്കത്തിൽ ആകാവുന്നത്ര അവരുമായി ആശയവിനിമയങ്ങൾ നടത്തി. പക്ഷേ അദ്ദേഹത്തിന്റെ ജനത ഇസ്‌ലാംമതം സ്വീകരിച്ചില്ല.'

മൗലാനാ മൗദൂദിയുടെ ഈ ഉദ്ധരണിയുടെ ശിഷ്ടഭാഗം എഴുതുമ്പോൾ എന്റെ ഹൃദയം വേദനിക്കുന്നു. എങ്കിലും ഞാനത് ഉദ്ധരിക്കട്ടെ:

'അനുനയത്തിന്റെ എല്ലാ മാർഗ്ഗങ്ങളും പരാജയമായിക്കലാശിച്ചപ്പോൾ പ്രവാചകൻ ഖഡ്ഗം കൈയ്യിലേന്തി. ഖഡ്ഗം! അത് തിന്മയേയും ആക്രമണത്തേയും ഹൃദയത്തിലെ കറകളേയും ആത്മാവിന്റെ കളങ്കങ്ങളേയും വിപാടനം ചെയ്തു. അതിനേക്കാൾ ഉപരിയായി വാൾ അവരുടെ അന്ധത ഇല്ലാതാക്കി. അവർ സത്യത്തിന്റെ വെളിച്ചം

കാണുമാറായി. സത്യം സ്വീകരിക്കാൻ വിഘാതമായി നിന്ന അവരുടെ അഹങ്കാരത്തിനു ശമനമുണ്ടായി. ഉദ്ദണ്ഡശിരസ്കരായി ഔദ്ധത്യത്തോടെ നിലയുറപ്പിച്ച അവർ അപമാനിതരായി. എളിമയോടെ തല കുനിച്ചു.'[1]

'അറേബ്യയിലും മറ്റു രാജ്യങ്ങളിലും ഇസ്ലാം പ്രചരിച്ചത് ത്വരിതഗതിയിലായിരുന്നു. ഒരു നൂറ്റാണ്ട് കൊണ്ട് തന്നെ ലോകത്തിന്റെ കാൽഭാഗം ഇസ്ലാം സ്വീകരിച്ചു. ഇസ്ലാമിന്റെ ഖഡ്ഗം മനുഷ്യഹൃദയങ്ങളെ ആവരണം ചെയ്ത മറകളെ കീറിമുറിച്ചതായിരുന്നു ഈ പരിവർത്തനത്തിന് കാരണം'.

മേൽപറഞ്ഞ പ്രസ്താവന 'മിസാജെ ശഹ്നാസെ റസൂൽ' (പ്രവാചകന്റെ അന്തർഗതമറിഞ്ഞയാൾ) എന്ന് അവകാശപ്പെട്ട ഒരു മുസ്ലിം പണ്ഡിതന്റെതാണ് എന്നതാണ് ഏറെ നിർഭാഗ്യകരം. വാക്കിലും പ്രവൃത്തിയിലും തിരുനബിയോട് പൂർണ്ണമായും പൊരുത്തമുള്ളയാൾ എന്നവകാശപ്പെടുന്ന ഈ പണ്ഡിതമ്മന്യൻ പ്രവാചകന്റെ വാക്കും പ്രവൃത്തിയും വ്യാഖ്യാനിക്കാൻ അധികാരമുള്ളയാൾ എന്ന് സ്വയം കരുതുന്നു. മൗലാനാ മൗദൂദിയുടെ അവകാശവാദം നാം അംഗീകരിക്കുകയാണെങ്കിൽ ദൈവവചനങ്ങൾ പ്രവാചകൻ (സ) മനസ്സിലാക്കിയതിനേക്കാൾ കൂടുതലായി മൗലാനാ മനസ്സിലാക്കിയെന്നു സമ്മതിക്കേണ്ടി വരും. മാത്രമല്ല ഏറ്റവും ശരിയായിദൈവവചനത്തിന്റെ പൊരുളറിഞ്ഞയാൾ എന്ന നിലക്ക് പ്രവാചകനേക്കാൾ കൂടുതലായി ദൈവത്തെ പ്രതിനിധീകരിക്കാനുള്ള മൗദൂദി സാഹിബിന്റെ അവകാശവാദത്തെ നാം അനുവദിച്ചു കൊടുക്കേണ്ടി വരുകയും ചെയ്യും. ദൈവവചനത്തിന്റെ പൊരുളറിഞ്ഞ മൗലാനയുടെ ഇസ്ലാമിക സങ്കല്പങ്ങൾ ഈ വിധത്തിലാണെങ്കിൽ തീർച്ചയായും വാക്കുകൾകൊണ്ട് വിവരിക്കാൻ കഴിയാത്ത ഒരു ദുരന്തമാണ് അതെന്ന് പറയാതെ വയ്യ. ഇസ്ലാമിന്റെ കൊടിയ ശത്രുക്കൾ ഉയർത്തുന്ന അടിസ്ഥാനരഹിതമായ ദുരാരോപണം തന്നെയാണ് ഇവിടെ മൗലാനാ മൗദൂദിയും ഉയർത്തിക്കാട്ടുന്നതും നിരന്തരം ആവർത്തിക്കുന്നതും. തിരുനബി(സ) ബലം പ്രയോഗിച്ചാണ് ജനങ്ങളെ ഇസ്ലാമിലേക്ക് മാർഗ്ഗം ചേർത്തത് എന്നത് പക്ഷപാതിത്തമുള്ള ഓറിയന്റലിസ്റ്റുകളുടെ ആരോപണമാണ്. മൗലാനാ മൗദുദിയുടെ ദർശന വികൽപ്പങ്ങൾ ഇസ്ലാമിന്റെ മഹത്ത്വം ഘോഷിക്കാനാണ് ഉദ്ദേശിക്കുന്നതെങ്കിലും അദ്ദേഹത്തിന്റെ തലതിരിഞ്ഞ ഇത്തരം വീക്ഷണങ്ങൾ ഇസ്ലാമിന്റെ പാശ്ചാത്യ വിമർശകരുടെ ദുരാരോപണങ്ങൾക്കുള്ള സാധുകരണമായിപ്പോവുന്നു. ആർ.ഡോസി പറയുകയുണ്ടായി: 'മുഹമ്മദിന്റെ പട്ടാള ജനറൽമാർ ഒരു കൈയ്യിൽ ഖുർആനും മറുകൈയിൽ ഖഡ്ഗവും പിടിച്ചാണ് ഇസ്ലാം മതം പ്രബോധനം നടത്തിയത്' എന്ന്. സ്മിത്ത് എന്ന മറ്റൊരു ഓറിയന്റലിസ്റ്റിന്റെ അഭിപ്രായത്തിൽ "ജനറൽമാരല്ല പ്രവാചകൻതന്നെയും ഒരു കയ്യിൽ വാളും മറുകൈയിൽ ഖുർആനുമേന്തിയാണ് പ്രബോധനം നടത്തിയത്" എന്നാണ്. ജോർജ് സെയിൽ എഴുതുകയാണ് "അനുയായികൾ വർദ്ധിച്ചപ്പോൾ അവിശ്വാസികളെ ആക്രമിക്കാനും അതുവഴി ബിംബാരാധന നശിപ്പിക്കാനും സത്യമതം സ്ഥാപിക്കാനും ദൈവം തനിക്ക് അനുമതി നൽകിയിട്ടുണ്ടെന്ന് പ്രവാചകൻ അവകാശപ്പെട്ടു."

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ ഇന്ത്യൻ മുസ്ലിംകൾക്കിടയിൽ ഡോ. സി.ജി. ഫാന്തർ എന്ന ക്രിസ്ത്യൻ മിഷനറി ഇസ്ലാമിന്റെ പ്രവാചകൻ വ്യാജനാണെന്ന് വരുത്തിത്തീർക്കാൻ വിവാദപരമായ ലഘുലേഖകൾ എഴുതിക്കൊണ്ട് പ്രകോപനം സൃഷ്ടിക്കുകയും സജീവമായ മതപ്രചാരണം നടത്തുകയുമുണ്ടായി. തിരുമേനി(സ)യെ പറ്റി False Prophet of Islam (ഇസ്ലാമിന്റെ വ്യാജ പ്രവാചകൻ) എന്ന അദ്ദേഹത്തിന്റെ കൃതി വമ്പിച്ച കോലാഹലങ്ങൾക്ക് കാരണമായി. അത്തരമൊരു ലഘുലേഖയുടെ ആമുഖത്തിൽ ഡോ. ഫാന്തർ ഇപ്രകാരം എഴുതിയിരിക്കുന്നതായി കാണാം.

1. 13 കൊല്ലം മുഹമ്മദ് അദ്ദേഹത്തിന്റെ പുതിയ മതം അനുരഞ്ജനത്തിന്റേയും സഹനത്തിന്റേയും മാർഗ്ഗത്തിൽ പ്രബോധിപ്പിച്ചു.

2. ഇപ്പോൾ (മദീനയിൽ) അദ്ദേഹം അന്നബിയ്യുസ്സൈഫ് (വാളേന്തിയ പ്രവാചകൻ) ആയി മാറി. അതിൽപ്പിന്നെ ഇസ്ലാമിന്റെ ഏറ്റവും വലിയ പ്രചാരണായുധം വാളായി മാറി.

3. നാം മുഹമ്മദിന്റെ അനുയായികളുടെ പെരുമാറ്റം പഠിക്കുകയാണെങ്കിൽ ഒരു കാര്യം മനസ്സിലാകും. ഒരു മതത്തെയോ ഒരു ധർമ്മ സംഹിതയെയോ പിന്തുടരുക എന്നത് അവരെ സംബന്ധിച്ചിടത്തോളം നിർബന്ധമുള്ള കാര്യമല്ല. ദൈവം അവരോട് ആവശ്യപ്പെടുന്നത് ഒന്നുമാത്രം. ദൈവത്തിനു വേണ്ടി പൊരുതുക. അതായത് വാൾ, അമ്പ്, കഠാരി, കൃപാണം എന്നീ ആയുധങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ഒടുങ്ങാത്ത മനുഷ്യഹത്യ തന്നെ.

ഈ ഉദ്ഘാതത്തിനും ശേഷം ഡോ. ഫന്തർ ഉപസംഹരിക്കുന്നത് കാണുക. 'നിങ്ങൾ ഇവരിൽ രണ്ടുപേരിലൊരാളെ തിരഞ്ഞെടുക്കേണ്ടിയിരിക്കുന്നു. ദൈവത്തിന്റെ വചനമായ യേശുവിനെയോ അതല്ല അബ്ദുല്ലായുടെ മകനായ ഹസ്രത്ത് മുഹമ്മദിനെയോ. തന്റെ ആയുഷ്ക്കാലം സാത്വികമായ ജീവിതത്തിനു വേണ്ടി സമർപ്പിച്ച ഒരാളെയോ അതല്ല വാളിനുവേണ്ടി ജീവിതം ഉഴിഞ്ഞുവെച്ച ഒരാളെയോ'.[2]

അലോയ് സ്പ്രേംഗർ (Aloy Spranger), ഹെൻട്രി കോപേ (Henry Copey)മുതലായ ഇസ്ലാമിന്റെ നിരവധി വിമർശകർ ഇസ്ലാമിനേയും പ്രവാചകനേയും നിന്ദിക്കാൻ മേൽപ്പറഞ്ഞ രീതിയാണ് അവലംബിച്ചത്. വാഷിംങ്ടൺ ഇർവിംങ്ങ് (Washington Irving) ഒരടികൂടി മുന്നോട്ടു പോയി. അദ്ദേഹത്തിന്റെ പുസ്തകത്തിന്റെ പുറം ചട്ടയിൽത്തന്നെ ഒരു കയ്യിൽ ഖുർആനും മറുകൈയ്യിൽ വാളുമായി നിൽക്കുന്ന പ്രവാചകന്റെ ഭാവനാചിത്രം വരച്ചുവെക്കുകയുണ്ടായി.[3]

മുകളിലുദ്ധരിച്ച വിമർശനങ്ങളും മൗലാനാ മൗദൂദിയുടെ 'അൽ ജിഹാദുഫിൽ ഇസ്ലാം' എന്ന കൃതിയിൽ നിന്ന് ഉദ്ധരിച്ച ഭാഗവുമായി താരതമ്യം ചെയ്യുമ്പോൾ പ്രവാചകന്റെ വിമർശക

ന്മാർ മൗദൂദിസാഹിബുമായി യോജിച്ചു പോകുന്നതായികാണാം. ഇസ്ലാമിന്റെ വിമർശകന്മാരായ ഓറിയന്റലിസ്റ്റുകളും മൗലാനാ മൗദൂദിയും ഇസ്ലാമിനു കലാപത്തിന്റെ മുഖമുണ്ടായിരുന്നു എന്ന അഭിപ്രായത്തിൽ യോജിക്കുന്നു. ഈ വിശ്വാസമുണ്ടായിട്ടും മൗലാനാ ഇസ്ലാമിൽ അടിയുറച്ചു വിശ്വസിക്കുന്നു. ഓറിയന്റലിസ്റ്റുകളാവട്ടെ ഇസ്ലാമിനെ നിരാകരിക്കുകയും ചെയ്യുന്നു എന്നതാണ് വ്യത്യാസം. വാക്കുകളുടെ നേരിയ വ്യത്യാസമുണ്ടെങ്കിലും ഡോ. ഫാന്തറുടേയും മൗലാനാ മൗദൂദിയുടെയും അഭിപ്രായങ്ങൾ ഒന്നുതന്നെയാണ്. മൗലാനാ മൗദൂദിയുടെ ഉദ്ധരണികളും ഫാന്തറുടെ 1,2,3 ഖണ്ഡികകളും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. ഒരാൾ തന്റെ അഭിപ്രായങ്ങളിലൂടെ ഒരു മുസ്ലിമിന്റെ ഇസ്ലാമിനോടുള്ള ബഹുമാനം പ്രകടിപ്പിക്കുമ്പോൾ അപരൻ ഒരു നിശിത വിമർശകന്റെ നിന്ദ പ്രകടിപ്പിക്കുന്നു.

ഓറിയന്റലിസ്റ്റുകളുടെ വിദ്വേഷ കലുഷിതവും ഹൃദയഭേദകവുമായ പ്രവാചക വിരോധത്തിൽ അത്ഭുതപ്പെടാനില്ല.അവരുടെ വിമർശനങ്ങൾ അജ്ഞതയിൽ നിന്നുത്ഭവിച്ചതാവാം. പക്ഷേ പലപ്പോഴും അവ കരുതിക്കൂട്ടിയുള്ള ദ്രോഹബുദ്ധിയുടെ ഫലമാണ്. പരിണതപ്രജ്ഞരായ ചരിത്രകാരന്മാർ പോലും ഇസ്ലാമിനോടുള്ള വിരോധം മനസ്സിൽ വെച്ചാണ് ചരിത്രരചന നടത്തുന്നത്. പക്ഷേ അജ്ഞത കൊണ്ടോ അഹങ്കാരം കൊണ്ടോ തിരുനബി (സ) യുടെ യഥാർത്ഥ അനുയായി എന്ന് അവകാശപ്പെടുന്ന ഒരാളുടെ രചനകളിൽ നിന്നാണ് ഇത്തരം വികൽപ്പങ്ങൾ പുറപ്പെടുന്നതെങ്കിൽ അതാണല്ലോ ഏറ്റവും വേദനാജനകമായത്. പ്രാകൃതനെപ്പോലെ ഖഡ്ഗ പാണിയായി വന്ന് ശക്തിയുടെ ബലത്താൽ ഇസ്ലാമിലേക്ക് ആളെച്ചേർക്കുകയും വെട്ടിപ്പിടിക്കുകയും ചെയ്ത മനുഷ്യൻ എന്ന നിലക്കാണ് അദ്ദേഹം ഇസ്ലാമിന്റെ ഹൃദയാലുവായ പ്രവാചകനെ അവതരിപ്പിക്കുന്നത്.

മനുഷ്യഹൃദയങ്ങളെ കവർന്നെടുത്ത ഇസ്ലാമിന്റെ ആത്മീയ ലാവണ്യവും ഇസ്ലാമിൽ അന്തർഹിതമായ ആത്മീയ പ്രഭാവവും എന്താണെന്ന് മൗലാനാ മൗദൂദിക്കറിയില്ല. ഭൂതകാലത്തിലും വർത്തമാനകാലത്തിലും അതിന്റെ ആത്മീയ ശക്തികൊണ്ട് മാത്രം ഹൃദയങ്ങളെ കീഴടക്കാൻ കഴിയുമെന്ന വസ്തുത അദ്ദേഹത്തിനു ബോദ്ധ്യം വന്നിട്ടില്ല. അദ്ദേഹം എഴുതുകയാണ്.

'മനുഷ്യബന്ധങ്ങളും കൂട്ടായ്മകളും അന്യോന്യം ഉദ്ഗ്രഥിതമാണ്. അതുകൊണ്ട് ഒരു രാഷ്ട്രത്തിന്റെ അയൽ രാഷ്ട്രങ്ങളും തങ്ങളുടെ അതേ ആദർശം സ്വീകരിക്കുന്നത് വരെ ആ രാഷ്ട്രത്തിന് അതിന്റെ സിദ്ധാന്തമനുസരിച്ച് പ്രവർത്തിക്കാൻ പൂർണ്ണസ്വതന്ത്ര്യമുണ്ടായിരിക്കുന്നതല്ല. അതുകൊണ്ട് മുസ്ലിം ഗ്രൂപ്പുകൾ ഒരു ഇസ്ലാമിക രാഷ്ട്രം അവരുടെ ഭൂപരിധിയിൽ സ്ഥാപിച്ചുകൊണ്ട് അടങ്ങിയിരിക്കുവാൻ പാടുള്ളതല്ല. അവരുടെ വിഭവങ്ങൾക്കനുസരിച്ച് രാഷ്ട്രത്തെ നാലുഭാഗത്തേക്കും വികസിപ്പിക്കാൻ ശ്രമിക്കേണ്ടതാണ്. മുസ്ലിംകൾ ഒരു ഭാഗത്ത് അവരുടെ ആശയപ്രചാരണം നടത്തുകയും മറുഭാഗത്ത് ജനങ്ങളെ തങ്ങളുടെ ആദർശം സ്വീകരിക്കാൻ ക്ഷണിക്കുകയും വേണം. കാരണം മോക്ഷം നിലകൊള്ളുന്നത് അതിൽ മാത്രമാണ്. അവരുടെ ഇസ്ലാമിക രാഷ്ട്രത്തിനു ശക്തിയും വിഭവവുമുണ്ടെങ്കിൽ മറ്റു അനിസ്ലാമിക രാഷ്ട്രങ്ങളെ യുദ്ധം ചെയ്ത് നശിപ്പിക്കേണ്ടതും അവിടെ ഇസ്ലാമിക ഭരണകൂടം സ്ഥാപിക്കേണ്ടതുമാണ്.'[4]

പ്രവാചകനെയും ഇസ്ലാമിനെയും കുറിച്ചുള്ള വില്ല്യം മുയിറിന്റെ വികലവീക്ഷണങ്ങളെയാണ് മൗലാനാ മൗദൂദി ഇവിടെ പിന്തുണക്കുന്നത്. ഇസ്ലാമിന്റെ പ്രവാചകൻ വ്യാജനാണെന്നു വരുത്തിത്തീർക്കാൻ ഡോ.ഫാന്തറുടെ[5] അഭ്യർത്ഥന പ്രകാരം വില്ല്യം മുയിർ രചിച്ച പ്രവാചകന്റെ ജീവചരിത്രത്തിൽ അദ്ദേഹം എഴുതുകയാണ്. 'മുഹമ്മദിന്റെ വാളും ഖുർആനും മനുഷ്യനാഗരികതക്കും സ്വാതന്ത്ര്യത്തിനും സത്യത്തിനുമെതിരെ ഇന്നോളം അറിയപ്പെട്ടിട്ടുള്ള ഏറ്റവും കൊടിയ ശത്രുക്കളാണ്.'[6]

ഇസ്ലാമിനെക്കുറിച്ചുള്ള ഇത്തരമൊരു വികലചിത്രത്തിന്റെ സ്വാധീന വലയത്തിലായിരിക്കണം, ഗാന്ധിജി തന്റെ ആദ്യനാളുകളിൽ ഇങ്ങനെ പറഞ്ഞത്. 'ഇസ്ലാം കലാപസാന്ദ്രമായ ഒരു അന്തരീക്ഷത്തിലാണ് ജന്മമെടുത്തത്. ആ കാലത്ത് വാളായിരുന്നു നിർണായക ശക്തി. ഇക്കാലത്ത് പോലും സ്ഥിതി അങ്ങനെത്തന്നെയാണ്.' പക്ഷേ ഗാന്ധിജി അസാമാന്യമായ അന്തർദൃഷ്ടിയുള്ള ഒരു നിരീക്ഷകനായിരുന്നു. പിൽക്കാലത്ത് അദ്ദേഹം സ്വയം തന്നെ ആ അഭിപ്രായം തിരുത്തുകയുണ്ടായി.

'ഞാൻ കൂടുതൽ പഠിച്ചു. കൂടുതൽ കണ്ടെത്തുകയും ചെയ്തു. അതായത് ഇസ്ലാമിന്റെ ബലം സ്ഥിതി ചെയ്യുന്നത് ഖഡ്ഗത്തിന്മേലല്ല'എന്ന് 'യംഗ് ഇന്ത്യ' യിൽ അദ്ദേഹം എഴുതി.

ആര്യസമാജക്കാരനായ പണ്ഡിറ്റ് ജ്ഞാനേന്ദ്ര ദേവശർമ ശാസ്ത്രി തന്റെ വസ്തുനിഷ്ഠമായ പഠനങ്ങൾക്ക് ശേഷം ഗാന്ധിജിയെപ്പോലെ ചില തിരിച്ചറിവുകളിൽ എത്തിച്ചേരുകയുണ്ടായി. അദ്ദേഹം എഴുതി.

'ഹിന്ദുമുസ്ലിം കലാപം സൃഷ്ടിക്കാൻ ശ്രമിക്കുന്ന പക്ഷപാതിത്തമുള്ള ഇസ്ലാമിക വിമർശകർ, ഹസ്റത്ത് മുഹമ്മദിനു മദീനയിൽ വെച്ച് അധികാരം ലഭിച്ചപ്പോൾ കാരുണ്യത്തിന്റെയും ദയയുടേയും കപടഭാവം നിലനിർത്താൻ കഴിഞ്ഞില്ലെന്ന് പറയുന്നു. അവിടെ അദ്ദേഹം ശക്തിയും ഹിംസയും പ്രയോഗിച്ചു. തന്റെ ചിരകാല ജീവിതാഭിലാഷമായ അധികാരവും സ്ഥാനവും സമ്പത്തും സ്വായത്തമാക്കാൻ പിന്നീട് നരമേധക്കാരനായ പ്രവാചകനായി മാറി. അദ്ദേഹം അതിശീഘ്രം തന്റെ സഹനത്തിന്റെയും മിതത്വത്തിന്റേയും ആദർശങ്ങളിൽ നിന്നു വ്യതിചലിച്ചു എന്നിങ്ങനെ പോവുന്നു അവരുടെ ആക്ഷേപം. ഈ നിരീക്ഷകരുടെ വീക്ഷണം മുൻവിധിയോടുകൂടിയും വിഭാഗീയവുമാണ്. ഇക്കൂട്ടർ സങ്കുചിത മനസ്കരും അജ്ഞതയുടെ കൺമൂടികളാൽ ദൃഷ്ടി മറയ്ക്കപ്പെട്ടവരുമാണ്. അവർ പ്രകാശത്തിനുപകരം അഗ്നി

*(ശേഷം 34-ാം പേജിൽ)*

അനുസ്മരണം

# ഡോ. അബ്ദുസ്സലാം: അനുജന്റെ അനുസ്മരണക്കുറിപ്പ്


## അബ്ദുൽ ഹമീദ്


**ശാസ്ത്രലോകത്തെ ഒരു ഇതിഹാസമായിരുന്നു നോബൽ സമ്മാന ജേതാവായ ഡോ.അബ്ദുസ്സലാം. ആത്മീയ സ്പർശമുള്ള ആ മഹൽ ജീവിതത്തെ സ്വന്തം സഹോദരൻ അനുസ്മരിക്കുന്നു.**

എന്റെ ജ്യേഷ്ഠ സഹോദരൻ അബ്ദുസ്സലാം ജനിക്കുന്നതിന് ഏഴുമാസം മുമ്പ് ഞങ്ങളുടെ പിതാവ് ചൗധരി മുഹമ്മദ് ഹുസൈൻ സാഹിബിന് ഒരു സ്വപ്ന ദർശനമുണ്ടായി. അദ്ദേഹം മഗ്‌രിബ് നമസ്കാരത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുമ്പോൾ അദ്ദേഹത്തിന് അബ്ദുസ്സലാം എന്ന് പേരുള്ള ഒരു കുഞ്ഞിനെ കൈമാറുന്നതായിരുന്നു ആ ദർശനം. പാക്കിസ്ഥാനിലെ ലാഹോറിൽ നിന്നും നൂറ് മൈലുകൾ അകലെയുള്ള മോണ്ടുഗോമറി ജില്ല (ഇപ്പോഴത്തെ ഷിവാൻ ജില്ല) യിലെ സന്തോക് ദാസ് എന്ന സ്ഥലത്ത് 1926 ജനുവരി 29 നാണ് അബ്ദുസ്സലാം ജനിച്ചത്. അവിടെയായിരുന്ന ഞങ്ങളുടെ മാതാമഹൻ ഹസ്റത്ത് ഹാഫിസ് നബി ബക്ഷ് (റ) ജോലി ചെയ്തിരുന്നത്. അവിടെ അദ്ദേഹത്തിന് പട്വാരി ഉദ്യോഗമായിരുന്നു. ഖാദിയാനിൽ നിന്നും ഏതാനും മൈൽ അകലെയുള്ള ഫൈസുല്ലാ ചക്ക് എന്ന ഗ്രാമമായിരുന്നു അദ്ദേഹത്തിന്റെ സ്വദേശം. 1878 ൽ ഹസ്റത്ത് നബി ബക്ഷ് സാഹിബ് പതിനാലാം വയസ്സുമുതൽ ഹസ്റത്ത് മിർസാ ഗുലാം അഹ്മദ്ഖാദിയാനി (അ) യെ സന്ദർശിച്ചു വന്നിരുന്നു. അതായത് ഹസ്റത്ത് അഹ്മദ് (അ) മഹ്ദി വാദത്തിനും പതിനൊന്ന് വർഷം മുമ്പു തന്നെ നബി ബക്ഷ് സാഹിബ് ഹസ്റത്ത് അഹ്മദു (അ) മായി ബന്ധപ്പെട്ടിരുന്നു. അത്തരത്തിൽ സന്ദർശനം നടത്തിവന്ന അപൂർവ്വം വ്യക്തികളിലൊരാളായിരുന്നു അദ്ദേഹം. രാത്രി കാലങ്ങളിൽ അദ്ദേഹം ഖാദിയാനിലെ ബൈത്തുൽ ഫിക്റിൽ കഴിച്ചുകൂട്ടുകയുണ്ടായി. മസീഹ്മൗഊദിനോടൊപ്പം ആ മുറിയിൽ കഴിച്ചുകൂട്ടാനുള്ള ഭാഗ്യം അദ്ദേഹത്തിനു ലഭിക്കുകയുണ്ടായി. ഹസ്റത്ത് ഹാഫിസ് നബി ബക്ഷിനെ കൂടാതെ ആ മുറിയിൽ വാഗ്ദത്ത മഹ്ദിയോടൊപ്പം ഹസ്റത്ത് ഹാഫിസ് ഹാമിദ് അലിയായിരുന്നു ഉണ്ടായിരുന്നത്.

ഞങ്ങൾ ഏഴ് സഹോദരന്മാരിൽ മൂത്തയാളായിരുന്നു ഡോ. അബ്ദുസ്സലാം. ഞങ്ങൾക്ക് ഒരു സഹോദരിയുമുണ്ടായിരുന്നു. ഡോ. സലാം യുവാവായി വളർന്നത് ലാഹോറിൽ നിന്നും 135 മൈലുകൾ അകലേയുള്ള ജംഗ് പട്ടണത്തിൽ വെച്ചാണ്. എന്റെ മാതാപിതാക്കൾ പ്രത്യേകിച്ച് പിതാവ് അദ്ദേഹത്തിന്റെ വളർച്ചയിൽ നിർണ്ണായകമായ ഒരു സ്ഥാനം വഹിച്ചു. ചെറുപ്പത്തിൽ തന്നെ ഒരു പ്രതിഭാശാലിയുടെ കഴിവുകൾ പ്രദർശിപ്പിച്ചിരുന്ന അദ്ദേഹത്തെ പിതാവ് പ്രത്യേകം ശ്രദ്ധയോടെയാണ് വളർത്തിയത്. ഒരു കഥാപുസ്തകം വായിച്ചുകഴിഞ്ഞാൽ സലാമിനോട് അതിലെ കഥ പറഞ്ഞുകൊടുക്കാൻ പിതാവ് ആവശ്യപ്പെടുമായിരുന്നു. ഈ പ്രവൃത്തിയുടെ ഉദ്ദേശ്യത്തെപ്പറ്റി ഞങ്ങളുടെ പിതാവ് അദ്ദേഹത്തിന്റെ ഡയറിയിലെഴുതി: ' സലാമിന് ഓർമശക്തി നിലനിർത്താനും വായിച്ചതിന്റെ ആശയ പ്രകടനശേഷി വളർത്താനും വേണ്ടിയാണിത്'. വിദ്യാഭ്യാസവകുപ്പിൽ ജോലി ചെയ്തിരുന്ന ഞങ്ങളുടെ പിതാവ് സലാമിന്റെ വിദ്യാഭ്യാസ കാര്യങ്ങളിൽ അതീവ തൽപരനായിരുന്നു. സലാമിന്റെ അദ്ധ്യാപകരുമായി അദ്ദേഹം ഇടക്കിടെ കൂടിക്കാഴ്ചകൾ നടത്തി പുരോഗതി ആരായുമായിരുന്നു. സലാം ഒരിക്കലും പിതാവിനെ നിരാശപ്പെടുത്തിയില്ല.

1940 ൽ 14-ാം വയസ്സിൽ തന്നെ സലാം മെട്രിക്കുലേഷൻ പരീക്ഷക്കെഴുതി. പഞ്ചാബ് യൂണിവേഴ്സിറ്റിയിൽ നിന്നും 850 ൽ 765 മാർക്കോടുകൂടി

അദ്ദേഹം പരീക്ഷ പാസ്സായി. പഞ്ചാബ് യൂണിവേഴ്സിറ്റിയിലെ സർവ്വകാല റിക്കാർഡ് ആയിരുന്നു ഇത്. ഇന്റർമീഡിയേറ്റ്, ബി.എ, എം. എ. എന്നീ പരീക്ഷകളിലെല്ലാം യൂണിവേഴ്സിറ്റി തലത്തിൽ അദ്ദേഹം ഒന്നാമനായിരുന്നു. ബി.എ പരീക്ഷയിൽ 500 ൽ 451 മാർക്ക് അദ്ദേഹം നേടി. ബി. എ. ഓണേഴ്സ് ഇംഗ്ലീഷ് പരീക്ഷയിലും അദ്ദേഹം ഒന്നാമനായിരുന്നു. 1942, 1944, 1946 എന്നീ വർഷങ്ങളിൽ പഞ്ചാബ് യൂണിവേഴ്സിറ്റിയിൽ നിന്നും സലാം കരസ്ഥമാക്കിയ ഈ റിക്കാർഡ് ഇന്ന് വരെ ഭേദിക്കപ്പെട്ടിട്ടില്ല. അവിഭക്ത പഞ്ചാബിലെ ഈ യൂണിവേഴ്സിറ്റിയിൽ നിന്നും ഹിന്ദു, സിക്ക്, മുസ്‌ലിം വിദ്യാർത്ഥികളുമായി മത്സരിച്ചായിരുന്നു സലാം ഈ നേട്ടം കൈവരിച്ചത്.

സലാമിന്റെ പിതാവ് അദ്ദേഹത്തെ സിവിൽ സർവീസ് പരീക്ഷക്ക് ഇരുത്താനായിരുന്നു ആഗ്രഹിച്ചത്. പക്ഷേ 20 -ാം നൂറ്റാണ്ടിലെ ഏറ്റവും മഹാൻമാരായ ശാസ്ത്രജ്ഞന്മാരിൽ ഒരാളായിത്തീരാനായിരുന്നു സലാമിന്റെ വിധി. അതായത് സിവിൽ സർവ്വീസ് പരീക്ഷ രണ്ടാം ലോക മഹായുദ്ധം കാരണം നിർത്തിവയ്ക്കുകയായിരുന്നു. അതുകാരണം അദ്ദേഹത്തിന് പരീക്ഷ എഴുതാൻ സാധിച്ചില്ല.

പഞ്ചാബ് മുഖ്യമന്ത്രി ആയിരുന്ന മാലിക്ക് ഖിസാർ ഹയാത്ത് ബ്രിട്ടീഷുകാർക്ക് വേണ്ടി യുദ്ധ ഫണ്ട് സ്വരൂപിക്കുകയുണ്ടായി. അപ്പോഴേക്കും 1945 ൽ രണ്ടാം ലോക മഹായുദ്ധം അവസാനിച്ചു. അതോടെ യുദ്ധ ഫണ്ട് ഉപയോഗശൂന്യമായിത്തീർന്നു. അപ്പോൾ അന്നത്തെ പഞ്ചാബ് മന്ത്രിസഭയിലെ അംഗമായിരുന്ന സർ ചോട്ടു രാമന് ഒരു മഹത്തായ ആശയം ഉദിച്ചു. ഈ ഫണ്ട് ഉപയോഗിച്ച് 25 രൂപയിൽ താഴ്ന്ന നികുതി വർഷത്തിൽ അടക്കുന്ന പഞ്ചാബിലെ ചെറുകിട കർഷകരുടെ മക്കൾക്ക് വിദേശത്ത് ഉന്നത പഠനത്തിന് സ്കോളർഷിപ്പ് നൽകാൻ തീരുമാനിച്ചു. ഈ അവാർഡ് ലഭിക്കാനുള്ള ഭാഗ്യം സലാമിന് സിദ്ധിച്ചു. സലാം തന്റെ പഠനം കാംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിൽ തുടരാനാണ് തീരുമാനിച്ചത്.

സാധാരണ ഗതിയിൽ ഒരു വർഷം മുമ്പു തന്നെ കാംബ്രിഡ്ജിൽ അപേക്ഷ സമർപ്പിക്കണം. 1947 ലെ എം. എ. സെഷനിലെ അഡ്മിഷന് വേണ്ടി 1946 മാർച്ചിൽ തന്നെ സലാം അപേക്ഷ സമർപ്പിച്ചു. ഭാഗ്യവശാൽ ആ വർഷം അപ്രതീക്ഷിതമായി സെന്റ് ജോൺസ് കോളേജിൽ ഒരു ഒഴിവ് വരികയുണ്ടായി. ഇതു കാരണം 1946 ൽ തന്നെ സലാമിന് കാംബ്രിഡ്ജിൽ പ്രവേശനം ലഭിക്കുകയുണ്ടായി. ആ വിവരം ലഭിക്കുന്നതിന് ഒരു ദിവസം മുമ്പ് മാത്രമാണ് സലാമിന് സ്കോളർഷിപ്പ് അനുവദിക്കപ്പെട്ട വിവരവും അറിയുന്നത്. ഉടനെ തന്നെ അദ്ദേഹം ലണ്ടനിലേക്ക് പുറപ്പെടാൻ തയ്യാറായി. കപ്പൽ കയറ്റാൻ വേണ്ടി മുൽത്താനിൽ (പഞ്ചാബ്) നിന്നുമായിരുന്ന ബോംബെയിലേക്ക് പുറപ്പെട്ടത്. മുൽത്താനിലായിരുന്നു ഞങ്ങളുടെ പിതാവ് അക്കാലത്ത് ജോലി നോക്കിയിരുന്നത്. അദ്ദേഹം തന്നെയായിരുന്നു മുൽത്താനിലെ അഹ്മദിയ്യാ ജമാഅത്തിന്റെ അമീറും.

കപ്പലിൽ ലണ്ടനിലേക്ക് പുറപ്പെടുവാൻ വേണ്ടി സലാം ബോംബെയിൽ ഒരു രാത്രി തങ്ങി. അന്നു പാതിരാത്രി സലാമിന് ഭീകരമായ ഒരനുഭവമുണ്ടായി. പാതിരാക്ക് അദ്ദേഹം താമസിച്ചിരുന്ന ഹോട്ടൽ മുറിയുടെ കതകിൽ ആരോ മുട്ടുന്ന ശബ്ദം കേട്ടു വാതിൽ തുറന്നപ്പോൾ രണ്ടു ബ്രിട്ടീഷു പോലീസുകാർ കതകിനു മുൻപിൽ നിൽക്കുന്നു. അവർ സലാമിനെ അറസ്റ്റു ചെയ്യുവാനായിരുന്നു വന്നത്. അവർക്കു കിട്ടിയ വിവര പ്രകാരം പട്ടാളത്തിൽ നിന്നും ഒളിച്ചോടിയ ഒരാളാണ് പ്രസ്തുത മുറിയിൽ വസിക്കുന്നത് എന്നാണ്. പാവം സലാം ആകപ്പാടെ അമ്പരന്നുപോയി. എന്താണ് പട്ടാളക്കാർ പറയുന്നതെന്ന് മനസ്സിലാവാതെ സലാം അന്തം വിട്ടു നിന്നു. അദ്ദേഹം മനസ്സാന്നിദ്ധ്യം വീണ്ടെടുത്ത് തന്റെ പാസ്പോർട്ടും മറ്റു രേഖകളും കാണിച്ചുകൊണ്ട് താനൊരു വിദ്യാർത്ഥിയാണെന്നും ഒളിച്ചോടുന്ന പട്ടാളക്കാരനല്ലെന്നും ബ്രിട്ടീഷ് മിലിട്ടറി പോലീസിനെ ബോധ്യപ്പെടുത്തുകയുണ്ടായി. കേംബ്രിഡ്ജിലേക്ക് പോകാനിരുന്ന തലേ രാത്രി അദ്ദേഹം അറസ്റ്റ് ചെയ്യപ്പെടുകയായിരുന്നെങ്കിൽ ലോകത്തിന് മഹാനായ ഒരു നോബൽ സമ്മാനജേതാവായ ശാസ്ത്രജ്ഞനെ നഷ്ടപ്പെടുമായിരുന്നു.

കാംബ്രിഡ്ജിൽ നിന്നും അബ്ദുസ്സലാം ഒന്നാം ക്ലാസോടെ ഗണിതശാസ്ത്രത്തിൽ ബി. എ. പരീക്ഷ പാസ്സായി. ഗണിത ശാസ്ത്രത്തിൽ ഒന്നാം ക്ലാസോടെ പാസ്സാകുന്നയാളെ Wrangler എന്നായിരുന്നു വിളിക്കാറ്. സ്കോളർഷിപ്പ് മൂന്ന് വർഷത്തേക്കായിരുന്നു. പക്ഷേ അദ്ദേഹം ബിരുദ പഠനം രണ്ടു വർഷം കൊണ്ടുതന്നെ പൂർത്തിയാക്കി. ബിരുദപഠനം കഴിഞ്ഞതിനു ശേഷം സലാം പിതാവിനോട് താൻ വീട്ടിലേക്ക് വരട്ടെയെന്ന് എഴുതി ചോദിച്ചു. പിതാവ് ഹസ്റത്ത് ഖലീഫത്തുൽ മസീഹ് രണ്ടാമൻ മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദി (റ) നോട് ഉപദേശം തേടിക്കൊണ്ട് കത്തെഴുതി. ഖലീഫ തിരുമനസ്സ് പിതാവിനെഴുതിയ മറുപടിയിൽ പറഞ്ഞു. 'എന്റെ അഭിപ്രായത്തിൽ ഒരു കൊല്ലത്തേക്ക് കൂടിയുള്ള സ്കോളർഷിപ്പ് ഒഴിവാക്കി സലാം നാട്ടിലേക്ക് വരുന്നത് വിഡിത്തമാണ്. ' ഖലീഫത്തുൽ മസീഹിന്റെ ഈ ഉപദേശം കിട്ടിയതിന് ശേഷം സലാം നാട്ടിലേക്ക് മടങ്ങിവന്നില്ല. കാംബ്രിഡ്ജിൽ തന്നെ തുടർന്നു ഫിസിക്സ് പഠിക്കാൻ തീരുമാനിച്ചു. ഫിസിക്സ് അദ്ദേഹം പ്രാഥമികമായി മാത്രമേ ഇന്റർമീഡിയറ്റ് ക്ലാസിൽ വെച്ചു പഠിച്ചിട്ടുണ്ടായിരുന്നുള്ളൂ. അദ്ദേഹം കഠിനമായി അദ്ധ്വാനിച്ചു. പരീക്ഷ ഒന്നാംക്ലാസോടെ പാസ്സായി. മാത്രമല്ല അദ്ദേഹം മറ്റൊരു അത്ഭുതം കൂടി കാഴ്ച വെച്ചു. മൂന്നു വർഷത്തെ ഫിസിക്സ് കോഴ്സ് ഒരു വർഷം കൊണ്ട് പഠിച്ചുതീർത്തു.

സലാം പിതാവിനെഴുതിയത് ഞാനോർക്കുകയാണ്: പരീക്ഷക്ക് തൃപ്തികരമായ രീതിയിൽ തനിക്ക് എഴുതുവാൻ സാധിച്ചിട്ടില്ല. പക്ഷേ താൻ പരീക്ഷ പാസ്സായത് ഒരു അത്ഭുതമാണ് എന്ന്. അദ്ദേഹം പിതാവിനോട് തനിക്കു വേണ്ടി പ്രാർത്ഥനയിലൂടെ അല്ലാഹുവിനോട് സഹായം തേടാൻ നിരന്തരം അഭ്യർത്ഥിക്കാറുണ്ടായിരുന്നു. റിസൾട്ട്

വന്നപ്പോൾ അദ്ദേഹം പാസ്സാകുക മാത്രമല്ല ഒന്നാം ക്ലാസോടെ ഒന്നാമ നായി പാസ്സായി.

ഒരിക്കൽ ഞാൻ സലാമിനോട് പരീക്ഷയിൽ എഴുതിയതിൽ അതൃപ്തികരമായത് എന്തായിരുന്നുവെന്നും, എന്തുകൊണ്ടാണ് പിതാവിന് അത്തരമൊരു കത്തെഴുതാൻ കാരണമെന്നും ചോദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു: "ഏട്ടുമണിക്കൂറായിരുന്നു അദ്ദേഹത്തിന്റെ ഫിസിക്സ് പ്രാക്ടിക്കൽ പരീക്ഷ. ചിക്കൻസാന്റ്‌വിച്ച് കഴിച്ചായിരുന്നു ആ മുഴുവൻ സമയ പ്രാക്ടിക്കൽ പരീക്ഷയും അദ്ദേഹം നിർവ്വഹിച്ചത്. പരീക്ഷയെല്ലാം കഴിഞ്ഞപ്പോഴാണ് പ്രാക്ടിക്കൽ പരീക്ഷയിൽ അദ്ദേഹം സ്വീകരിച്ച വഴി തെറ്റായിരുന്നുവെന്ന് ബോദ്ധ്യമായത്. സലാം ആകപ്പാടെ പരിഭ്രാന്തനായി. ഉടനെ പിതാവിന് പ്രാർത്ഥിക്കാൻ വേണ്ടി കത്തെഴുതി. ഞാൻ അദ്ദേഹത്തോട് ചോദിച്ചു: പിന്നെ യെങ്ങനെയാണ് താങ്കൾ പരീക്ഷയിൽ ഒന്നാം ക്ലാസോടെ പാസ്സായത്? അതിനുശേഷമുള്ള പരീക്ഷ തിയറിയുടേതായിരുന്നു. തിയറി പേപ്പർ നന്നായി എഴുതി. അതിന്റെ മികവിൽ പ്രാക്ടിക്കൽ പരീക്ഷ അവർ അവഗണിക്കുകയായിരുന്നു. ഇതായിരുന്നു സംഭവിച്ചത്. ഈ അത്ഭുതം സംഭവിച്ചത് പിതാവിന്റെ പ്രാർത്ഥന കൊണ്ടായിരുന്നു. ഖലീഫത്തുൽ മസീഹ് രണ്ടാമന്റെ വാക്കുകളാണ് എനിക്കപ്പോൾ ഓർമ്മ വന്നത്. 'നാം അസാധ്യമാണെന്ന് കരുതുന്ന സംഗതികൾ ദുആയുടെ ശക്തി മുഖേന സഫലമാകും' എന്നതായിരുന്നു ആ വാക്കുകൾ.

1949 ൽ സലാം തന്റെ സ്വദേശത്തേക്ക് മടങ്ങി. ഫിസിക്സിൽ ഡോക്ടറേറ്റ് എടുത്ത അദ്ദേഹം തന്റെ പി. എച്ച്. ഡിക്കുള്ള ഫിസിക്സ് തീസിസ് വെറും അഞ്ചു മാസം കൊണ്ടാണ് തയ്യാറാക്കിയത്. പക്ഷേ അദ്ദേഹത്തിന് ഡോക്ടറേറ്റ് ലഭിച്ചില്ല. കാരണം തിസീസ് സമർപ്പിക്കേണ്ട കാലയളവ് മൂന്നു വർഷമായിരുന്നു. അദ്ദേഹം അത് തയ്യാറാക്കിയതോ വെറും അഞ്ചുമാസം കൊണ്ടും. സ്കോളർഷിപ്പ് രണ്ടു വർഷത്തേക്ക് മാത്രമായിരുന്നത് കാരണം അദ്ദേഹം നാട്ടിലേക്ക് മടങ്ങി. ലാഹോർ ഗവൺമെന്റ് കോളേജിൽ ഗണിത ശാസ്ത്ര വിഭാഗം തലവനായും പഞ്ചാബ് യൂണിവേഴ്സിറ്റിയുടെ ഗണിത വിഭാഗം തലവനായും ഒരേസമയം അദ്ദേഹം ജോലി നോക്കി. വിദ്യാഭ്യാസ വകുപ്പിന്റെ ചരിത്രത്തിൽ ജോലിയിൽ നിയമിതനാകുന്ന അവസരത്തിൽ തന്നെ ഏഴ് ഇൻക്രിമെന്റ് അധികം ലഭിച്ച ഒരേയൊരു വ്യക്തി സലാമായിരുന്നു. 1952 ൽ മൂന്നു വർഷത്തിനു ശേഷം കാംബ്രിഡ്ജിൽ നിന്നും അവസാനമായി ഫിസിക്സിൽ അദ്ദേഹത്തിന് ഡോക്ടറേറ്റ് ലഭിച്ചു. പാക്കിസ്ഥാനിൽ നിന്നും തന്നെ തീസീസ് സമർപ്പിക്കാൻ കാംബ്രിഡ്ജ് യൂണിവേഴ്സിറ്റി അദ്ദേഹത്തിന് പ്രത്യേക അനുവാദം കൊടുക്കുകയായിരുന്നു.

1954 ൽ കാംബ്രിഡ്ജിലെ സെന്റ് ജോൺസ് കോളേജിൽ അദ്ദേഹം ലക്ച്ചററായി ജോലിയിൽ പ്രവേശിച്ചു. 1956 ൽ ലണ്ടനിലെ ഇമ്പീരിയൽ കോളേജിൽ സയൻസ് ആന്റ് ടെക്നോളജി വിഭാഗം വകുപ്പിൽ പ്രൊഫസ്സറായി നിയമിതനായി. 1993 ൽ അദ്ദേഹം ദിവംഗതനാവുന്നത് വരെ അവിടെത്തന്നെയാണ് പ്രവർത്തിച്ചത്.

പാക്കിസ്ഥാന്റെ മുഖ്യശാസ്ത്ര ഉപദേഷ്ടാവായി അദ്ദേഹം പ്രവർത്തിച്ചു. അഹ്മദികളെ പ്രധാനമന്ത്രി ഭൂട്ടോ അമുസ്ലിം ന്യൂനപക്ഷമായി പ്രഖ്യാപിച്ചപ്പോൾ അദ്ദേഹം ആ സ്ഥാനം രാജിവെക്കുകയാണുണ്ടായത്.

1964 ൽ സലാം വിയന്ന ആസ്ഥാനമായ IAEA (ഇന്റർനാഷണൽ ആറ്റമിക് എനർജി ഏജൻസി) യുടെ കീഴിൽ ഇറ്റലിയിലെ ട്രീസ്റ്റിയിൽ ഇന്റർനാഷണൽ സെന്റർ ഫോർ തിയററ്റിക്കൽ ഫിസിക്സ് സ്ഥാപിച്ചു പ്രവർത്തനമാരംഭിച്ചു. മൂന്നാം ലോക രാജ്യങ്ങളിൽ നിന്നുള്ള 40,000 ശാസ്ത്രജ്ഞന്മാർക്ക് ഈ കേന്ദ്രം ആരംഭിച്ചത് മുതൽ ഇന്നുവരെ പരിശീലനം നൽകിയിട്ടുണ്ട്. ഈ കേന്ദ്രം 1964 ൽ 350,000. അമേരിക്കൻ ഡോളർ മുതൽമുടക്കിയാണ് ആരംഭിച്ചത്. പിന്നീട് അത് 16 ബില്യൻ ഡോളറായി വർദ്ധിപ്പിച്ചു. ശാസ്ത്രീയ ജ്ഞാനവും അതിന്റെ നിർമ്മാണവും പൊതുസ്വത്തും ഒരു കൂട്ടായ്മയാണെന്ന് ഡോ. സലാം ഗാഢമായി വിശ്വസിച്ചിരുന്നു. അദ്ദേഹം ഈ കേന്ദ്രത്തിന്റെ സ്ഥാപക ഡയറക്ടറായിരുന്നു. 1979 ൽ ഡോ. സലാമിന് ഫിസിക്സിൽ - അടിസ്ഥാന ബലങ്ങളുടെ ഏകീകരണ സിദ്ധാന്തത്തിന് നോബൽ സമ്മാനം നൽകപ്പെട്ടു. അദ്ദേഹവും എസ്. വൈൻ ബർഗ്ഗും, ഗ്ലാസ്ഗോയുമായി സമ്മാനം പങ്കിടുകയായിരുന്നു. അദ്ദേഹമായിരുന്നു നോബൽ സമ്മാനം ലഭിച്ച ആദ്യത്തെ മുസ്ലിം അഹ്മദിയും. നോബൽ സമ്മാനമായി ലഭിച്ച പണം മുഴുവനും അർഹരായ വിദ്യാർത്ഥികൾക്ക് പഠനത്തിന് വേണ്ടി ഉപയോഗിക്കാൻ ഒരു ട്രസ്റ്റ് ഉണ്ടാക്കി. അതിൽ അദ്ദേഹം നിക്ഷേപിച്ചു.

1983 ൽ ഡോ. സലാം മൂന്നാം ലോകത്തിന് വേണ്ടി തേർഡ് വേൾഡ് അക്കാഡമി ഓഫ് സയൻസ് ഉണ്ടാക്കി. 1987-88 കാലങ്ങളിൽ അദ്ദേഹം ഈ അക്കാഡമിക്ക് പിന്തുണ പ്രഖ്യാപിച്ച് നിരവധി മൂന്നാം ലോക രാജ്യങ്ങളിലെ രാഷ്ട്രത്തലവന്മാരെ വ്യക്തിപരമായി സന്ദർശിക്കുകയുണ്ടായിട്ടുണ്ട്.

മാതാപിതാക്കന്മാരോടു അത്യധികം ആദരവ് കാട്ടുകയും വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങൾ കർശനമായി പാലിക്കുകയും ചെയ്ത ഏറ്റവും വിനീതനായ ഒരു പുത്രനായിരുന്നു സലാം. ഒരു സഹോദരൻ എന്ന നിലക്ക് ഞങ്ങളോട് അദ്ദേഹം അതീവ സ്നേഹം പ്രകടിപ്പിച്ചു. ഞങ്ങളുടെ ക്ഷേമ കാര്യങ്ങളിൽ അദ്ദേഹം എപ്പോഴും ഉത്കണ്ഠാകുലനായിരുന്നു. ഞങ്ങളുടെ വിദ്യാഭ്യാസ കാര്യങ്ങളിൽ അദ്ദേഹം ഞങ്ങൾക്ക് വഴികാട്ടിയുമായിരുന്നു. പരീക്ഷകളിൽ എന്നും ഒന്നാമനായിരുന്ന അദ്ദേഹമായിരുന്നു ഞങ്ങളുടെ മാതൃകാ പുരുഷൻ. എനിക്ക് ജ്യേഷ്ഠനുമായി സ്വതന്ത്രമായി സംസാരിക്കാൻ ഒരു മടിയുണ്ടായിരുന്നു. ഇത് മനസ്സിലാക്കിയ അദ്ദേഹം ഒരിക്കൽ എന്നെ അദ്ദേഹത്തിന്റെ മുന്നിൽ പിടിച്ചിരുത്തി. അദ്ദേഹത്തിന്റെ മുഖത്തേക്ക് നോക്കുവാൻ പറഞ്ഞു. എനിക്ക് മുഖത്ത് നോക്കാൻ

കഴിഞ്ഞില്ല. രണ്ടാമതും ഇടിമുഴങ്ങുന്ന ശബ്ദത്തിൽ അദ്ദേഹം ആജ്ഞാപിച്ചു. അപ്പോൾ എനിക്ക് ധൈര്യം ലഭിച്ചു. ഞാൻ അദ്ദേഹത്തിന്റെ മുഖത്ത് നോക്കി. പിന്നീട് എനിക്ക് അദ്ദേഹവുമായി സംസാരിക്കാൻ ഒരിക്കലും മടിയുണ്ടായില്ല. ഞാൻ അദ്ദേഹവുമൊത്ത് ലണ്ടനിൽ കുറച്ചുവർഷം താമസിച്ചിരുന്നു. ഞങ്ങൾ പല കാര്യങ്ങളും സ്നേഹിതന്മാരെപ്പോലെ സ്വതന്ത്രമായി സംസാരിച്ചു. പാക്കിസ്ഥാനിൽ അദ്ദേഹം വരുമ്പോഴെല്ലാം ഞാൻ അദ്ദേഹത്തെ റബ്വയിൽ എന്റെ കാറിൽ കൊണ്ടുപോകുമായിരുന്നു. റബ്വയിലേക്കുള്ള വഴിയിൽ ഞങ്ങൾ കുടുംബകാര്യങ്ങളും മറ്റു കാര്യങ്ങളും സംസാരിച്ചു. ഞാൻ മിക്കപ്പോഴും അദ്ദേഹത്തോട് തമാശകൾ പറയാറുണ്ട്. ഹൃദയ പൂർവ്വം ആ തമാശകൾ ആസ്വദിച്ച് അദ്ദേഹം ആർത്തു ചിരിക്കുമായിരുന്നു. ഉച്ചത്തിലായിരുന്നു അദ്ദേഹത്തിന്റെ ചിരി. അദ്ദേഹം ഞങ്ങളുടെ വിദ്യാഭ്യാസത്തിനും മറ്റു കാര്യങ്ങൾക്കുമെല്ലാം ഒരുപാട് പണം നൽകി സഹായിച്ചിട്ടുണ്ട്.

ഡോ. അബ്ദുസ്സലാം സ്നേഹബന്ധത്തിന് വളരെയേറെ പ്രാധാന്യം കല്പിച്ചിരുന്ന വ്യക്തിയാണ്. കുട്ടിക്കാലത്തുള്ള അദ്ദേഹത്തിന്റെ കളിക്കൂട്ടുകാരെ എന്നും സ്നേഹപൂർവ്വം ആദരവോടെയായിരുന്നു അദ്ദേഹം കണ്ടത്. ഒരിക്കൽ അദ്ദേഹം കറാച്ചിയിൽ നിന്നും മുൽത്താനിലുള്ള ഞങ്ങളുടെ മൂത്ത സഹോദരിയെ കാണാൻ പോകുകയായിരുന്നു. എയർപോർട്ടിൽ വെച്ച് പോലീസ് ഡി. ഐ. ജി. യും മറ്റ് ഉന്നത ഉദ്യോഗസ്ഥന്മാരും അദ്ദേഹത്തെ സ്വീകരിക്കാനെത്തി. അവിടെ ഒരു സാധാരണ പോലീസ് ഹവിൽദാരെ അദ്ദേഹം കണ്ടു. ഇദ്ദേഹത്തെ കണ്ടയുടനെ കൈകൊടുത്ത് വി. ഐ. പി. ലോഞ്ചിലേക്ക് തന്റെ കൂടെ വരാൻ പറഞ്ഞു. അത് തന്റെ സഹപാഠിയായിരുന്ന മോലാംസിം ഹുസൈൻ ആയിരുന്നു. തന്റെ മേലുദ്യോഗസ്ഥന്മാരുടെ മുമ്പിൽ വെച്ച് അദ്ദേഹം വി. ഐ. പി. ലോഞ്ചിലേക്ക് വരാൻ പരുങ്ങിനിന്നു. സലാം അദ്ദേഹത്തെ നിർബന്ധപൂർവ്വം അവിടേക്ക് കൊണ്ടുവന്നു. അദ്ദേഹത്തിന്റെ സീനിയർ ഉദ്യോഗസ്ഥന്മാർക്ക് തന്റെ കളിക്കൂട്ടുകാരനും സഹപാഠിയുമായിരുന്ന ഹുസൈനെ പരിചയപ്പെടുത്തിക്കൊടുത്തു.

തന്നെ എന്തെങ്കിലും വിധത്തിൽ സഹായിച്ചവരോട് പ്രത്യുപകാരം ചെയ്യാൻ സലാം ഒരിക്കലും മറന്നില്ല. അദ്ദേഹത്തിന്റെ വിനയവും മനുഷ്യത്വവും പ്രകടമാക്കുന്ന ഒരു സംഭവം ഞാനോർക്കുകയാണ്. ഒരിക്കൽ അദ്ദേഹം ചില ഔദ്യോഗിക കാര്യങ്ങൾക്കായി ലാഹോറിലേക്ക് വരികയായിരുന്നു. തന്റെ പഴയ വിദ്യാലയമായ ഗവൺമെന്റ് കോളേജിലേക്ക് കാർ തിരിച്ചുവിടാൻ ഡ്രൈവർക്ക് നിർദ്ദേശം നൽകി. കാറിലുണ്ടായിരുന്ന ഉന്നതോദ്യോഗസ്ഥൻ പറഞ്ഞു. 'സലാം സാഹിബ്, വേനലവധിയായത് കാരണം കോളേജ് അടച്ചിരിക്കുകയാണ്. അവിടെ ആരേയും കാണില്ല.' അപ്പോൾ സലാം പറഞ്ഞു. 'ഞാൻ കാണേണ്ട ആൾ തീർച്ചയായും അവിടെയുണ്ടാകും' അദ്ദേഹം കോളേജിലേക്ക് വണ്ടി വിടാൻ പറഞ്ഞു. അവിടെ തോട്ടത്തിൽ ചില വേലക്കാർ പണിയെടുത്തുകൊണ്ടിരിക്കുന്നത് കണ്ടു. ആ കൂട്ടത്തിൽ ഒരാളെ ചൂണ്ടി ഡ്രൈവറോട് അദ്ദേഹത്തെ വിളിച്ചുകൊണ്ടുവരാൻ പറഞ്ഞു. ആ തോട്ടം വേലക്കാരൻ കാറിനടുത്തേക്ക് വന്നു. അയാളുടെ പേര് സൈദാൻ എന്നായിരുന്നു. ഒരു വൃദ്ധനായ മനുഷ്യൻ. താൻ 1942-46 കാലങ്ങളിൽ കോളേജ് ഹോസ്റ്റലിലായിരുന്നപ്പോൾ അവിടെ വേലക്കാരനായി ജോലിനോക്കിയ ആളായിരുന്നു അദ്ദേഹം. ഡോ. സലാം സൈദാനെ കെട്ടിപ്പിടിച്ചു ആലിംഗനം ചെയ്തു. അദ്ദേഹത്തിന്റെ ആരോഗ്യത്തെക്കുറിച്ചു ചോദിച്ചു. കുടുംബകാര്യങ്ങളെപ്പറ്റിയും മറ്റു സുഖ വിവരങ്ങളുമന്വേഷിച്ചു. സലാം ആയിരം രൂപ അദ്ദേഹത്തിന്റെ കൈയിൽ വെച്ചു കൊടുത്തു. അപ്പോൾ സലാമിന്റേയും സൈദാന്റെയും കണ്ണുകളിൽ വെള്ളം നിറയുന്നത് കാറിലുള്ളവർക്ക് കാണാമായിരുന്നു.

അദ്ദേഹത്തിന്റെ ജീവിതം വളരെ ലളിതമായിരുന്നു. വളരെ നേരത്തെ അദ്ദേഹം ഉറങ്ങാൻ പോവും. വളരെ നേരത്തെ അദ്ദേഹം ഉണരുകയും ചെയ്യും. ഈ ചിട്ട അദ്ദേഹം ജീവിതം മുഴുവനും പാലിച്ചു. വളരെ ലളിതമായ ഭക്ഷണമായിരുന്നു അദ്ദേഹം കഴിച്ചത്. പരിപ്പുകറിയും മീൻ പൊരിച്ചതും അദ്ദേഹത്തിന്റെ ഇഷ്ടഭോജ്യമായിരുന്നു.

ഈ നൂറ്റാണ്ടിലെ ഏറ്റവും പ്രഗത്ഭരായ ശാസ്ത്രജ്ഞന്മാരിലൊരാളായിരുന്നു സലാം. മനുഷ്യനെ ആദരിക്കുകയും അഗാധമായി സ്നേഹിക്കുകയും ചെയ്ത വ്യക്തി. മുതിർന്നവരോടും അഹ്മദിയ്യാ ജമാഅത്തിലെ ഇമാമുമാരോടും അദ്ദേഹത്തിന് എന്തെന്നില്ലാത്ത ബഹുമാനമായിരുന്നു. അദ്ദേഹം ഒരു ഇതിഹാസമായിരുന്നു. നൂറ്റാണ്ടുകൾ കഴിയുമ്പോൾ മാത്രം ജനിക്കുന്ന അപൂർവ്വമായ ഒരു ഇതിഹാസം.

## ശാസ്ത്രത്തെ എതിർക്കുന്നവർ

നവീന വിജ്ഞാനങ്ങൾ ആർജ്ജിക്കുന്നതിനെ എതിർക്കുന്ന മൗലവിമാർ പിഴച്ചവരാണെന്നു ഞാൻ കരുതുന്നു. തങ്ങളുടെ ബലഹീനതകൾ മറച്ചുവെക്കാൻ വേണ്ടിയാണ് അവരിങ്ങനെ പറയുന്നത്. ആധുനിക വിജ്ഞാനങ്ങളെ കുറിച്ചുള്ള ഗവേഷണങ്ങൾ തെറ്റിലേക്ക് നയിക്കുമെന്നും ആളുകളെ ഇസ്ലാമിൽ നിന്നു അകറ്റിക്കളയുമെന്നും ഇവർ കരുതുന്നു. യുക്തിയും സയൻസും ഇസ്ലാമുമായി പൊരുത്തപ്പെടുകയില്ലെന്ന വീക്ഷണം അവർ പുലർത്തുന്നതായിട്ടാണ് തോന്നുന്നത്. തത്വശാസ്ത്രങ്ങളുടെ ദൗർബല്യങ്ങൾ തുറന്നു കാട്ടാൻ അവർക്ക് കഴിവില്ലാത്തതുകൊണ്ട് ആധുനിക വിഷയങ്ങൾ പഠിക്കുന്നത് അനുവദനീയമല്ലെന്നു സിദ്ധാന്തിച്ചുകൊണ്ട് തങ്ങളുടെ വീഴ്ചകളെ മറച്ചു പിടിക്കാൻ അവർ ശ്രമിക്കുകയത്രെ.

*ഹസ്റത്ത് അഹ്മദ് (അ) മൽഫൂസാത്ത് - I. പേ. 65,66*

ലേഖനം

# തമസ്സിന്റെ താവളം

കെ. പി. അഹ്മദ്

## മതദർശനങ്ങളെ നിഷ്ഫലമാക്കുന്ന രാഷ്ട്രീയ ദുരാഗ്രഹങ്ങളെക്കുറിച്ച്

മതദർശനങ്ങൾ മനുഷ്യസമൂഹത്തിന്റെ മോക്ഷമാർഗ്ഗത്തെയും അതുവഴി നേടിയെടുക്കാവുന്ന ജന്മസായൂജ്യത്തെയും വിളംബരം ചെയ്യുന്നു. മതത്തിന്റെ കാഴ്ചപ്പാടിൽ മനുഷ്യൻ സ്വന്തം ഭാവനാ വിലാസത്തെ ആശ്രയിച്ച് രൂപം നൽകിയ പ്രത്യയശാസ്ത്രങ്ങൾക്കോ അതുൾക്കൊള്ളുന്ന സങ്കുചിതമായ അതിർവരമ്പുകൾക്കോ സ്ഥാനമില്ല! ആത്മാവിനെ തൊട്ടുണർത്തി മനസ്സിനെ പരിവർത്തന വിധേയമാക്കാൻ പര്യാപ്തമായ ഭൂമികയാണ് മതദർശനങ്ങളുടേത്! അതുകൊണ്ടുതന്നെ ഒരു ദൈവിക സംവിധാനത്തിന്റെ കുറ്റമറ്റ വ്യവസ്ഥിതിയുടെ ശക്തിസ്രോതസ്സും കൂടിയാണത്! എന്നാൽ മനുഷ്യമസ്തിഷ്ക്കം വാർത്തെടുത്ത ഭൗതിക സംവിധാനങ്ങൾക്ക് ഈ ഗുണമേന്മയില്ലെന്നു മാത്രമല്ല, പലപ്പോഴും അത് പ്രായോഗിക തലത്തിൽ പ്രമാദങ്ങളുടെ ചുഴിയിലകപ്പെട്ട് തിരോധാനം ചെയ്യുന്നതായും കാണാം! ഫാസിസവും മാർക്സിവും കാലിടറിപ്പോയത് ചരിത്ര യാഥാർത്ഥ്യമായി അവശേഷിക്കുന്നു.

എന്നാൽ മതത്തിന്റെ പേരിൽത്തന്നെ മതദർശനങ്ങളെ വികലമാക്കുകയും താത്വികമായി ന്യായീകരണമില്ലാത്ത വിരുദ്ധവാദഗതികൾ ഉന്നയിക്കുകയും അതുമുഖേന സമൂഹത്തിൽ അസ്വാരസ്യം സൃഷ്ടിക്കുകയും ചെയ്യുന്ന സ്വാർത്ഥംഭരികളായ മതക്കാരെക്കുറിച്ചാണ് ഇവിടെ പരാമർശിക്കുന്നത്. വേലി തന്നെ വിള തിന്നുന്ന ഈ നാടകത്തിലെ അഭിനേതാക്കളായ നവോത്ഥാന ശില്പികളുടെ പിന്നാമ്പുറ ലക്ഷ്യം രാഷ്ട്രീയ സ്വപ്നങ്ങളല്ലാതെ മറ്റൊന്നുമല്ല! ഇവിടെയാണ് യഥാർത്ഥ മതദർശനങ്ങൾ പിൻതള്ളപ്പെടുന്നതും മതത്തിന്റെ മുഖം മൂടിയണിഞ്ഞ രാഷ്ട്രീയ സ്വപ്നങ്ങൾ ഉയിർത്തെഴുന്നേൽക്കുന്നതും!

'ഇടത്തേ ചെകിടത്തടിച്ചാൽ വലത്തേ ചെകിടും കാണിച്ചുകൊടുക്കാൻ' ആഹ്വാനം ചെയ്ത ക്രിസ്തുവിന്റെ അനുയായികളാണല്ലോ പണ്ട് മതം അപകടത്തിലാണെന്ന് പ്രചരിപ്പിച്ചു കുരിശുയുദ്ധത്തിനു പ്രേരണ നൽകിയതും കെട്ടുകഥകൾ മെനഞ്ഞെടുത്തതും! യൂറോപ്പിന്റെ ആഭ്യന്തര സംഘർഷങ്ങളിൽ നിന്നു മോചനം നേടാനും ഭരണാധിപന്മാരുടെ നേർക്കുള്ള പ്രജകളുടെ വെറുപ്പിനെ മറ്റൊരു ദിശയിലേക്കു തിരിച്ചുവിടാനും കുരിശിനെ കഥാപാത്രമാക്കി എന്നതാണ് കുരിശു യുദ്ധത്തിന്റെ യാഥാർത്ഥ്യം. ചരിത്രകാരനായ ശ്രീ. ടി. കെ. ഗംഗാധരൻ പറയുന്നു:

"1076 ൽ സെൽജുക്ക് തുർക്കികൾ ജറൂസലം കൈവശപ്പെടുത്തി. പലസ്തീൻ സന്ദർശിക്കുന്ന ക്രിസ്ത്യാനികളെ തുർക്കികൾ പീഡിപ്പിക്കുന്നുവെന്ന അതിശയോക്തിപരമായ കഥകൾ സന്യാസിയായ പീറ്റർ തുടങ്ങിയവർ യൂറോപ്പിലെ ക്രിസ്ത്യാനികളോടു വിവരിക്കുകയും അവരുടെ മതവികാരങ്ങളെ ഇളക്കിവിടുകയും ചെയ്തു. ഇതിനെതിരെ കുരിശുയുദ്ധം നടത്താൻ യൂറോപ്പിലെ ക്രിസ്ത്യാനികളെ പോപ്പ് അർബൺ രണ്ടാമൻ ഇളക്കിവിട്ടു"

(പാശ്ചാത്യ നാഗരികതയുടെ ചരിത്രം പേജ് 45)

ക്രിസ്തുമതദർശനങ്ങളെ മച്ചിൻ പുറത്ത് ഉറക്കിക്കിടത്തി ആ മതത്തിന്റെ പേരിൽത്തന്നെ യൂറോപ്പിന്റെ ആഭ്യന്തര സംഘർഷങ്ങൾക്കു പരിഹാരം കാണാനുള്ള തന്ത്രമായിരുന്നു കുരിശുയുദ്ധം! ഈ രാഷ്ട്രീയ സ്വപ്നസാക്ഷാൽക്കാരത്തിന് മതത്തെ കളിപ്പാട്ടം പോലെ അമ്മാനമാടാൻ പോപ്പ് അർബൺ രണ്ടാമൻ പച്ചക്കൊടി കാണിക്കുകയും ചെയ്തു. തത്വം ബലികൊടുത്ത് വൈകാരികമായ കാടത്തത്തിലേക്ക്

യൂറോപ്യൻ സമൂഹത്തെ തള്ളിവിട്ടു എന്നതാണ് ക്രിസ്തുമത നേതൃത്വം അന്നു നിർവ്വഹിച്ച ദൗത്യം!

ഇന്നിപ്പോൾ നമ്മുടെ കാലത്തേക്ക് തിരിച്ചു വരുമ്പോൾ 'ലോകാ സമസ്താ സുഖിനോ ഭവന്തു' എന്ന ശാന്തിയുടെയും ഐക്യത്തിന്റെയും സാഹോദര്യത്തിന്റെയും തെളിനീരൊഴുക്കിന് എന്താണ് സംഭവിച്ചത്? 'മാതാഭൂമി പുത്രോ പൃഥിവ്യ' എന്ന മഹത്തായ ദർശനത്തിലൂടെ ഭൂമിയാണ് മാതാവെന്നും അതിന്റെ പുത്രന്മാരാണ് നമ്മളെന്നും നിഷ്ക്കളങ്കമായി എഴുതിച്ചേർത്തവരൊക്കെ എവിടെപ്പോയി? ദൗർഭാഗ്യമെന്നു പറയാം, കാലവും കഥയും മാറിയപ്പോൾ നമ്മുടെ കർണ്ണങ്ങളെ അസ്വസ്ഥമാക്കുന്ന അനൈക്യത്തിന്റെ അപസ്വരങ്ങളാണ് നാം ഏറ്റുവാങ്ങുന്നത്.

"ഈ ഹിന്ദുസ്ഥാൻ ഹിന്ദുക്കളുടെ മാത്രം ദേശമല്ലെന്നും ആർക്കും ആഗ്രഹിക്കുന്നതുപോലെ ഒക്കെ പെരുമാറാമെന്നും ധരിക്കുന്നവർ ഇന്നു ചിലരുണ്ട്. രാഷ്ട്രം എന്ന വാക്കിനെ അതിന്റെ യഥാർത്ഥ അർത്ഥത്തിൽ മനസ്സിലാക്കിയാൽ മാത്രമേ ഈ രാഷ്ട്രം ഹിന്ദുരാഷ്ട്രമാണ്, ഹിന്ദുക്കളുടേതാണ് എന്ന സത്യം മനസ്സിലാക്കാൻ കഴിയുകയുള്ളൂ".(കേസരി 15-1-1989)

ശാന്തിയും ഐക്യവും സാഹോദര്യവും ഭൂമിയും മാതാവും പുത്രന്മാരുമൊക്കെ ഒറ്റയടിക്ക് ചാരക്കൂമ്പാരമാക്കി മാറ്റാൻ ഈ പ്രഖ്യാപനത്തിന്റെ വക്താക്കൾക്കു കഴിഞ്ഞു. ഇതോടൊപ്പം ഇന്ത്യയിലെ ബഹുഭൂരിഭാഗം വരുന്ന മതേതരന്മാരെ മാന്തിക്കീറാനും അവർ മടികാണിച്ചില്ല.

"വൈദേശികമതങ്ങളും അവയെ താങ്ങി നടക്കുന്ന വൈതാളികന്മാരും മൂടുതാങ്ങികളുമാണ് ഇന്ന് ഭാരതാംബയുടെ കണ്ണിലെ കരടുകളായിത്തീർന്നിട്ടുള്ളത്" (കേസരി 27-7-1987)

മറ്റു മതങ്ങളെയും വിശ്വാസങ്ങളെയും ആശ്ലേഷിച്ചാദരിച്ച സാംസ്കാരിക പൈതൃകമാണ് ഭാരതത്തിന്റേത്. ഭാരതീയ തത്വചിന്തകളിലും ദർശനങ്ങളിലും സഹവർത്തിത്വത്തിന്റെ സന്ദേശം തന്നെയാണ് നിറഞ്ഞു നിൽക്കുന്നതും! പക്ഷേ, നാമിന്ന് കാണുന്നത് മഹത്തായ ദർശനങ്ങളൊക്കെ കടപുഴക്കി എറിയാനും ഇന്ത്യയുടെ മതേതരസ്വഭാവം തുടച്ചുമാറ്റാനും ശ്രമിക്കുന്ന ഒരു വിഭാഗത്തെയാണ്. ഇത്തരം നിഷേധങ്ങളിലൂടെ ഭാരതീയദർശനങ്ങളെ അവഗണിച്ചു തള്ളിയവർ അവരുടെ രാഷ്ട്രീയ സ്വപ്നങ്ങൾക്ക് അടിത്തറപാകിയെന്നതാണ് വസ്തുത!

ഇനി നമ്മുടെ കാലത്തിലേക്കെന്ന പോലെ നമ്മുടെ മതത്തിലേക്കും തിരിച്ചുവരുമ്പോൾ, 'മനുഷ്യസമൂഹമേ, നിങ്ങളെ നാം സൃഷ്ടിച്ചിട്ടുള്ളത് ഒരേ ആണിൽനിന്നും പെണ്ണിൽനിന്നുമാണെന്നും, നിങ്ങളെ ഗോത്രങ്ങളും ജനപഥങ്ങളുമായി വേർതിരിച്ചത് നിങ്ങൾ പരസ്പരം തിരിച്ചറിയുന്നതിനും വേണ്ടിയാണെ'ന്നും പ്രഖ്യാപിക്കുന്ന അതിർവരമ്പുകളില്ലാത്ത പ്രവിശാലമായ ഇസ്‌ലാം മതദർശനത്തിന്റെ വക്താക്കളാണോ നമ്മുടെ കൂട്ടത്തിലുള്ളത്? മറിച്ച്, സമാധാന സന്ദേശം വഹിക്കുന്ന ഇസ്‌ലാമിനും അനുസരണത്തിന്റെ പ്രതീകമായ മുസ്‌ലിമിനും ഭീകരതയുടെ മുഖാവരണം വിതരണം ചെയ്യുന്ന താത്വികചാര്യന്മാരോ? അബുൽ അഅ്ലാ മൗദൂദി പറയുന്നതു നോക്കുക.

" മനുഷ്യന്റെ മേൽ അല്ലാഹുവിന്റേതല്ലാത്ത മറ്റൊരു ആധിപത്യവും നടക്കാതിരിക്കുന്ന ഒരു ചതുരശ്രമൈൽ ഭൂമി ലഭിക്കുകയാണെങ്കിൽ ആ ഒരു പിടിമണ്ണിനായിരിക്കും മുഴുവൻ ഇന്ത്യയേക്കാൾ ഞാൻ വിലമതിക്കുക".

(അബുൽ അഅ്ലാ-തെഹ്‌രീകെ ആസാദീഹിന്ദ് ഔർ മുസൽമാൻ പേജ്19)

മനുഷ്യസമൂഹത്തെ സംബോധന ചെയ്തു കൊണ്ടു ഭൂമിയിലെ ജനപഥങ്ങളുമായി സമ്പർക്കം പുലർത്താനും പരസ്പരം തിരിച്ചറിയാനും മനുഷ്യർ ഒരമ്മപെറ്റ മക്കളാണെന്നും ഖുർആൻ ഉൽബോധിപ്പിക്കുമ്പോൾ, ഇന്ത്യയിലെ ഒരു തുണ്ടു ഭൂമിയിൽ ചുറ്റുമതിൽ കെട്ടി, ഇതര മതസ്ഥരായ പിശാചുക്കൾക്ക് പ്രവേശം നിഷേധിച്ച്, തന്റെ സങ്കുചിതമായ മനസ്സ് രൂപം കൊടുത്ത ദൈവിക ഭരണം സ്ഥാപിച്ചെടുക്കാനാണ് അബുൽഅഅ്ലാ മൗദൂദി വിയർക്കുന്നത്! മാത്രമല്ല. ഈ ഭരണം നടപ്പിലാക്കാൻ അണികൾക്ക് ആത്മവീര്യം പകർന്നുകൊണ്ട് മറ്റൊരു സിറിഞ്ചും കൂടി അദ്ദേഹം കുത്തിവെക്കുന്നു.

"അതുകൊണ്ട് മുമ്പോട്ടു കടന്നുവന്ന്, അല്ലാഹുവിനെ ധിക്കരിക്കുകയും അവന്റെ ഭൂമിയിൽ രാജ്യദ്രോഹികളായി വർത്തിക്കുകയും ചെയ്യുന്നവരുടെ കൈകൾ പിടിച്ചുനിർത്തുകയും അല്ലാഹുവിന്റെ പ്രാതിനിധ്യമാകുന്ന അധികാരം സ്വയം കയ്യേൽക്കുകയും ചെയ്യുക" (മൗലാനാ മൗദൂദി - ഖുത്തുബാത്ത് പേജ് 397)

മതദർശനങ്ങളെ പാടെ വകഞ്ഞുമാറ്റി മതത്തിന്റെ വിലാസത്തിൽ രാഷ്ട്രീയ സ്വപ്നങ്ങൾക്കു നിറം കൊടുക്കാനുള്ള ഇബ്‌ലീസിന്റെ അരങ്ങേറ്റം തന്നെയാണ് ഇവിടെയും സംഭവിച്ചത്! ഇസ്‌ലാം ഒരിക്കൽ പോലും വിഭാവന ചെയ്യാത്ത ബലപ്രയോഗത്തെ മൗലാനാ മൗദൂദി പ്രോത്സാഹിപ്പിച്ചപ്പോൾ ചിലരെങ്കിലും വരാനിരിക്കുന്ന ഇസ്‌ലാമിക ഭരണകൂടവും സ്വാലിഹീങ്ങളുടെ സ്വർഗ്ഗരാജ്യവും കിനാവു കണ്ടിരിക്കും! പക്ഷേ, കാര്യം നടന്നില്ലെന്നു മാത്രമല്ല. അത്താഴം മുടക്കാൻ നീർക്കോലിയും മതിയെന്ന് പഴമക്കാർ പറഞ്ഞതുപോലെ ഇതരമതക്കാർക്ക് ഇസ്‌ലാം ഭീകരതയെ പെരുപ്പിച്ചുകാണിക്കാനും, മുസ്‌ലിംകൾ നോട്ടപ്പുള്ളികളാവാനും ഇതൊക്കെ ആയുധമായി! തമസ്സ് താവളം തേടി നടന്നപ്പോൾ ഒരു പറ്റം മനുഷ്യമസ്തിഷ്ക്കങ്ങളെത്തന്നെയാണ് കണ്ടെത്തിയത്! അതിന്റെ പ്രത്യാഘാതമോ? ജൂത ഭീകരത, ക്രൈസ്തവ ഭീകരത, ഹൈന്ദവ ഭീകരത, ഇസ്‌ലാം ഭീകരത തുടങ്ങിയ ഭീകരസംഗമത്തിന്റെ കനത്ത ഭാരം ചുമന്നുകൊണ്ട് നമ്മുടെ കാലം കിതപ്പോടെ കടന്നുപോകുന്നു! ഈ ദൗർഭാഗ്യത്തിന് ദൈവമോ മതങ്ങളോ മതദർശനങ്ങളോ ഉത്തരവാദികളല്ല!

# സ്വർഗ്ഗനരകങ്ങൾ ഇസ്‌ലാമിന്റെ വീക്ഷണത്തിൽ -III

എ. പി. കുഞ്ഞാമു

**സ്വർഗ്ഗനരകങ്ങൾ പദാർത്ഥപരമല്ല. ആത്മീയമാണ്. പദവി ഭേദങ്ങളുള്ള സ്വർഗ്ഗം ശാശ്വതമാണെങ്കിൽ നരകം ഒരു താൽക്കാലികമായ സംസ്ക്കരണ സംവിധാനം മാത്രമാണ്.**

സ്വർഗ്ഗനരകങ്ങൾ ഓരോ വ്യക്തിയെ സ്സംബന്ധിച്ചും വിഭിന്നമായിരിക്കും. സ്വർഗ്ഗ പ്രവേശനത്തിന് പാസ്സ് മാർക്ക് ലഭിക്കണമെങ്കിൽ കുറഞ്ഞത് 51% എങ്കിലും മാർക്ക് ലഭിച്ചിരിക്കണം എന്നതാണ് വിശുദ്ധ ഖുർആൻ നൽകുന്ന സൂചന. സൂറ: അൽമുഅ്മിനൂനിൽ അല്ലാഹു പറയുന്നു: "ആരുടെ (സൽക്കർമ്മങ്ങളുടെ) തുലാസ്സുകൾ ഭാരം കൂടുതലാണോ അക്കൂട്ടർ തന്നെയാണ് വിജയികൾ. ആരുടെ (സൽക്കർമ്മങ്ങളുടെ) തുലാസ്സുകൾ ലഘുവായോ അവരത്രെ തങ്ങളുടെ ആത്മാക്കളെ നഷ്ടത്തിലാക്കിയവർ. അവർ നരകത്തിൽ ചിരകാലവാസികളായിരിക്കും" (23:103, 104). ഈ ആയത്തിൽ നിന്നു മനസ്സിലാവുന്നതു നല്ലതും ചീത്തയുമായ കർമ്മങ്ങൾ പരലോകത്തിൽ തുലനം ചെയ്യപ്പെടുമെന്നാണ്. അപ്പോൾ അതിന്റെ അടിസ്ഥാനത്തിലായിരിക്കും രക്ഷയും ശിക്ഷയും. സൽക്കർമ്മങ്ങൾ കൂടുതൽ ചെയ്ത ആൾക്ക് അതനുസരിച്ചും തിന്മ കൂടുതൽ ചെയ്ത ആൾക്ക് അതനുസരിച്ചും രക്ഷാശിക്ഷകൾ ലഭിക്കും. നരകത്തെ ഒരു ആശുപത്രിയോട് ഉപമിക്കുമ്പോൾ അതിലുള്ള രോഗികൾ പ്രതിജ ന ഭിന്നമായ രോഗാവസ്ഥയിലുള്ളവരായിരിക്കുമല്ലോ. ഒരേ രോഗം തന്നെ പലർക്കും വിവിധ രീതിയിലും ശക്തിയിലുമായിരിക്കും ബാധിച്ചിട്ടുണ്ടാകുക. ചിലർക്ക് ഔഷധസേവകൊണ്ട് പെട്ടെന്ന് രോഗം ഭേദമാകും. ചിലർക്ക് ദീർഘകാലത്തെ കയ്പേറിയ ചികിത്സ ആവശ്യമായി വരും. മറ്റു ചിലർക്ക് വേദനാജനകമായ ഓപ്പറേഷൻ വേണ്ടിവരും. അങ്ങനെ രോഗശമനത്തിനും ആരോ ഗ്യം വീണ്ടെടുക്കാനും വിവിധ രീതികളും മാർഗ്ഗങ്ങളും അവലംബിക്കപ്പെടുന്നു. അതുപോലെ നരകത്തിലെ ശി ക്ഷയനുഭവിക്കുന്ന ആളുകളിലും ഈ അവസ്ഥാ ഭേദങ്ങൾ ദൃശ്യമാണ്. അപ്രകാരം തന്നെ സ്വർഗ്ഗസ്ഥരിലും പദവി വ്യാത്യാസങ്ങളും അവസ്ഥാ ഭേദങ്ങളുമുണ്ടായിരിക്കും.ഇഹലോകത്തോടുപമിച്ചു പറയുമ്പോൾ പരീക്ഷകളിൽ പാസാകുന്ന വിദ്യാർത്ഥികൾക്കു റാങ്കുകൾ നൽകാറുണ്ടല്ലോ. പരീക്ഷയിൽ അവർ പ്രകടിപ്പിച്ച കഴിവുകളെ അടിസ്ഥാനമാക്കി റാങ്കുകൾ നൽകിയാണ് ഫലപ്രഖ്യാപനമുണ്ടാകുക. അതുപോലെ ഇഹലോകത്തിലെ ജീവിത പരീക്ഷണങ്ങളിൽ ജീവിത വിശുദ്ധി മുറുകെപ്പിടിച്ചു സൽക്കർമ്മങ്ങളും ആരാധനകളും നിർവ്വഹിച്ചു മരണമടയുന്നവർക്ക് അവരുടെ കർമ്മങ്ങളുടേയും വിശ്വാസങ്ങളുടേയും തോതനുസരിച്ച് സ്വർഗ്ഗത്തിൽ പദവി ഭേദത്തോടെയുള്ള സ്ഥാനങ്ങൾ ലഭിക്കുന്നു. സ്വർഗ്ഗം എന്നത് നിശ്ചലമായ അവസ്ഥയല്ല. പുരോഗതിയും വികാസവും മൂലം അവിടെയും ചലനാത്മകമാണ്. അഭിവൃദ്ധിയുടെ ഓരോ പദവികളും താണ്ടുമ്പോൾ പഴയ അവസ്ഥയെ അപേക്ഷിച്ച് പുതിയ പദവിയും ആഗ്രഹിക്കുമെന്നും അതിനുവേണ്ടി മഗ്ഫിറത്തിനായി ദുആ ചെയ്യുമെന്നും വിശുദ്ധഖുർആൻ പറയുന്നു. ഇതു സംബന്ധിച്ചു വാഗ്ദത്ത മഹ്ദി മസീഹ് (അ) വിശുദ്ധഖുർആനിലെ ഒരു ആയത്ത് വ്യാഖ്യാനിക്കുന്നത് കാണുക"

"ഈ ലോകത്തു വെച്ച് സത്യബോധപ്രകാശം സിദ്ധിച്ച വിശ്വാസികളുടെ ആ ദിവ്യപ്രകാശം ന്യായവിസ്താര നാളിൽ അവരുടെ മുൻവശത്തും വലതുവശത്തും പ്രവഹിച്ചുകൊണ്ടിരിക്കുന്നതാണ്. ഹേ ഞങ്ങളുടെ നാഥാ, നീ ഞങ്ങളുടെ പ്രകാശം പരിപൂർണ്ണമാക്കിത്തരുകയും ഞങ്ങളെ നിന്റെ "മഗ്

ഫിറത്തിൽ" അഥവാ സംരക്ഷണത്തിൽ സ്വീകരിക്കുകയും ചെയ്യേണമേ. നീ സർവ്വവസ്തുക്കളുടെയും മേൽ ശക്തിയുള്ളവനാണല്ലോ?" എന്നു അവർ പ്രാർത്ഥിച്ചു കൊണ്ടിരിക്കും (66:9). ഈ വാക്യത്തിൽ അവർ തങ്ങളുടെ പ്രകാശ പൂർത്തിക്കായ് പ്രാർത്ഥിച്ചുകൊണ്ടിരിക്കുമെന്ന് പ്രസ്താവിക്കപ്പെട്ടിരിക്കുന്നതിൽ നിന്ന് മനസ്സിലാവുന്നതു സ്വർഗ്ഗത്തിലെ അഭിവൃദ്ധി അനന്തമായിരിക്കുമെന്നാണ്. അതായത് അവർ ആത്മപ്രകർഷമാകുന്ന പ്രകാശത്തിന്റെ ഒരു പൂർണ്ണത പ്രാപിച്ചുകഴിഞ്ഞാൽ അവിടെ നില്ക്കുന്നില്ല. ഈ ഘട്ടത്തിൽ അവർ ഉപരിയായ മറ്റൊരു ഉൽകൃഷ്ടത കാണുകയും ആദ്യത്തേത് അപൂർണ്ണാവസ്ഥയായി വിചാരിക്കുകയും അതിനപ്പുറമുള്ള രണ്ടാമത്തെ ഉൽകൃഷ്ടതക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. അതു സാധിച്ചു കഴിയുമ്പോൾ അവർ മൂന്നാമതൊരു ശ്രേഷ്ഠാവസ്ഥ കാണുമാറാകുന്നു. അപ്പോൾ അതുവരെയുള്ള സിദ്ധികളെല്ലാം അപൂർണ്ണമെന്നു ഗ്രഹിക്കുകയും ഉപരിയായ സ്ഥാനത്തിനു പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇങ്ങനെയുള്ള അനന്തമായ ഉൽക്കർഷേച്ഛയാണ് "അത്മീം" പരിപൂർണ്ണമാക്കേണമേ എന്ന പദം വെളിപ്പെടുത്തുന്നത്. ചുരുക്കത്തിൽ സജ്ജനങ്ങൾ ഇപ്രകാരം അനന്തമായ അഭിവൃദ്ധി പ്രാപിച്ചു കൊണ്ടിരിക്കുകയല്ലാതെ ഒരിക്കലും അധഃപതിക്കുകയോ സ്വർഗ്ഗത്തിൽ നിന്ന് ബഹിഷ്ക്കരിക്കപ്പെടുകയോ ഉണ്ടാവുന്നതല്ല. അവർ അശേഷം പുറകോട്ട് ഗമിക്കാതെ അനുനിമിഷം മുമ്പോട്ടു തന്നെ പോയ്ക്കൊണ്ടിരിക്കുന്നതാണ്" (ഇസ്‌ലാംമത തത്വജ്ഞാനം പേജ് 153, 154).

ഈ ആയത്തിൽ മഗ്ഫിറത്ത് എന്ന വാക്കുക്കൊണ്ടുദ്ദേശിക്കുന്നത്. അപൂർണ്ണമായ അവസ്ഥയെ കീഴമർത്തുക അല്ലെങ്കിൽ ഗോപനം ചെയ്യുക എന്നാണെന്ന് തുടർന്ന് വാഗ്ദത്ത മസീഹ് (അ) നമുക്ക് പറഞ്ഞുതരുന്നു. റസൂൽ തിരുമേനി (സ) ധാരാളമായി "ഇസ്തിഗ്ഫാർ" ചെയ്യാറുണ്ടെന്ന് ഹദീസുകളിൽ കാണുന്നു. അതിന്റെ താല്പര്യവും ഇസ്തിഗ്ഫാറിനുള്ള ആകാംക്ഷ മനുഷ്യനെ അനന്തമായ അഭിവൃദ്ധിയിലേക്ക് നയിക്കുന്നതിന് പ്രേരകമാക്കുന്നു എന്നാണ്. തിരുമേനി (സ) ക്ക് അത് അഭിമാനഹേതുകമാണ്. ഇത്തരം ആത്മീയ രഹസ്യങ്ങൾ മനസ്സിലാക്കിത്തരുവാൻ കഴിവുള്ളവർ ഈ ലോകത്തുവെച്ചുതന്നെ സ്വർഗ്ഗം അനുഭവിച്ചവരായിരിക്കും. വാഗ്ദത്ത മസീഹ് ആഗണത്തിൽപ്പെട്ടതു കൊണ്ടാണ് ഈ ആത്മീയ ഖജനാവ് നമുക്ക് ലഭിക്കുമാറായത്. വിശുദ്ധഖുർആനിലും ഈ കാര്യം അല്ലാഹു വ്യക്തമാക്കുന്നതു നോക്കുക. "നിർവ്യാജം വിശ്വസിക്കുകയും അന്യൂനമായി നന്മ പ്രവർത്തിക്കുകയും ചെയ്തവരെ താഴ് ഭാഗം അരുവികളൊഴുകുന്ന ആരാമങ്ങൾക്ക് തങ്ങൾ അവകാശികളായിരിക്കുമെന്നുള്ള ശുഭവാർത്ത ധരിപ്പിക്കുക. അവയിൽ നിന്നുള്ള ഫലങ്ങൾ അവിടെ വെച്ചു അവർക്ക് നല്കപ്പെടുമ്പോഴൊക്കെ ഈ ഫലങ്ങൾ മുമ്പേ ഞങ്ങൾക്ക് നല്കപ്പെട്ടവയാണല്ലോ എന്നു അവർ പറയുന്നതായിരിക്കും. (എന്തെന്നാൽ മുൻ ജീവിതത്തിൽ അനുഭവിച്ചിട്ടുള്ള ഫലങ്ങളോട്) സാദൃശ്യമുള്ളവ അവർക്ക് നൽകപ്പെടുന്നു" (2:26) ഈ ലോകത്ത് വെച്ചു സ്വർഗ്ഗീയ ആഹാരം ലഭിച്ചവരെപ്പറ്റിയാണ് ഈ സൂക്തം മനസ്സിലാക്കിത്തരുന്നത്. അല്ലെങ്കിൽ സ്വർഗ്ഗീയ ആഹാരം ഭൂമിയിലെ ഭക്ഷണ പദാർത്ഥമാണെങ്കിൽ അതു ഇവിടെയുള്ള പാപികളും ആസ്വദിച്ചതാണല്ലോ. അതുകൊണ്ടുതന്നെ അതു പ്രത്യേകം എടുത്തു പറയേണ്ട ഒരു കാര്യമായിരിക്കുകയില്ല തന്നെ. ഐഹിക ജീവിതത്തിൽ അത്തരം സ്വർഗ്ഗീയ അനുഭൂതികൾ സച്ചരിതർക്ക് ലഭിക്കുന്നു. അതുകൊണ്ടാണ് ആത്മീയ ലോകത്തു വെച്ചു പൂർണ്ണമായി അവർ സ്വർഗ്ഗീയ വിഭവങ്ങൾ ആസ്വദിക്കുമ്പോൾ അത് സംബന്ധിച്ചു ഓർമ്മ വരുന്നത്. ചുരുക്കത്തിൽ പ്രസ്തുത ദൈവവാക്യം വ്യക്തമായും പറഞ്ഞുതരുന്നത്, ദൈവാനുരാഗി അവന്റെ യാതനയിലും വേദനയിലും അനുരാഗത്തിലും രാത്രിയുടെ അന്ധകാരത്തിലും ഏകാന്തതയിലും ആ പ്രേമഭാജനത്തിന്റെ മുമ്പിൽ സർവ്വവും സമർപ്പിച്ചു വിലപിച്ചു കൊണ്ടു പ്രാർത്ഥനയിൽ സർവ്വസ്വവും നിമഗ്നം ചെയ്യുമ്പോൾ അവൻ സ്വർഗ്ഗീയ ആഹാരത്തിന്റെ രുചി അറിയുന്നു എന്നാണ്. ചുറ്റുപാടും മർദ്ദനവും പന്തിവിരോധവും കാരണം ജീവിതമാർഗ്ഗങ്ങളെല്ലാം മുട്ടിനിൽക്കുന്ന അവസരത്തിൽ ആ ഭക്തന്റെ അന്തരാളങ്ങളിൽ നിന്നും പുറപ്പെടുന്ന ഗദ്ഗദങ്ങൾ ആത്മീയാഹാരമായി ആ ഭക്തൻ അനുഭവിക്കുന്നു. ഇതു ഭൗതിക നേത്രങ്ങൾക്കോ ഭൗതിക ശരീരത്തിനോ മനസ്സിലാവുന്ന തത്വമല്ല. അതുകൊണ്ടു ഇത്തരം വിഷയങ്ങൾ പറയുമ്പോൾ ആത്മീയ ദൃഷ്ടിയുള്ളവർക്ക് അതു മനസ്സിലാകും. വിശുദ്ധഖുർആനിൽ ഭക്തജനങ്ങൾക്കു രണ്ടു സ്വർഗ്ഗമുണ്ടെന്ന് പറഞ്ഞതിന്റെ സാരവും ഇതുതന്നെയാണ്. നബിമാർക്കും വലിമാർക്കും ഈ ആത്മീയ വീക്ഷണം ലഭിക്കുന്നതു സ്വർഗ്ഗീയ ആഹാരം അവർക്കു നൽകപ്പെടുന്നതു കൊണ്ടാണ്. ഹസ്റത്ത് അഹ്മദ് (അ) വാഗ്ദത്ത മഹ്ദി മസീഹ് ഒരു സ്ഥലത്ത് പറഞ്ഞത് ഞാനോർക്കുന്നു. ഭൗതിക വാദികൾ ഈ ലോകത്തിൽ നിന്നുള്ളവരാണ്. എന്നാൽ നബിമാർ സ്വർഗ്ഗത്തിൽ നിന്നുള്ളവരാണ്. അപ്പോൾ ഭൗതിക ദൃഷ്ടിക്ക് അവരെ കാണാനുള്ള കരുത്തില്ല. അതുകൊണ്ടു ഭൗതിക വാദികൾ അവരെ വെറുക്കുന്നു, എതിർപ്പു പ്രകടിപ്പിക്കുന്നു.

അപ്പോൾ മേലുദ്ധരിച്ചതിൽ നിന്ന് മനസ്സിലാവുന്ന ഒരു തത്വം നരകവാസിയും സ്വർഗ്ഗവാസിയും ആത്മീയ അഭിവൃദ്ധിയുടെ പാതയിൽ തന്നെയാണെന്നാണ്. ഈ അർത്ഥത്തിൽ നോക്കിയാൽ നരകവാസി നരകത്തിൽ നിന്നും വിമുക്തനാകുമ്പോഴേക്കും താഴെക്കിടയിലുള്ള സ്വർഗ്ഗസ്ഥൻ പോലും വളരെ മുന്നേറിയിരിക്കും. അപ്പോഴും നരകാവകാശി നിരാശൻ തന്നെയായിരിക്കുകയില്ലേ?

## പദവിഭേദത്തെപറ്റി റസൂൽ തിരുമേനി (സ)

വിശ്വാസികളിൽ രണ്ടു വിഭാഗക്കാരെ നമുക്ക് കാണാൻ സാധിക്കുന്നു. ഒരു

കൂട്ടർ നമസ്കരിക്കുന്നു, നോമ്പനുഷ്ഠിക്കുന്നു, അതുപോലുള്ള മറ്റു പുണ്യകർമ്മങ്ങൾ അനുഷ്ഠിച്ചു കഴിയുന്നു. മറ്റൊരു കൂട്ടർ ഒരു മുസ്‌ലിം നിർവ്വഹിക്കേണ്ട മേൽ ആരാധനകൾ അനുഷ്ഠിക്കുന്നതോടൊപ്പം അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ധനം കൊണ്ടും, ദേഹം കൊണ്ടും അത്യദ്ധ്വാനം (ജിഹാദ്) ചെയ്യുന്നു. ഈ രണ്ടു കൂട്ടരിൽ ആദ്യം പറഞ്ഞവർ രണ്ടാമത്തെ കൂട്ടരെക്കാൾ പദവി കുറഞ്ഞവരായിരിക്കുമെന്ന് വിശുദ്ധ ഖുർആനും തിരു ഹദീസും വ്യക്തമാക്കുന്നു. " അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ധനം കൊണ്ടും ദേഹം കൊണ്ടും അത്യദ്ധ്വാനം ചെയ്യുന്നവർക്ക്, വീട്ടിൽ ഇരുന്നുകൊണ്ടു സൽക്കർമ്മം അനുഷ്ഠിക്കുന്നവരേക്കാൾ ശ്രേഷ്ഠത നൽകിയിരിക്കുന്നു." (4:95). ഈ വാക്യത്തിൽ നിന്നു മനസ്സിലാകുന്ന തത്ത്വം ബുഖാരിയിൽ വന്ന ഒരു ഹദീസിൽ റസൂൽ തിരുമേനി (സ) വിവരിക്കുന്നതു കാണുക. "അല്ലാഹുവിലും അവന്റെ റസൂലിലും വിശ്വസിക്കുകയും നമസ്കാരം മുറപോലെ നിലനിർത്തുകയും റമദാനിൽ നോമ്പ് അനുഷ്ഠിക്കുകയും ചെയ്യുന്നവൻ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ശ്രമം ചെയ്യുന്നവനോ, താൻ ജനിച്ച വീടിന്റെ തോട്ടത്തിൽ ഇരിക്കുന്നവനോ, ആരായാലും - അവനെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുക എന്നതു അല്ലാഹുവിന്റെ പ്രതിജ്ഞയാണ്." "ഓ അല്ലാഹുവിന്റെ റസൂലേ ഞങ്ങൾ ഈ ശുഭ വാർത്ത ജനങ്ങളെ അറിയിക്കട്ടെയോ" എന്നു സഹാബാക്കൾ ചോദിക്കുകയുണ്ടായി. തുടർന്നു തിരുമേനി (സ) ഇങ്ങനെ അരുളി "അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ജിഹാദ് ചെയ്യുന്ന മുജാഹിദിന് അല്ലാഹു നൂറുപദവികൾ സ്വർഗ്ഗത്തിൽ ഒരുക്കിവെച്ചിട്ടുണ്ട്. ഓരോ പദവിയും ആകാശഭൂമികളുടെ വ്യത്യാസത്തിലാണ്. ഓ, മുസ്‌ലിംകളേ, നിങ്ങൾ സ്വർഗ്ഗം കൊതിക്കുന്ന പക്ഷം സ്വർഗ്ഗത്തിലെ 'ഫിർദൗ സ്' പദവികൾ ആഗ്രഹിച്ചുകൊള്ളുക. ഫിർദൗസ് സ്വർഗ്ഗത്തിന്റെ മധ്യത്തിലുള്ളതും അത്യുന്നതവുമായ പദവിയാണ്. അതിന്റെ മുകളിൽ പ്രതാപശാലിയും ഉജ്ജ്വലമായ അല്ലാഹുവിന്റെ അർശ് ഇരിക്കുന്നു. ഇതിൽ നിന്നാണ് സ്വർഗ്ഗത്തിലെ അരുവികൾ എല്ലാം ഉത്ഭവിക്കുന്നത്. (അബൂഹുറൈറ)

ഇപ്പോൾ സംഗതി വളരെ നല്ല നിലയിൽ ഗ്രാഹ്യമായി. വിഭാവനം ചെയ്യാൻ സാധിക്കാത്ത രൂപത്തിലുള്ള ആത്മീയ പദവികളുടെ അന്തരങ്ങൾ സ്വർഗ്ഗത്തിലുണ്ട്. ഉന്നതപദവി ധനം കൊണ്ടും ദേഹം കൊണ്ടും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ അടരാടുന്നവർക്കുള്ളതാണ്. മറ്റുള്ളവരെ അല്ലാഹുവിന്റെ വഴിയിൽ ക്ഷണിക്കുന്നവർ ഈ ഗണത്തിൽപ്പെട്ടവരാണ്. ആ പദവി തന്റെ അനുചരന്മാർക്ക് ലഭ്യമാക്കട്ടെ എന്ന് തിരുമേനിയുടെ ഉൽക്കടമായ ആഗ്രഹമാണ് തിരുമേനി (സ) ഈ ഹദീസിൽ കൂടി മനസ്സിലാക്കിത്തരുന്നത്. ഈ സ്വർഗ്ഗീയ വ്യവസ്ഥയുടെ സാക്ഷാൽക്കാരത്തിനുള്ള സാമൂഹ്യ വ്യവസ്ഥയാണ് അഹ്‌മദിയ്യാ ഖിലാഫത്ത്. അഹ്‌മദിയ്യാ ജമാഅത്തിൽ ഇസ്‌ലാംമത പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള വരിപ്പണ വ്യവസ്ഥ (ചന്ദ) തബ്‌ലീഗ്, ദാഇ ഇലല്ലാഹ് (ദൈവത്തിലേക്കുള്ള വിളി) ഇതെല്ലാം ഈ ഗണത്തിൽ പെട്ടവയാണ്.

## നരകവാസിയുടെ കർമ്മ പുസ്തകം

മറ്റൊരു സംഗതി വിശുദ്ധഖുർആന്റെയും ഹദീസിന്റെയും വെളിച്ചത്തിൽ സ്വർഗ്ഗവും നരകവും ഒരേ സ്ഥലത്ത് തന്നെ സ്ഥിതി ചെയ്യുന്നു എന്നുള്ളതാണ്. ഞാൻ മുമ്പു വിവരിച്ചതുപോലെ ഒരു ആതുരാലയം എടുത്തു പരിശോധിച്ചാൽ അവിടെയുള്ള രോഗികൾ നരകത്തിൽ കഴിയുന്നവരും അവിടെയുള്ള ഡോക്ടർമാരും, നഴ്സുമാരും ആ നരകാവസ്ഥ അനുഭവിക്കാത്തവരുമാണല്ലോ. അവർ അവരുടെ ശുശ്രൂഷാ ജോലികളിൽ സംതൃപ്തരായി കാണപ്പെടുന്നു. വിശുദ്ധ ഖുർആനിൽ നരകവാസികളുടെ ശിരസ്സിന്റെ ഭാഗത്ത് അവരുടെ പാപങ്ങളുടെ വിവരണം എഴുതിവെച്ചതായും പറയുന്നുണ്ട്. ആധുനിക ആതുരാലയങ്ങളിൽ രോഗിയുടെ തലയുടെ ഭാഗത്ത് രോഗനിർണ്ണയവും ചികിത്സയും എഴുതിവെച്ചത് കാണാം. നരവാസികൾക്ക് ഇടത് കൈയിൽ ലഭിക്കുന്ന അവരുടെ കർമ്മ പുസ്തകം ഇതിനോടുപമിക്കാം.

## സ്വർഗ്ഗത്തിന്റെ വിസ്തൃതിയും അനുഭവങ്ങളുടെ ദ്വന്ദാത്മകതയും

സ്വർഗ്ഗത്തെക്കുറിച്ചു ഖുർആൻ പറയുന്നതു ആകാശഭൂമികൾക്കുള്ള വിസ്താരമെന്നാണ് (57:22) ഒരു സഹാബി റസൂൽ തിരുമേനിയോടു ചോദിച്ചു: "ആകാശ ഭൂമി നിറയെ സ്വർഗ്ഗം വ്യാപിച്ചു കിടക്കുകയാണെങ്കിൽ നരകമെവിടെ?" അതിന് പ്രത്യുത്തരമായി തിരുമേനി (സ) മറ്റൊരു ചോദ്യമാണ് ഉരുവിട്ടത്: "പകൽ വരുമ്പോൾ രാത്രി എവിടെ?" വളരെ ബുദ്ധിപരമായ ഉത്തരമാണ് തിരുമേനി (സ.അ) നൽകിയത്. രാത്രി എന്നു പറയുന്നത് വെളിച്ചത്തിന്റെ തിരോധാനമാണ്. ആത്മീയ അന്ധകാരമാണ് നരകം. ഉദാഹരണത്തിന് പകൽ ആരോഗ്യമുള്ള ഒരാളെ വായിക്കുവാനും മറ്റു ലൗകികമായ പ്രവർത്തനങ്ങൾക്കും സജ്ജമാക്കുന്നു. അവൻ അതു ആസ്വദിക്കുന്നു. എന്നാൽ ഒരു കണ്ണുരോഗി സൂര്യപ്രകാശത്തെ വെറുക്കുന്നു. കാരണം അത് അവനു അസഹനീയമായി തോന്നുന്നു. ഈ രൂപത്തിൽ വിശകലനം ചെയ്താൽ ഒരു സ്വർഗ്ഗസ്ഥന് ലഭിക്കുന്ന എല്ലാ വിഭവങ്ങളും അനുഗ്രഹങ്ങളും ഒരു നരകാവകാശിക്ക് അവന്റെ ആത്മീയ രോഗം ഹേതുവായി വിപരീത ഫലം ഉളവാക്കുന്നു. അതുകൊണ്ടു അവന് ചികിത്സ ആവശ്യമായി വരുന്നു. അതാണ് വാസ്തവത്തിൽ നരകത്തിലെ അദാബുകൾ അഥവാ ശിക്ഷ. ഏകസ്ഥലത്ത് ഏക കാലത്ത് അനുഭവിക്കുന്ന ഈ ദ്വന്ദാത്മകതയെപ്പറ്റി ഗ്രാഹ്യമാകാൻ പ്രയാസം ഉണ്ടാകും. എന്നാൽ ആരോഗ്യമുള്ള ഒരു ആത്മാവ് പരലോകത്തിലെ എല്ലാ സാഹചര്യങ്ങളേയും സന്തോഷത്തോടെ വരവേൽക്കുകയും ആസ്വദിക്കുകയും ചെയ്യുന്ന അവസ്ഥയിലായിരിക്കും.

ഇനി നമ്മുടെ മൺശരീരം ഇല്ലാതെ ആത്മാവിന് ആസ്വാദന കഴിവുകൾ ഉണ്ടോ എന്ന് മറ്റൊരു വീക്ഷണ കോണിൽ കൂടി നമുക്ക് പരിശോധി

ക്കാം. അല്ലാഹു വിശുദ്ധ ഖുർആനിൽ മനുഷ്യരുടെ ആത്മാവിനെ മരണ ത്തിലും ഉറക്കത്തിലും എടുക്കുന്ന തായും ഉറങ്ങിയവന് മരണം വന്നില്ലെ ങ്കിൽ അതു തിരിച്ചു നൽകുന്നതായും അതിൽ ചിന്തിക്കുന്നവർക്ക് ദൃഷ്ടാന്ത മുള്ളതായും പറയുന്നു. (39:43) ഉറ ക്കത്തിൽ അല്ലാഹു പിടിച്ചെടുക്കുന്ന ആത്മാവ് ശരീരത്തിൽ നിന്നും തല് ക്കാത്തേക്ക് വിട്ടുനിൽക്കുന്ന ആത്മാവാ ണ്. ഈ അവസ്ഥയിൽ ആത്മാവ് പല രൂപത്തിലുള്ള ദർശനങ്ങൾ (സ്വപ്ന ങ്ങൾ) കാണുന്നതായി നമുക്ക് അനു ഭവ ഗോചരമാണല്ലോ. ആ സ്വപ്ന ദർശ നങ്ങൾ യാഥാർത്ഥ്യം പോലെ തന്നെ നാം ആസ്വദിക്കുന്നു. അല്ലെങ്കിൽ അതു മുഖേന പീഡനങ്ങൾ സഹിക്കു ന്നു. അപ്പോൾ ആത്മാവിന് സമയത്തി ന്റെയും സ്ഥലത്തിന്റെയും ആവശ്യമി ല്ല. അതായത് ആ മൺശരീരം ഉണ്ടെ ങ്കിലേ രക്ഷാശിക്ഷകൾ അനുഭവിക്കാൻ സാധിക്കുകയുള്ളൂ എന്ന് പറയുന്നതിൽ സാംഗത്യം കാണുന്നില്ല. ചില പ്രവാച കന്മാർക്കും, അല്ലാഹുമായി സാമീപ്യം ലഭിച്ച സൂഫിവര്യന്മാർക്കും കശ്ഫ് (ഉ ണർന്നിരിക്കുമ്പോൾ കാണുന്ന ദർശനം) ഉണ്ടാകാറുണ്ട്. അവിടെ മാംസചക്ഷുസ്സുക്കളുടെ അഭാവത്തി ലാണ് സംഗതികൾ കാണുന്നത്. ചില ദർശനങ്ങൾ ജീവിതത്തിന്റെ വരാൻ പോകുന്ന നിഗൂഢതകൾ ആവരണം ചെയ്യുന്ന കാഴ്ചകളായിരിക്കാം. അത് ജീവിതത്തെത്തന്നെ മാറ്റി മറച്ചുകളയു ന്നു. അല്ലാഹുവിന്റെ സാമീപ്യം ലഭി ച്ചവർക്ക് ഭവിഷ്യൽ കാര്യങ്ങൾ ദർശന ത്തിൽ കാണിച്ചുകൊടുക്കുകയും അവർ അതു പ്രവചിക്കുകയും പിന്നീട് സാക്ഷാൽക്കരിച്ചതായും നമുക്ക് തന്നെ പല അനുഭവങ്ങളുണ്ട്.

### ഒരു അതീന്ദ്രിയാനുഭവം

ഇതിനു പുറമെ ഹിപ്നോട്ടിസം, മെസ്മരിസം മുതലായ വിദ്യകളും ആത്മാവിന്റെ കഴിവിനെ വിളിച്ചോതു ന്നവയാണ്. ഒരിക്കൽ അഹ്മദിയ്യാ ജമാ അത്തിന്റെ രണ്ടാം ഖലീഫ മസ്ജിദിൽ ഇരിക്കുമ്പോൾ വീട്ടിൽ വേല ചെയ്യുന്ന ചെറിയ പെൺകുട്ടി ഹുസൂറിന്റെ യടുത്തു വന്ന് അവളുടെ വീട്ടിൽ പോ കാൻ അനുവാദം ചോദിച്ചു. ഹുസൂ റിന്റെ സദസ്സിൽ ജമാഅത്തിന്റെ ഉദ്യോ ഗസ്ഥരുമുണ്ടായിരുന്നു. അപ്പോൾ ഹു സൂർ പറഞ്ഞു: 'ഞാൻ നിങ്ങൾക്കൊരു വിദ്യ കാണിച്ചുതരാം.' ഈ പെൺകു ട്ടിയോട് അവിടെ കിടക്കാൻ പറഞ്ഞു. പിന്നീട് ഹുസൂർ ഉറങ്ങാൻ നിർദ്ദേശം കൊടുത്തു. കുറച്ചു കഴിഞ്ഞപ്പോൾ കുട്ടി നല്ല ഉറക്കത്തിലായി. അവളോട് പറഞ്ഞു: 'നീ നിന്റെ വീട്ടിലേക്ക് പോ കു' കുറച്ചു കഴിഞ്ഞപ്പോൾ 'വീട്ടിൽ എ ത്തി യോ' എന്നു ചോദിച്ചു. 'അവിടെ ആരൊക്കെയുണ്ട്.' അപ്പോൾ കുട്ടി വീട്ടുകാരുടെ പേർ പറഞ്ഞു. 'പിന്നെ ആരുണ്ട്' എന്നു ചോദിച്ചപ്പോൾ 'ഇപ്പോൾ എന്റെ അമ്മാവൻ കല്യാണം വിളിക്കാൻ വന്നിട്ടുണ്ട്.' ഇതു പറഞ്ഞ തിനുശേഷം കുട്ടിയെ ഉറക്കത്തിൽ നിന്നു ഉണർത്തി. 'നീ വീട്ടിൽ പോ യില്ലെ. ഇനി പിന്നെ പോയാൽ പോരെ' എന്ന് ചോദിച്ചു. കുട്ടി സന്തോഷ ത്തോടെ തിരിച്ചുപോയി. ഇത് ഹിപ്നോ ട്ടിസമാണെന്ന് ഹുസൂർ അവരോടു പറ ഞ്ഞുകൊടുത്തു. പിന്നീട് അന്വേഷി ച്ചപ്പോൾ കുട്ടി പറഞ്ഞതൊക്കെ ശരി യാണെന്നു മനസ്സിലായി. ഇതും ആത്മാവിന്റെ അതീന്ദ്രിയപരമായ ഒരു വിദ്യയാണ്. അതുകൊണ്ടു രക്ഷാ ശിക്ഷകൾ ആസ്വദിക്കാൻ ഈ മൺ ശരീരത്തിന്റെ സാന്നിദ്ധ്യം ആവശ്യമില്ല. വിശുദ്ധ ഖുർആനിൽ അവിശ്വാസിക ളുടെ ചോദ്യമാണ് തങ്ങൾ മരിച്ചു കഴി ഞ്ഞാൽ തങ്ങളുടെ ശരീരവും എല്ലാം എല്ലാം മണ്ണായിപ്പോയാൽ തങ്ങളെ ങ്ങനെ പുനർജനിക്കുമെന്നുള്ളത്. ആ ചോദ്യം ശരിയായ ചോദ്യമല്ലെന്നാണ് അല്ലാഹു പറയുന്നത്. ശൂന്യതയിൽ നിന്ന് മനുഷ്യനേയും പ്രപഞ്ചത്തേയും സൃഷ്ടിച്ചവന് മരിച്ചു മണ്ണായ മനു ഷ്യന്റെ എല്ലു കൊണ്ടുവന്ന് കൂട്ടി ച്ചേർക്കേണ്ട ആവശ്യമില്ലല്ലോ!

### സ്വർഗ്ഗീയ പൂന്തോട്ടവും ആറുകളും

ചുരുക്കത്തിൽ സത്യവിശ്വാസം കൈക്കൊള്ളുകയും സൽ ക്കർമ്മങ്ങ ൾ അനുഷ്ഠിക്കുകയും ചെയ്യുന്നവർക്ക് താഴ്ഭാഗത്തുകൂടി അരുവികൾ ഒഴു കുന്ന ആരാമങ്ങൾ അല്ലാഹു തയ്യാർ ചെയ്തുവെച്ചിരിക്കുന്നു. ഓരോ ആത്മാവും സമ്പാദിച്ചതിന് അനുസരി ച്ചുള്ള പാർപ്പിട സൗകര്യങ്ങളും ഭക്ഷണ പാനീയങ്ങളും ഇണകളും അവിടെ ലഭി ക്കുന്നതാണ്. "യാതൊരു കണ്ണും അതു ദർശിച്ചിട്ടില്ല യാതൊരു കാതും അതിന്റെ വിശേഷണങ്ങൾ കേട്ടിട്ടില്ല. യാതൊരു ഹൃദയവും അതിനെ ക്കുറിച്ചു അറിഞ്ഞിട്ടില്ല." അത്രക്കും ആനന്ദകരമായിരിക്കും അവിടെയുള്ള ജീവിതം. അതു ലഭിക്കണമെങ്കിൽ അല്ലാഹുവിന്റെ ഏകത്വത്തിൽ വിശ്വസി ച്ചിരിക്കണം. അല്ലാഹു നിയോഗിച്ചയച്ച എല്ലാ പ്രവാചകന്മാരിലും വ്യത്യാസം ഇല്ലാതെ വിശ്വസിച്ചിരിക്കണം. ഈ വിശ്വാസമാണ് പൂന്തോട്ടം. ഇവിടെ പിഴ ച്ചാൽ പൂന്തോട്ടമില്ല. സൽക്കർമ്മ ങ്ങളാണ് പൂന്തോട്ടത്തിലെ ആറു കളായി പരിണമിക്കുന്നത്. ഇതിലുള്ള മണിമാളികകൾ പട്ടുവസ്ത്രങ്ങൾ, മെത്തകൾ, ഹൂർലീങ്ങൾ ഇതെല്ലാം ഒരാളുടെ സൽക്കർമ്മങ്ങളെ ആശ്ര യിച്ചു ഒന്നിനൊന്നുമെച്ചമായിരിക്കും. ഇതു സംബന്ധിച്ചു വിശുദ്ധ ഖുർആൻ ഒരു വിശ്വാസിയോട് കല്പിക്കുന്ന എല്ലാ കൽപനകളും അനുഷ്ഠിച്ച് ഈ ഹ്രസ്വ മായ ഐഹിക ജീവിതത്തേക്കാൾ ഉന്ന തമായ കാലാകാലം ജീവിക്കേണ്ട ആ സ്ഥലത്തിന് പ്രാമുഖ്യം നൽകി ജീവി ക്കുന്നവർ ഭാഗ്യവാന്മാർ. ഈ ലൗകിക ജീവിതം പാരത്രിക ജീവിതവുമായി താരതമ്യം ചെയ്യുമ്പോൾ ചില മണി ക്കൂറുകൾ മാത്രമാണ്.

ആത്മീയ ഭാഷയിൽ കേവലം മണി ക്കൂറുകൾ മാത്രം നിലനിൽക്കുന്ന ഈ മൺശരീരത്തോടുകൂടിയ ഐഹിക ജീവിതം ആത്മാവിന്റെ പ്രകാശ പൂർണ്ണ മായ സ്വർഗ്ഗീയ ജീവിതത്തിന് വേണ്ടി നമുക്ക് ത്യജിച്ചുകൂടേ?

### നരകം ശാശ്വതമല്ല

അല്ലാഹുവിന്റെ കാരുണ്യം എല്ലാറ്റി നേയും ആവരണം ചെയ്തിരിക്കുന്ന തായി വിശുദ്ധഖുർആൻ പറയുന്നു. അപ്പോൾ നരകവാസികൾക്കും അവ ന്റെ കാരുണ്യം പ്രതീക്ഷിക്കാവുന്നതാ

ണ്. (7:157) വിശുദ്ധ ഖുർആനിലെ ചില ആയത്തുകൾ നരക ശിക്ഷ ശാശ്വതമല്ലെന്ന് മനസ്സിലാക്കിത്തരുന്നു.

“എന്നാൽ ദൗർഭാഗ്യവാന്മാരാകട്ടെ, അവർ തീയിലായിരിക്കും. അവർക്ക് അവിടെ നെടുവീർപ്പുകളും തേങ്ങിക്കരച്ചിലും മാത്രമാണുണ്ടാവുക. ആകാശവും ഭൂമിയും നിലനിൽക്കുന്ന കാലത്തോളം അവർ അതിൽ നിവസിക്കുന്നവരായിരിക്കും. നിന്റെ നാഥൻ ഉദ്ദേശിക്കുന്ന (കാലം) ഒഴിച്ചു. നിന്റെ നാഥൻ അവൻ ഉദ്ദേശിക്കുന്നതെന്തും പ്രവർത്തിക്കുന്നവനാണ്.” (11:107,108)

അല്ലാഹു നരകത്തിലെ ശിക്ഷയെപ്പറ്റി പറഞ്ഞുതരുന്നത് ഒരുകാലയളവു വെച്ചുകൊണ്ടാണ്. ദീർഘകാലം എന്നാണ് അതിന്റെ അർത്ഥം. എന്നാൽ തുടർന്നു 109-ാമത്തെ ആയത്തിൽ (സൂക്തത്തിൽ) “എന്നാൽ സൗഭാഗ്യം പ്രാപിച്ച വരാകട്ടെ അവർ സ്വർഗ്ഗത്തിലായിരിക്കും. ആകാശങ്ങളും ഭൂമിയും നിലനിൽക്കുന്ന കാലത്തോളം അവർ അതിൽ പാർക്കുന്നവരായിരിക്കും. എന്റെ നാഥൻ ഉദ്ദേശിക്കുന്ന കാലമൊഴിച്ച്. മുറിഞ്ഞുപോകാത്ത എന്നെന്നും നിലനിൽക്കുന്ന സമ്മാനമായി അവർക്കതുണ്ടാകും.” (11:109)

ഇവിടെ സ്വർഗ്ഗത്തെപ്പറ്റി പറഞ്ഞപ്പോൾ മുറിഞ്ഞു പോകാത്ത നിരന്തരമായി ലഭിക്കുന്ന വരപ്രസാദമായിട്ടാണ് പറഞ്ഞുതന്നിരിക്കുന്നത്. ഇതുകൂടാതെ 41:9 ലും 84:26 ലും സ്വർഗ്ഗത്തെപറ്റി അവസാനിക്കാത്ത പ്രതിഫലമായിട്ടാണ് പറഞ്ഞുതരുന്നത്. ‘അവൻ കാരുണ്യത്തെ അവന്റെ ബാദ്ധ്യതയായി നിശ്ചയിച്ചിരിക്കുന്നു’. (6:13). ‘ആരുടെ സൽക്കർമ്മങ്ങളുടെ തട്ട് ലഘുവാകുന്നുവോ നരകമായിരിക്കും അവനെ ശുശ്രൂഷിക്കുന്ന മാതാവ്. (102:10) ഇവിടെ നരകത്തെ മാതാവിനോട് ഉപമിച്ചിരിക്കുന്നു. ഒരു മാതാവിന്റെ ഗർഭാശയത്തിൽ ഒരു കുട്ടി ജന്മം കൊള്ളണമെങ്കിൽ പല വിധത്തിലുള്ള ഘട്ടങ്ങളും തരണം ചെയ്യേണ്ടതുണ്ട്. അതേപോലെ പാപികളായ മനുഷ്യാത്മാവിന് പലവിധ യാതനകൾക്കും വേദനകൾക്കു ശേഷം സംസ്കരിക്കപ്പെട്ട് ഒരു പുതുജന്മം ലഭിക്കുന്നു. പാപിയായ നരകാവകാശി ഈ യാതനവേളയിലും പാപപൊറുതിക്കായി പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു. ഖുർആൻ മറ്റൊരു സ്ഥലത്ത് പറയുന്നു. “സ്വന്തം ആത്മാവിനോട് അനീതി ചെയ്ത ഓ എന്റെ ദാസന്മാരേ, അല്ലാഹുവിന്റെ കാരുണ്യത്തെക്കുറിച്ചു നിങ്ങൾ നിരാശപ്പെടരുതു. നിശ്ചയമായും അല്ലാഹു എല്ലാ പാപങ്ങളും പൊറുത്തുകൊടുക്കുന്നതാണ്. തീർച്ചയായും അവൻ വളരെ പൊറുക്കുന്നവനും കരുണാമയനുമാകുന്നു.” (39:54). കരുണാവാരിധിയായ അല്ലാഹു അവ ന്റെ ദാസന്മാരോടു വളരെ കരുണയുള്ളവനാണ്. അവർ ചെയ്ത പാപങ്ങൾക്കനുസരിച്ചു ശിക്ഷ നൽകിയശേഷം അവന്റെ കാരുണ്യം വെളിപ്പെടുമാറാകുന്നു.

ഒരു ഹദീസിൽ അബ്ദുല്ലാബിൻ ഉമർ റിപ്പോർട്ട് ചെയ്യുന്നു “ ഒരു നാൾ വരും അന്നു നരകത്തിലെ ജനലുകൾ കാറ്റിൽ ആടികളിക്കും. അതിൽ ആരും ഉണ്ടായിരിക്കുകയില്ല. നൂറ്റാണ്ടുകൾ നരകാവകാശികൾ ശിക്ഷ അനുഭവിച്ച ശേഷമായിരിക്കും ഇതു സംഭവിക്കുക.” (മുസ്നദ് )

“തീർച്ചയായും നരകത്തിന് ഒരു നാൾ വരും. അതിൽ ഒരു മനുഷ്യൻ പോലും ഉണ്ടായിരിക്കയില്ല.” (ഫത്തഹുൽബയാൻ ഫീമഖസ്ദുൽ ഖുർആൻ, സിദ്ധിഖ് ഇബ്നുഹസൻ) ഈ രൂപത്തിലുള്ള പല ഹദീസുകളുമുദ്ധരിക്കാൻ സാധിക്കും. വിസ്തരഭയത്താൽ നിർത്തുന്നു.

ചുരുക്കത്തിൽ സ്വർഗ്ഗനരകങ്ങൾ ജഢികമല്ല ആത്മീയമാണ്. സ്വർഗ്ഗം ശാശ്വതവും നരകം താല്ക്കാലികവുമാണ്. എന്നുവെച്ചാൽ ദീർഘകാല ശിക്ഷക്കുശേഷം പാപപ്പൊറുതിക്കുള്ള പ്രാർത്ഥനയുടെ ഫലമായി അല്ലാഹു അവർക്ക് പൊറുത്തു കൊടുക്കുന്നതാണ്. റസൂൽ തിരുമേനിയുടെ രണ്ടാം ഖലീഫയായ ഹസ്റത്ത് ഉമർ (റ) പറഞ്ഞു. “നരകവാസികൾ കടൽപുറത്തെ പൂഴിപോലെ എണ്ണാൻ സാധിക്കാത്തത്ര ഉണ്ടാകും. എന്നാൽ ഒരു ദിവസം വരും. അപ്പോഴേക്കും അവരെയൊക്കെ വെളിയിൽ എടുത്തിട്ടുണ്ടായിരിക്കും.” (ഫത്തുഹുൽബയാൻ)

---

*(23-ാം പേജിൽ നിന്ന് തുടർച്ച)*

ജ്വാലയാണ് ദർശിക്കുന്നത്. സൗന്ദര്യത്തിനു പകരം വൈരൂപ്യത്തിലും നന്മക്ക് പക രം തിന്മയിലും അവരുടെ നയനങ്ങൾ പതിയുന്നു. മഹിതമായ എല്ലാ ഗുണസൗഷ്ടവങ്ങളും അധമമായ തിന്മകളായി ഇക്കൂട്ടർ അവതരിപ്പിക്കുന്നു. അത് അവരുടെ തന്നെ അധ:പതനത്തിന്റെ പ്രതിഫലനമാകുന്നു.......’

‘വിമർശകർ അന്ധരാണ്. മുഹമ്മദ് കയ്യിലേന്തിയ ഒരേയൊരു വാൾ മാത്രം അവർക്ക് കാണുവാൻ സാധിക്കുന്നില്ല. ആ വാൾ കനിവിന്റേയും കാരുണ്യത്തിന്റേയും ഭ്രാതൃത്വത്തിന്റേയും പൊറുമയുടേതുമായിരുന്നു. ആ ആയുധമായിരുന്നു ശത്രുവിനെ ജയിച്ചടക്കിയതും അവരുടെ ഹൃദയങ്ങളെ വിമലമാക്കിയതും. ഉരുക്കുഖഡ്ഗത്തേക്കാൾ മൂർച്ചയേറിയതായിരുന്നു പ്രവാചകൻ സ്വായത്തമാക്കിയ ഈ വാൾ.’[7] നിങ്ങൾ നോക്കൂ, മഹാത്മാ കൃഷ്ണന്റെ അനുയായിയായ ഒരാളുടെയത്രയെങ്കിലും തിരു പ്രവാചകന്റെ(സ) അനുയായിയായ മൗലാനാ മൗദൂദി പ്രവാചകനോട് നീതി പുലർത്തേണ്ടതായിരുന്നു എന്ന് ആഗ്രഹിച്ചു പോകുന്നു.

1. അൽ ജിഹാദു ഫിൽ ഇസ്ലാം
2. Rev. Dr. C.G. pfander, Mizanul Haq. P. 648, 649
3. Washington Irving, Mahomet and His successors 2 vols. (New York GP Putmans sons 1868)
4. ഹഖീഖത്തെ ജിഹാദ് (ലാഹോർ - താജ് കമ്പനി ലിമിറ്റഡ് 1964) പേജ് 64
5. ഡോ. ഫാന്തർ ഇസ്ലാമിനെതിരെ നടത്തിയ പ്രചാരണത്തിന്റെ വിശദാംശങ്ങളറിയാൻ 'The Mohammedan contraversy, The calcutta Review (Calcutta Dec 1845) Vol IV P. 420 കാണുക
6. Sir William Muir 'Life of Mahomet' (London smith Elder & Co; 1859) Vol. I. P. III.
7. ദുനിയാകെ ഹാദി ഖൈറാം കി നസർ മെ (ഉർദു 1928) പേജ് 57, 61. പണ്ഡിറ്റ് ജ്ഞാനേന്ദ്ര ദേവ് ശർമ്മ ശാസ്ത്രി.

## വിശ്വാസ സ്വാതന്ത്ര്യം

“പറയുക ഇത് നിന്റെ നാഥനിൽനിന്നുള്ള സത്യസന്ദേശമാകുന്നു. ഇഷ്ടമുള്ളവൻ വിശ്വസിച്ചുകൊള്ളട്ടെ. ഇഷ്ടമില്ലാത്തവൻ അവിശ്വസിക്കുകയും ചെയ്യട്ടെ. ***വി. ഖുർആൻ. (18:30)***

# 'പ്രവചനങ്ങൾ, സുവാർത്തകൾ; താക്കീതുകളും'

**ഏ.ക്യു. മഹ്ദി**

## വാഗ്ദത്ത മസീഹിന്റെ പ്രവചനങ്ങളും പുലർച്ചയും ആ മഹാത്മാവിനെ സത്യപ്പെടുത്തുന്നു.

പ്രവാചകൻ എന്നാൽ പ്രവചനം നടത്തുന്ന ആൾ എന്നാണു അക്ഷരാർത്ഥത്തിലുള്ള അതിന്റെ വിവക്ഷ. മുഹമ്മദ് നബി (സ) നു ശേഷം പ്രവചനങ്ങൾ അഥവാ ഭവിഷ്യൽജ്ഞാനങ്ങൾ വെളിപ്പെടുത്തിയ ദൈവദൂതൻ ആയിരുന്നു ഹസ്രത്ത് അഹ്മദുൽ ഖാദിയാനി (അ). നുബുവ്വത്തിന്റെ അനുഗ്രഹമെന്നു പൊതുവേ പറയുന്നത് ഇത്തരം വെളിപ്പെടുത്തലുകൾക്കാണ്. ഇതാകട്ടെ, മുഹമ്മദ് നബി (സ)-ന്റെ ഉമ്മത്തിലെ ദാസന്മാർക്കു ദൈവം നൽകിയിട്ടുള്ള അനുഗ്രഹങ്ങളിൽ ഒന്നാണ്. ലോകാവസാന നാൾവരെ ഈ അനുഗ്രഹം നബിതിരുമേനിയുടെ സമുദായത്തിൽ തുടരുമെന്നും അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു.

തന്റെ പ്രവാചകത്വത്തിനുള്ള ഏറ്റവും വലിയ ദൃഷ്ടാന്തം താൻ പുറപ്പെടുവിച്ചിട്ടുള്ള സത്യപ്രവചനങ്ങളാണെന്ന് വാഗ്ദത്ത മസീഹ് (അ) വെളിപ്പെടുത്തുന്നു. പ്രതിയോഗികൾക്കുപോലും നിഷേധിക്കാനാകാത്തവിധം ആ മഹാത്മാവിന്റെ ആയിരക്കണക്കിന് പ്രവചനങ്ങൾ ഒന്നൊഴിയാതെ അത്ഭുതകരമായി പൂർത്തിയായിട്ടുണ്ട്. സുവാർത്തകൾ നൽകിയതിനോടൊപ്പം ലോകത്തിന് പല താക്കീതുകളും അദ്ദേഹം നൽകിയിട്ടുണ്ട്. സ്വജീവിത കാലത്തുതന്നെ അക്ഷരാർത്ഥത്തിൽ പുലർന്നുകൊണ്ട് തന്റെ സത്യവിശ്വാസത്തെ സാധൂകരിച്ചവയും, അവയ്ക്കു പുറമേ ഇനിയും പൂർത്തിയാകേണ്ട നിരവധി പ്രവചനങ്ങളും അവയിലുൾപ്പെടുന്നു. നടന്നുകഴിഞ്ഞതും വരാൻ പോകുന്നതുമായ ചില ലോകസംഭവങ്ങളെക്കുറിച്ചും, ലോകത്തെ കീഴടക്കിയെന്ന് ഊറ്റം കൊണ്ട്, ജനകോടികളിൽ അതുല്യപ്രഭാവം ചെലുത്തിയവരെന്നു കരുതപ്പെട്ട ചില മഹാരാജാക്കന്മാരുടേയും, ചക്രവർത്തിമാരുടേയും രാഷ്ട്രീയ ദുരന്തങ്ങളെക്കുറിച്ചും വാഗ്ദത്ത മസീഹ് (അ) പ്രവചനങ്ങൾ നടത്തിയിട്ടുണ്ട്.

'ബറാഹീൻ അഹ്മദിയ്യാ' എന്ന മസീഹ് (അ) ന്റെ പ്രസിദ്ധപ്പെട്ട ഗ്രന്ഥത്തിന്റെ അഞ്ചാം ഭാഗം 1905 ലാണ് പൂർത്തിയാക്കപ്പെട്ടത്. അതിൽ, ലോകത്ത് സംഭവിക്കാനിരിക്കുന്ന ചില മഹാ ദുരന്തങ്ങളെക്കുറിച്ചും വ്യക്തമായ പരാമർശങ്ങളുണ്ട്. അവ ഒരു പക്ഷേ ഭൂകമ്പങ്ങളായിരിക്കാം എന്നും സൂചിപ്പിക്കപ്പെട്ടിരിക്കുന്നു.

അല്ലാഹുവിന്റെ ദിവ്യവെളിപാടുകളിൽ ഭൂകമ്പങ്ങളെപ്പറ്റി നിരവധി സൂചനകൾ നൽകപ്പെട്ടിട്ടുണ്ട്. ലോകാന്ത്യനാളിനെ സൂചിപ്പിക്കുംപോലുള്ള ഭൂചലനങ്ങളാകാം അതെന്നും വിവരിച്ചിരിക്കുന്നു. എന്നാൽ, അത് വിശുദ്ധ ഖുർആനിലെ 'സൂറാ ഖിയാമ'യിൽ വിവരിച്ചതുപോലുള്ള ഒരു ഭൂകമ്പം തന്നെയായിരിക്കുമെന്നു ഉറപ്പിച്ചു പറയാനാവില്ല എന്നും മസീഹ് (അ) കൂട്ടിച്ചേർക്കുന്നു. ഏതായാലും ഇത് വെറുമൊരു സാധാരണ ഭൂചലനം അല്ലാതാകാനാണു സാധ്യതയെന്നന്നും, ഖിയാമത്തിന്റെ ദൃശ്യം അവതരിപ്പിക്കും വിധം ഭയാനകമായ ഒരു വിപത്ത് തന്നെയാവാം എന്നും സൂചനകളുണ്ട്.

വാഗ്ദത്ത മസീഹ് പറയുന്നു

'അത്തരം ഒരു മഹാവിപത്ത് കാലം ഇന്നോളം കണ്ടിട്ടുണ്ടാവില്ല. ഭൂമിയിലുള്ള സകലവസ്തുക്കൾക്കും നാശം സംഭവിക്കും; മനുഷ്യജീവനും, അവൻ പാർക്കുന്ന വാസഗൃഹങ്ങൾക്കുമൊക്കെ. അസാധാരണമായ അത്തരമൊരു അടയാളം വെളിപ്പെടാതിരിക്കുകയാണെങ്കിൽ പിന്നെ ഞാനെങ്ങനെ ഒരു സത്യവാദിയാകും? ഈ മഹാവിപത്ത് മതപരമായി വ്യത്യസ്ത വിശ്വാസം പുലർത്തുന്നു എന്നതുകൊണ്ടുമാത്രം, ഒരു ഹിന്ദുവിനെയോ, ക്രിസത്യാനിയെയോ ലക്ഷ്യം വെച്ചിട്ടുള്ളതാവില്ല; എന്റെ അനുയായി ആയിത്തീരാത്ത ഒരൊറ്റ കാരണം കൊണ്ട് അങ്ങനെ ഒരാളെ കരുവാക്കിക്കൊണ്ടുള്ളതുമാവില്ല, എന്നാൽ കുറ്റകൃത്യങ്ങളിൽ മുഴുകി അധർമ്മികളും ദൈവനിഷേധികളുമായി ത്തീർന്നവരെ ഉന്നം വെച്ചിട്ടുള്ളതുതന്നെയാവും. എന്നാൽ അത്തരക്കാർ ഒരു പക്ഷേ പശ്ചാത്തപിച്ചു പിന്മാറുന്നുവെങ്കിൽ അവരിൽ നിന്ന് ഈ വിപത്ത് ഒഴിഞ്ഞുപോകാവുന്നതാണ്.'

'ഇത് എപ്പോഴാണ് സംഭവിക്കുക?' 1905 ഏപ്രിൽ 5 നാണ് വാഗ്ദത്ത മസീഹിന്റെ 'അൽ-ഇൻദാർ' എന്ന വിജ്ഞാപനം പുറത്തിറങ്ങിയത്. അതിൽ ലോകത്തിന് പൊതുവായി ഇങ്ങനെയൊരു താക്കീത് നൽകപ്പെട്ടിരിക്കുന്നു.

'ഇത് എപ്പോൾ വേണമെങ്കിലും സംഭവിക്കാം. കുറച്ചു നാളുകൾക്കുള്ളിലോ, അൽപം ആഴ്ചകൾക്കുള്ളിലോ, ചില മാസങ്ങൾക്കകമോ, കുറേ വർഷങ്ങൾക്കുള്ളിലോ എന്ന് എന്നോടു പറയപ്പെട്ടിട്ടില്ല. അതെപ്പോൾ സംഭവിച്ചാലും, ഒരു ഭൂകമ്പമോ മറ്റെന്തെങ്കിലും അപകടമോ ആയാലും അതിന്റെ കാഠിന്യം ഊഹാതീതമാം വിധം ഭയാനകമായിരിക്കും. എന്റെ സഹജീവികളോടുള്ള അതിയായ സ്നേഹവും, അനുകമ്പയും മൂലമാണ് ഞാനിതു വെളിപ്പെടുത്തുന്നത്; അല്ലെങ്കിൽ ഇത്തരമൊന്നു പറയാൻ എനിക്ക് ഒരിക്കലും ഇഷ്ടമുണ്ടാവുമായിരുന്നില്ല. അതുകൊണ്ട് നിങ്ങൾ കേൾക്കുക, ശ്രദ്ധിക്കുക, ഇത് ഞാൻ നിങ്ങൾക്കു നൽകുന്ന മുന്നറിയിപ്പാണ്. എന്റെയീ വാക്കുകൾ ഭൂമിയിതാ കേട്ടുകൊണ്ടിരിക്കുന്നു. സദ്വൃത്തിയിൽ നിന്നും ആര് വ്യതിചലിക്കുന്നുവോ, ദുഷ്കൃത്യങ്ങളിലേക്ക് നീങ്ങുന്നുവോ, ഈ ഭൂമിയെത്തന്നെ പാപപങ്കിലമാക്കുന്നുവോ, അവർ തീർച്ചയായും ഇതിലകപ്പെടും. തന്റെ കോപം ഭൂമിയിൽ പതിക്കുവാൻ പോകുന്നുവെന്ന് സർവ്വശക്തൻ താക്കീതു നൽകുന്നു. കാരണം, ഭൂമിയിൽ അധർമ്മം വ്യാപിച്ചിരിക്കുന്നു. പൂർവപ്രവാചകന്മാർ ദീർഘദർശനം ചെയ്ത മാതിരി, അധർമ്മത്തിന്റെ അന്ത്യമിതാ അടുത്തെത്തിയിരിക്കുന്നു. എന്നെ അയച്ചവനെ സാക്ഷിയാക്കി ഞാനിതാ പറയുന്നു, ഇതൊക്കെ ദൈവത്തിൽ നിന്നുള്ള മുന്നറിയിപ്പുകളാണ്, എന്നിൽ നിന്നുള്ളതല്ല. എന്റെ മുന്നറിയിപ്പുകൾ അവഗണിക്കാതെ, അൽപ്പമെങ്കിലും നിങ്ങൾ ശ്രദ്ധിച്ചുവെങ്കിൽ എത്ര നന്നായേനെ എന്നു ഞാനോർത്തു പോവുന്നു. എങ്കിൽ ലോകം നാശത്തിന്റെ പിടിയിൽ നിന്നും രക്ഷപ്പെടുമായിരുന്നു. മനുഷ്യൻ വിഭ്രാന്തിയിലാകുന്ന നാളുകളിതാ അരികത്തെത്തിയിരിക്കുന്നു. ബുദ്ധിഹീനന്മാർ മാത്രം പറഞ്ഞേക്കാം ഇതൊന്നും നടക്കാൻ പോകുന്നില്ല എന്ന്. അങ്ങനെ പറയുന്നവർ തികച്ചും നിർഭാഗ്യർ തന്നെ. സൂര്യോദയമായിട്ടും അവർ ഉറക്കം ഉണർന്നിട്ടില്ല, ഉണരാൻ അവർക്കു ഭാവവുമില്ല.'

വാഗ്ദത്ത മസീഹ് തന്റെ ഒരു കവിതയിൽ പറയുന്നു. 'ആകാശത്തിന്റെ അനന്തതയിലതാ ഭീതിദമായ ഒരു ശബ്ദം കേൾക്കുന്നു. ഒരു വന്യശബ്ദം. അതു നിങ്ങൾ കേൾക്കുന്നില്ല, അറിയുന്നുമില്ല. പകൽ പ്രകാശപൂർണ്ണമായിരിക്കുന്നു. എന്നാൽ മേഘപാളികൾ ആകാശത്തുണ്ടായിരുന്നു. തീർച്ചയായും അൽപ്പനാളുകൾക്കകം വലിയൊരു ദൃഷ്ടാന്തം വെളിപ്പെടുന്നതാണ്. അതെ, അതൊരു മഹാദുരന്തമായിരിക്കും. നഗരങ്ങളും, ഗ്രാമങ്ങളും, സമതലങ്ങൾപോലും മറിഞ്ഞുപോകും. ദൈവത്തിന്റെ കോപാഗ്നിയിൽ സർവ്വസൃഷ്ടിജാലങ്ങളിലും വലിയൊരു മാറ്റം സംഭവിക്കുന്നതാണ്. അപ്പോൾ ആർക്കും ഒന്നിനും സമയം ലഭിക്കുകയില്ല. ഭീകരമായ ആ ഭൂചലനം ക്ഷണനേരം കൊണ്ട് എല്ലാറ്റിനേയും കീഴ്മേൽ മറിച്ചുകളയും. മനുഷ്യരെയും, വൃക്ഷങ്ങളെയും, പാറക്കൂട്ടങ്ങളെയും, സമുദ്രങ്ങളെയുമൊക്കെ. കണ്ണുചിമ്മുന്ന നേരം കൊണ്ട് ഭൂതലമാകെ അടിമേൽ മറിയുകയും, ഭൂമിയിലങ്ങോളമിങ്ങോളം രക്തപ്പുഴകൾ ഒഴുകുകയും ചെയ്യും. തൂവെള്ള വസ്ത്രങ്ങളുമായി ഉറങ്ങാൻ കിടക്കുന്നവർ ഉണരുമ്പോൾ അവരുടേത് ചോര തൂവുന്ന വസ്ത്രങ്ങളായി മാറിയിരിക്കും. മനുഷ്യരൊക്കെ ബോധം നശിച്ചവരെപ്പോലെ പരിഭ്രാന്തരായിത്തീരും. പക്ഷികൾ പാട്ടുമറന്നു പോവും. യാത്രചെയ്യുന്നവരുണ്ടെങ്കിൽ അവർക്കു കഠിനതരമായ അവസ്ഥയാണു നേരിടേണ്ടി വരിക; വന്നവഴി തന്നെ സ്വയമവർ മറന്നുപോവും. മരിച്ചു വീഴുന്നവരുടെ ചോര വാർന്നൊലിച്ച് ഭൂമിയിലങ്ങോളമിങ്ങോളം ചുവന്ന നദികൾ പ്രത്യക്ഷപ്പെടും. വലിയവനും ചെറിയവനും വ്യത്യാസഭേദമന്യേ ഭയന്നു വിറച്ചു നിൽക്കും. ആ നാളിൽ സാർ ചക്രവർത്തി പോലും കടുത്ത ദുരിതാവസ്ഥയിലാകും. ആ ദൃഷ്ടാന്തമാകട്ടെ ദൈവരോഷത്തിന്റെ ഫലമായിട്ടുണ്ടാകുന്നതാവും. ആകാശം സ്വയം ആയുധമേന്തിവന്ന് ഭൂതലത്തെയൊന്നാകെ ആക്രമിച്ചു നശിപ്പിക്കും. ഓ, ഭൂമിയിലെ ബുദ്ധിശൂന്യനായ മനുഷ്യാ, നീയെന്ന നിഷേധിക്കാൻ ഒരുങ്ങല്ലേ. ഈ ദൈവിക ദൃഷ്ടാന്തങ്ങളുടെ പൂർത്തീകരണത്തെയാണ് ഞാൻ ഉൽഘോഷിക്കുന്ന സത്യം ആശ്രയിക്കുന്നത്. ഓർക്കുക, ഒക്കെയും സർവ്വശക്തനിൽ നിന്നുള്ള വെളിപാടും, മുന്നറിയിപ്പുമത്രേ. അവ ഒരണുവിട തെറ്റാതെ പുലരുകതന്നെ ചെയ്യും. നിങ്ങൾ വിനയത്തോടും, ക്ഷമയോടും സഹനഭാവത്തോടും കാത്തുനിൽക്കുവിൻ. അല്ലാത്തവർക്ക് ഈ ദുരന്തങ്ങളിൽ നിന്ന് മോചനമുണ്ടാവില്ലെന്നത് സുനിശ്ചിതമാണ്. ഇതൊക്കെയും സ്വന്തം കടമയാണെന്നു മാത്രം നിങ്ങളോർക്കുക, എങ്കിൽ നിങ്ങൾക്ക് ദൈവീകാനുഗ്രഹം തീർച്ചയായും ലഭ്യമാവുന്നതാണ്..........' ഇങ്ങനെ പോകുന്നു കവിതയിലെ ആ വരികൾ

1907-ലാണ്, വാഗ്ദത്ത മസീഹിന്റെ 'ഹഖീഖത്തുൽ വഹ്യ്' എന്ന ഗ്രന്ഥം പുറത്തു വന്നത്. അതിലുമുണ്ട് സുപ്രധാനമായ നിരവധി സൂചനകൾ.

'മനുഷ്യസൃഷ്ടിയുടെ തുടക്കം മുതൽ ഇന്നോളം സംഭവിച്ചിട്ടില്ലാത്ത അത്യന്തം ഭയാനകമായ ഒരു നാശം ഭൂമുഖത്തെ ഗ്രസിക്കാൻ പോകുന്നു. ആ നാശത്തിനു വിധേയമായിക്കഴിഞ്ഞാൽ, അവിടെയൊക്കെ ഒരിക്കലും ജനവാസമേ ഉണ്ടായിട്ടില്ലെന്ന തോന്നലാണുണ്ടാവുക. ഇതോടുകൂടി ഭൂമിയിലും ആകാശത്തിലും ഭീകരമായ പല നാശങ്ങളും സംഭവിക്കും. ഇതറിയുവാൻ കഴിവില്ലാത്തവർക്ക് ഇവയൊക്കെ അസാധാരണമായി തോന്നും. ഇത്തരമൊരു അപകടത്തെപ്പറ്റി തെരഞ്ഞാൽ, പ്രകൃതിശാസ്ത്രത്തിന്റെയോ, തത്വജ്ഞാനത്തിന്റെയോ ഗ്രന്ഥങ്ങളിൽ ഒന്നും ഇതിനു സദൃശമായി ഒന്നു കാണാൻകൂടി കഴിഞ്ഞെന്നു വരില്ല. മനുഷ്യരൊക്കെ പരിഭ്രമിച്ചു നിന്നുപോകും. ആ നാളുകൾ ഇതാ കൺമുന്നിൽ എത്തിനിൽക്കുന്നു. ഒരു മഹാപ്രളയ

ത്തിന്റെ കാഴ്ച ലോകം അന്ന് കാണുന്നതാണ്. ഭൂകമ്പങ്ങൾ മാത്രമല്ല, അതിഭയങ്കരമായ മറ്റു നിരവധി വിപത്തുകളും ആകാശത്തുനിന്നും, ഒപ്പം ഭൂമിയിൽ നിന്നുപോലും പ്രത്യക്ഷപ്പെടും. മനുഷ്യൻ ദൈവത്തെ മറക്കുകയും, ഭക്തിമാർഗ്ഗം ഉപേക്ഷിക്കുകയും, ലൗകികജീവിതാസക്തികളിൽ മാത്രം മുഴുകുകയും ചെയ്യുമ്പോഴാണ് ഇവയൊക്കെ സംഭവിക്കുക. ഞാൻ വന്നിട്ടില്ലായിരുന്നുവെങ്കിൽ ഈ വിപത്തുകൾ അൽപം കൂടി വൈകിയേ പ്രത്യക്ഷപ്പെടുമായിരുന്നുള്ളൂ. എന്റെ വരവോടുകൂടി ദൈവകോപത്തിന്റെ ഗോപ്യമായ തയ്യാറെടുപ്പുകൾ അനാവരണം ചെയ്യപ്പെട്ടുകഴിഞ്ഞിരിക്കുന്നു. അവ ദീർഘകാലമായി അജ്ഞാതാവസ്ഥയിൽ തന്നെ തുടരുകയായിരുന്നു; എന്നിട്ട് ഇതാ ഇപ്പോൾ വെളിപ്പെടുക തന്നെ ചെയ്യുകയാണ്.'

'ഒരു പ്രവാചകനെ അയക്കാതെ ഒരു ജനതയേയും ഞാൻ ശിക്ഷിക്കുകയില്ല.' എന്ന് ദൈവം ഖുർആനിൽ പറഞ്ഞിരിക്കുന്നു. ആകയാൽ പശ്ചാത്താപഭാവത്തോടുകൂടി മാനസാന്തരപ്പെടുന്നവർക്ക് അഭയവും, രക്ഷയും ലഭിക്കും. ആര് ആപത്തിനെ ഭയപ്പെടുന്നുവോ അവനു കരുണ ചെയ്യപ്പെടും. അല്ലയോ യൂറോപ്പേ, നീ രക്ഷയിലല്ല! അല്ലയോ ഏഷ്യാ, നീയും രക്ഷയിലല്ല! ഓ, ദ്വീപുകളിൽ വസിക്കുന്നവരേ, നിങ്ങളാൽ സൃഷ്ടിക്കപ്പെട്ട ഒരു ദൈവം നിങ്ങളെ സഹായിക്കുകയില്ല! മഹാനഗരങ്ങൾ ഇടിഞ്ഞുവീഴുന്നത് ഞാൻ കാണുന്നു. ജനബാഹുല്യമുള്ള പ്രദേശങ്ങൾ ശൂന്യമായിത്തീരുന്നതും ഞാൻ കാണുന്നു. തന്റെ മുമ്പാകെ നിന്ദ്യമായ പല പ്രവൃത്തികളും ചെയ്യപ്പെട്ടിട്ടും അവൻ അനങ്ങാതെ ഇരുന്നു. എന്നാൽ ഇനി അവൻ അത്യന്തം ഭയാനകമായ ഭാവത്തോടുകൂടി മുഖം കാട്ടും. ആ കാലം വിദൂരമല്ല. കാതുള്ളവർ കേൾക്കട്ടെ, ഞാൻ എല്ലാവരെയും ദൈവത്തിന്റെ രക്ഷയിൽ ഒന്നിച്ചുകൂട്ടാൻ കഴിയുന്നതും ശ്രമിച്ചു. പക്ഷെ, നടക്കേണ്ടത് പൂർത്തിയാവുകതന്നെ വേണമല്ലോ. ഞാൻ സത്യമായും നിങ്ങളോട് പറയുന്നു, ഈയൊരവസ്ഥയുടെ കാലാവധി തീരാറാവുന്നു. നൂഹിന്റെ കാലം നിങ്ങളുടെ കൺമുമ്പിൽ കാണാറാവും. ലൂത്തിന്റെ രാജ്യത്ത് സംഭവിച്ചതും നിങ്ങൾക്കു കാണാനിടവരും. അറിയുക, ദൈവം തന്റെ ക്രോധം വെളിപ്പെടുത്തുന്നതിൽ ധൃതി കാട്ടുന്നവനല്ല. തന്മൂലം ദൈവകാരുണ്യത്തിനു പാത്രീഭവിക്കണമെന്നു ആഗ്രഹമുണ്ടെങ്കിൽ, പശ്ചാത്തപിച്ചു മടങ്ങി വരുവിൻ. ഏതൊരുവൻ ദൈവത്തെ കൈവടിയുന്നുവോ അവൻ ഒരു മനുഷ്യനല്ല, വെറുമൊരു കീടത്തിനു തുല്യമാകുന്നു. ആര് സർവശക്തനെ ഭയപ്പെടുന്നില്ലയോ അവൻ മരിച്ചവനു തുല്യമാകുന്നു.' (ഹഖീഖത്തുൽ വഹ്‌യ് 256/257)

വാഗ്ദത്ത മസീഹ് ഈ മുന്നറിയിപ്പുകൾ നൽകിയത് തനിക്ക് ദൈവത്തിൽ നിന്നും ജാഗ്രദർശനത്തിൽ, വരാനിരിക്കുന്ന ലോകമഹായുദ്ധങ്ങളുടെയും വ്യാപകമായ നാശങ്ങളുടെയും ഒരു ചിത്രം ലഭിച്ചതിന്റെ അടിസ്ഥാനത്തിലായിരുന്നു. 1914 മുതൽ 1919 വരെ നീണ്ടുനിന്ന ഒന്നാം ലോകമഹായുദ്ധത്തിന്റെയും, ഇതിൽപ്പിന്നെയുണ്ടായ രണ്ടാം ലോക മഹായുദ്ധത്തിന്റെയും ഭീകരദൃശ്യങ്ങൾ മാത്രമല്ല, ആ മഹായുദ്ധങ്ങൾക്കു പിന്നാലെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും ദ്വീപ്സമൂഹങ്ങളിലും വ്യത്യസ്ത കാലങ്ങളിൽ അരങ്ങേറിയ ദുരന്തങ്ങളെപ്പറ്റിയും വിനാശങ്ങളെക്കുറിച്ചും, കൂടാതെ ഈ കാലയളവിനുള്ളിൽ സംഭവിച്ച ദൃശ്യങ്ങളോരോന്നും തനിക്ക് ദൈവം വെളിപ്പെടുത്തിത്തന്നതും മസീഹ്(അ) ഈ വാക്കുകളിലൂടെ വിവരിക്കുകയായിരുന്നു.

വാഗ്ദത്ത മസീഹിന്റെ പ്രവചനങ്ങളൊക്കെ ഒന്നൊഴിയാതെ പൂർത്തീകരിക്കപ്പെട്ടിട്ടും, അദ്ദേഹം കൊണ്ടുവന്ന സത്യവിശ്വാസത്തെ അംഗീകരിക്കാൻ കൂട്ടാക്കാതെ ഭൂരിപക്ഷം വരുന്ന ജനസമൂഹം, ഒക്കെയും പുച്ഛിച്ചു തള്ളുകയായിരുന്നു. ആ സത്യപ്രവചനങ്ങളുടെ പൂർത്തീകരണത്തെ സ്വാഗതം ചെയ്യാൻ അവർ തയ്യാറാവാതെ വന്നപ്പോൾ മുഴുവൻ ലോകത്തിനും വ്യക്തമായ തെളിവും സൂചനയും നൽകിക്കൊണ്ട്, ഇരുപതാം നൂറ്റാണ്ടിലെ ലോകശ്രദ്ധമുഴുവൻ പിടിച്ചുപറ്റിയ ചില അപൂർവ്വ പ്രവചനങ്ങളും ഉണ്ടായിട്ടുണ്ട്. അവയിലൊന്നു മാത്രമാണ് റഷ്യയിലെ സാർ ചക്രവർത്തിയുടെ പതനത്തെപ്പറ്റിയുള്ളത്. ഈ പ്രവചനം നടന്നകാലത്ത്, ലോകത്താർക്കും സാർ ചക്രവർത്തിയ്ക്കുണ്ടാകുമെന്നു പറഞ്ഞ അത്തരമൊരു ദുര്യോഗത്തെപ്പറ്റി ചിന്തിക്കാൻ പോലും കഴിയുമായിരുന്നില്ല. അത്രപ്രതാപവാനായി വാഴുകയായിരുന്നു അന്ന് ചക്രവർത്തി. എല്ലാവരെയും ഭരിക്കുന്ന, ആരാലും ഭരിക്കപ്പെടാത്തവൻ എന്നാണ് സാർ(CZAR) എന്ന പദത്തിന്റെ അർത്ഥം പോലും.

പ്രവചനം പുറപ്പെടുവിച്ച സമയത്ത്, ചക്രവർത്തിയെക്കുറിച്ചുള്ള ആ പരാമർശം അങ്ങേയറ്റം അസംബന്ധമായി വരെ ചിത്രീകരിക്കപ്പെടുകയുണ്ടായി. എന്നാൽ, വാഗ്ദത്ത മസീഹ് തന്റെയീ പ്രവചനത്തിൽ ഉറച്ചു നിൽക്കുകയും, ആ വിളംബരം ആവർത്തിക്കുകയും ചെയ്തു. പ്രവചനത്തിനു 12 കൊല്ലത്തിനുശേഷം, 1917-ൽ വാഗ്ദത്ത മസീഹിന്റെ അഭാവത്തിൽ അത്ഭുതകരമായി ആ പ്രവചനം പുലരുകയുണ്ടായി. 1917-ൽ ലെനിന്റെ നേതൃത്വത്തിൽ നടന്ന കമ്മ്യൂണിസ്റ്റ് വിപ്ലവത്തെത്തുടർന്ന് റെഡ്ഗാർഡുകളാണ് സാർ ചക്രവർത്തിയുടെ കുടുംബത്തെ വധിച്ചത്. കൊല്ലുന്നതിന് മുമ്പ് അദ്ദേഹത്തിന്റേയും ഭാര്യ അലക്സാണ്ട്രയുടേയും മുമ്പിൽ വെച്ച് പെൺമക്കളെ ക്രൂരമായി ഭേദ്യം ചെയ്തു വെടിവെച്ചുകൊന്നിരുന്നു. ആ ദുരന്തത്തെ മറച്ചുവെക്കാൻ നടത്തിയ ശ്രമങ്ങൾ പോലും ഫലിച്ചില്ല. സാർ ചക്രവർത്തിയുടെ നാശത്തോടെ, സോവിയറ്റ് യൂണിയൻ പിറവിയെടുക്കുകയും, ലോകത്ത് ആദ്യമായി സോഷ്യലിസ്റ്റ് യുഗത്തിന്റെ ആരംഭം കുറിക്കപ്പെടുകയും ചെയ്തു. ആ സോവിയറ്റ് യൂണിയനിലുടെയുള്ള സോഷ്യലിസ്റ്റ് ഭരണപരാജയവും വർത്തമാനകാലത്തു തന്നെ നാം കണ്ടു. കമ്മ്യൂണിസ്റ്റ് ഭരണത്തിലുണ്ടായ ഈ അപചയത്തിനു പിന്നിലെ കാരണവും ആ സമൂഹത്തിന്റെ ദൈവനിഷേധം എന്ന താത്വിക നിലപാടുതന്നെയെന്ന് കാലവും ചരിത്രവും വിധിയെഴുതുകയും ചെയ്തിരിക്കുന്നു.

അൽഇദ്‌രീസി: ആദ്യത്തെ ശാസ്ത്രീയ ഭൂപട നിർമ്മാതാവ് - 3.

# യൂറോപ്യൻ നഗരവർണ്ണനകൾ

ഫ്രാൻസസ് ഗേയസ്

**ഒമ്പത് നൂറ്റാണ്ടുകൾക്കു മുമ്പുള്ള യൂറോപ്യൻ നഗരങ്ങളെപ്പറ്റി ഭൂമിശാസ്ത്രപരവും, ചരിത്രപരവും സാമൂഹികവുമായി കൗതുകകരമായ നിരവധി വിവരങ്ങൾ അൽ ഇദ്‌രീസിയുടെ പുസ്തകത്തിലുണ്ട്.**

അൽ ഇദ്‌രീസിയുടെ പുസ്തകത്തിൽ സിസിലി സ്വാഭാവികമായും പ്രത്യേക സ്തുതിക്ക് പാത്രീഭവിച്ചിരിക്കുന്നു. സിസിലി ആ കാലഘട്ടത്തിന്റെ രത്നമായിരുന്നു. റോജർ ഡി ഹൗട്ടിവില്ലി എന്ന പ്രഗത്ഭനായ ഫ്‌റാൻകിഷ് രാജാവിന്റെ നേതൃത്വത്തിൽ സിസിലി ദ്വീപ് നോർമൻ ജനത കീഴടക്കിയ കഥ അൽ ഇദ്‌രീസി തന്റെ പുസ്തകത്തിൽ പറയുന്നുണ്ട്. അതേപോലുള്ള മഹാനായ രാജാവിന്റെ അനന്തരാവകാശിയും അനുയാത്രികനുമായിരുന്നു റോജർ ഡി. ഹൗട്ടിവില്ലി.

എല്ലാ സ്ഥലവും അതിന്റെ വിസ്മയങ്ങളോടെയാണ് പുസ്തകത്തിൽ വിവരിച്ചിരിക്കുന്നത്. റഷ്യയിൽ തണുപ്പ് കാലത്ത് പകൽ സമയം വളരെ കുറവാണ്. അതുകൊണ്ട് അവിടത്തെ മുസ്‌ലിംകൾക്ക് അഞ്ച് നേരം പ്രാർത്ഥനക്ക് അംഗ ശുദ്ധി വരുത്തുവാൻ വളരെ പ്രയാസമാണ്. നോർവേക്കാർ, അവരുടെ ധാന്യങ്ങൾ ഹരിതാഭമായിരിക്കുമ്പോൾ തന്നെ കൊയ്യുന്നു. എന്നിട്ട് അവർ ഞെരിപ്പോടിന്നരികിൽ വെച്ച് അത് ഉണക്കിയെടുക്കുന്നു. ഗ്രീഷ്മ കാലത്ത് അവരുടെ മീതെ സൂര്യൻ വളരെ അപൂർവ്വമായേ പ്രകാശിക്കാറുള്ളൂ. ബ്രിട്ടൻ കറുത്ത കടലിലാണ് സ്ഥിതി ചെയ്യുന്നത്. അത് സാമാന്യം വലിയ ഒരു ദ്വീപാണ്. ആ ദ്വീപിന്റെ രൂപം ഒരു ഒട്ടകപക്ഷിയുടെ തല പോലെയാണ്. അവിടെ തിരക്കുള്ള പട്ടണങ്ങളും ഉയർന്ന പർവ്വതങ്ങളും വലിയ നദികളും സമതലങ്ങളുമുണ്ട്. ഈ രാജ്യം വളരേയേറെ ഫലഭൂയിഷ്ഠവുമാണ്. അവിടെയുള്ള ജനത ധീരന്മാരും, ഊർജ്ജസ്വലരും, അദ്ധ്വാനശീലരുമാണ്. പക്ഷേ രാജ്യമാകെ, കടുത്ത ശീതകാലത്തിന്റെ പിടിയിലാകും. അൽ ഇദ്‌രീസി ധാരാളം ഇംഗ്ലീഷ് പട്ടണങ്ങളുടെ പേരു വിവരങ്ങൾ നൽകുന്നുണ്ട്. അവയെല്ലാം തുറമുഖ പട്ടണങ്ങളായിരുന്നു. അവക്കിടയിലുള്ള ദൂരങ്ങളുടെ വിവരണങ്ങൾ അദ്ദേഹം നൽകയിട്ടുണ്ട്. ഹേസ്റ്റിംഗ് (Hasting) ഗണ്യമായ ഒരു പട്ടണമാണ്. ജനസാന്ദ്രമായ ആ പട്ടണത്തിൽ ധാരാളം കെട്ടിടങ്ങളും, കമ്പോളങ്ങളും, വ്യവസായ ശാലകളും, വാണിജ്യങ്ങളുമുണ്ട്. കിഴക്കുള്ള ഡോവർ (Dover) അതുപോലെ തന്നെ പ്രാധാന്യമേറിയ ഒരു പട്ടണമാണ്. വേഗത്തിലും പരന്നൊഴുകുന്നതുമായ ലണ്ടൻ നദീമുഖത്ത് നിന്നും വളരെയടുത്താണ് ഈ പട്ടണം. ലണ്ടൻ പട്ടണത്തെപ്പറ്റി ഉൾപ്രദേശത്തുള്ള ഒരു ചെറിയ പട്ടണമായി മാത്രമേ പരാമർശിച്ചിട്ടുള്ളൂ.

ഫ്‌റാൻസിലെ നഗരങ്ങളെപ്പറ്റിയും അൽഇദ്‌രീസി സൂചിപ്പിക്കുന്നു. ബ്രിട്ടാനി (Britanny) നോർമാണ്ടി (Normanty) മുതലായ തുറമുഖ പട്ടണങ്ങളെപ്പറ്റി വിവരിച്ചിരിക്കുന്നു. ഉൾപ്രദേശത്തുള്ള പട്ടണങ്ങളുടെ ലിസ്റ്റ് പുസ്തകത്തിൽ ചേർത്തിട്ടുണ്ട്. ടൂർസ് (Tours) ആ സമയത്ത് ഒരു മദ്യശാലാ കേന്ദ്രമായിരുന്നു. ധാരാളം മുന്തിരിത്തോപ്പുകൾ അതിന് ചുറ്റുമുണ്ട്. ചാർടേർസ് (Charters) ഒരു കാർഷിക നഗരമാണ്. (അവിടത്തെ പ്രശസ്തമായ കത്തീഡ്രൽ അക്കാലത്ത് പണി കഴിപ്പിച്ചിട്ടില്ല). മീയുക്സ് (Meaux) ഫ്‌റാൻസിന്റെ മദ്ധ്യത്തിലുള്ള ഒരു നഗരമാണ്. ബയോക്സ് (Bayeux) ഡിജോൺ (Dijon) ട്രോയസ് (Troyes) ഓർലിയൻസ് (Orleans) ലീമാൻസ് (Le Mans) തുടങ്ങി മറ്റു ധാരാളം പട്ടണങ്ങളെപ്പറ്റിയും പരാമർശമുണ്ട്. പാരീസ് (അബാരിസ് Abariz) നെപ്പറ്റി ഒരു പട്ടണം എന്ന് എടുത്തുപറയാൻ തക്ക പ്രാധാന്യമില്ലാത്ത സ്ഥലമായിട്ടാണ് പരാമർശമുള്ളത്. ഒരു ഇടത്തരം വലിപ്പത്തിൽ ചുറ്റും മുന്തിരിത്തോട്ടവും കാടുകളും നിറഞ്ഞ സീയിൻ നദിക്കരയിലുള്ള ഒരു ദ്വീപിൽ സ്ഥിതി ചെയ്യുന്ന സ്ഥലം. നാലു പുറവും ഈ വിധത്തിൽ ചുറ്റപ്പെട്ടതിനാൽ വളരേയേറെ പ്രതിരോധ സാധ്യതയുള്ള സ്ഥലമായിട്ടാണ് അൽ ഇദ്‌രീസി പാരീസിനെ വിശേഷപ്പിച്ചത്.

സഞ്ചാരിയുടെ യാത്രാ വിവരണ

ങ്ങളും ഭൂമിശാസ്ത്രപരമായ വസ്തുതകളും കെട്ടുകഥകൾ ഉദ്ധരിച്ചും ടോളമിയുടെ പരാമർശങ്ങൾ ചേർത്തുകൊണ്ടും നാടോടികഥകൾ കഥിച്ചുകൊണ്ടും വ്യാഖ്യാനിക്കുന്ന പതിവ് ഇപ്പോഴത്തെ പോലെ അക്കാലത്തുമുണ്ടായിരുന്നു. അൽ ഇദ്‌രീസിയുടെ റോജറുടെ പുസ്തകത്തിലും അങ്ങനെയൊരു കഥാവ്യാഖ്യാനമുണ്ട്. അലക്സാണ്ടറുടെ കാലത്ത് അദ്ദേഹം സ്പെയിനിലേക്ക് പടയോട്ടം നടത്തുമ്പോൾ ജിബ്രാൾട്ടർ കടലിടുക്ക് ഉണ്ടായിരുന്നില്ല പിന്നീട് അലക്സാണ്ടർ ചക്രവർത്തി കുഴിച്ച കനാലാണ് കടലിടുക്കായി രൂപപ്പെട്ടതെന്നാണ് കഥ. അക്കാലത്ത് യൂറോപ്യൻമാരും ആഫ്രിക്കക്കാരും നിരന്തരം യുദ്ധത്തിലേർപ്പെട്ടുകൊണ്ടിരുന്നു. അലക്സാണ്ടർ അവർ ഇരു കൂട്ടരേയും ഒരുതോട് വെട്ടി വേർപ്പെടുത്തുവാൻ തീരുമാനിച്ചു. അദ്ദേഹം തൻഗീറിനും അൽ അന്തലൂസിനും (തെക്കൻ സ്പെയിൻ) മദ്ധ്യേ ഒരു തോട് വെട്ടി. അത്‌ലാന്റിക് സമുദ്രം ആ തോട്ടിലേക്ക് ഇരമ്പിക്കയറി. അപ്പുറത്തുള്ള മെഡിറ്ററേനിയൻ കടലിന്റെ വിതാനത്തിലേക്ക് എത്തി. അങ്ങിനെയാണ് ജിബ്രാൾട്ടർ കടലിടുക്ക് ഉണ്ടായതെന്നാണ് കഥ.

അൽ ഇദ്‌രീസിയുടെ വിവരണത്തിലെ റോമിന് ഒരു പൗരസ്ത്യ പ്രൗഢിയുണ്ട്. നിറഞ്ഞ ചരക്കുമായി കപ്പലുകൾ ടൈബർ വരെ പോയിരുന്നു. 1200 ചർച്ചുകളുള്ള റോമിലെ തെരുവീഥികൾ നീലയും വെള്ളയും മാർബിൾ കൊണ്ടു പാകിയിരുന്നു. പ്രൗഢ ഗംഭീരമായ ഒരു ചർച്ചിലെ ആൽത്താര രത്നങ്ങളിൽ പൊതിഞ്ഞിരുന്നതായി അദ്ദേഹം വിവരിക്കുന്നുണ്ട്. നീല രത്നക്കണ്ണുകളുള്ള പന്ത്രണ്ട് സ്വർണ്ണ പ്രതിമകൾ ആ ചർച്ചിനകത്തുണ്ടായിരുന്നു. ആ പട്ടണത്തിന്റെ രാജാവിനെ പോപ്പ് എന്നായിരുന്നു വിളിച്ചിരുന്നതെന്ന് അൽ ഇദ്‌രീസി എഴുതുന്നു.

എ. ഡി. 1154 ൽ അൻപത്തെട്ടാമത്തെ വയസ്സിൽ റോജർ രാജാവ് മിക്കവാറും ഹൃദയസ്തംഭനം കാരണം മരിക്കുന്നതിന് ഏതാനും ആഴ്ചകൾക്കു മുമ്പ് ഒരു ഭൂഗോള രൂപവും, വെള്ളികൊണ്ടുള്ള ഒരു ആകാശഗോളവും, ഒരു പുസ്തകവും അൽ ഇദ്‌രീസിക്ക് സമ്മാനിച്ചു. റോജർ രാജാവിന്റെ മരണം സംഭവിച്ചത് പിന്നീട് തന്റെ പിൻഗാമിയായിരുന്ന വില്യം ഒന്നാമന് മറ്റൊരു ഭൂമിശാസ്ത്ര രചന അൽഇദ്‌രീസി നിർവ്വഹിക്കുന്ന സന്ദർഭത്തിലായിരുന്നു. ഇത് ആദ്യത്തേതിനേക്കാൾ വളരെ വിശദവും സമഗ്രവുമായിരുന്നുവെന്ന് പറയപ്പെടുന്നു. പക്ഷേ ഈ രചനയുടെ ചില ഭാഗങ്ങൾ മാത്രമേ കണ്ടുകിട്ടിയിട്ടുള്ളൂ.

എ. ഡി. 1160 ൽ സിസിലിയിലെ താഴെക്കിടയിലുള്ള പ്രഭുക്കന്മാർ വില്യമിനെതിരെ കലാപം അഴിച്ചുവിട്ടു. നാട്ടിലെങ്ങും അരാജകത്വം നടമാടി. ഇതിനിടയിൽ കൊട്ടാരം കൊള്ളയടിക്കപ്പെടുകയും തീവെക്കപ്പെടുകയും ചെയ്തു. ആ അഗ്നിനാളങ്ങൾ കൊട്ടാരത്തിലെ സർക്കാർ രേഖകളും ഗ്രന്ഥങ്ങളും മറ്റു രേഖകളുമെല്ലാം കത്തിചാമ്പലാക്കി. അൽ ഇദ്‌രീസി വില്യം രാജാവിന് സമ്മാനിച്ച റോജറുടെ പുസ്തകത്തിന്റെ ലാറ്റിൻ പരിഭാഷയും അക്കൂട്ടത്തിൽ കത്തിച്ചാമ്പലായി. അദ്ദേഹത്തിന് ലഭിച്ച ഭൂഗോള ഗോളവും, വെള്ളിക്കൊണ്ടുള്ള ആകാശഗോളവും തീപ്പിടുത്തത്തിൽ ഉരുകി അപ്രത്യക്ഷമായി.

സിസിലിയിലെ പ്രഭുക്കന്മാർ മുസ്‌ലിംകളെ പ്രത്യേക രോഷത്തോടെയായിരുന്നു ആക്രമിച്ചത്. അവരിൽ പ്പെട്ട പല പ്രമുഖരേയും അവർ വധിച്ചു. യഹ്‌യ ഇബ്നു അൽ തിഫാസി എന്ന പ്രഗത്ഭനായ കവി യെയും അവർ വധിച്ചു. അൽ ഇദ്‌രീസി വടക്കൻ ആഫ്രിക്കയിലേക്ക് പലായനം ചെയ്തു. അവിടെ വെച്ച് ആറു വർഷങ്ങൾക്കു ശേഷം ആ മഹാപ്രതിഭാശാലി ദിവംഗതനായി.

അദ്ദേഹത്തിന്റെ മഹത്തായ രചനയുടെ അറബി പുസ്തകവും അദ്ദേഹം കൂടെ കൊണ്ടുവന്നിരുന്നു. ആ അതിപ്രശസ്തമായ രചനകൾ നൂറ്റാണ്ടുകളോളം മുസ്‌ലിം ചരിത്രകാരന്മാർക്കും ഭൂമിശാസ്ത്രകാരന്മാർക്കും മാർഗ്ഗദർശനം നൽകി. മഹാനായ മുസ്‌ലിം ചരിത്രകാരൻ ഇബ്നു ഖൽ ദൂനിന് ഭൂമിശാസ്ത്രത്തിലെ എല്ലാവിധ പ്രായോഗികജ്ഞാനവും ലഭിച്ചത് അൽഇദ്‌രീസിയുടെ പുസ്തകത്തിൽ നിന്നാണ്. എന്നിട്ടും റോജറുടെ പുസ്തകം യൂറോപ്പിൽ എത്തിയിരുന്നില്ല. ഈ പുസ്തകത്തിന്റെ അറബി മൂലം 1592 ൽ റോമിലെ മെഡിസി പ്രസ്സിൽ അച്ചടിക്കുകയുണ്ടായി. 17-ാംനൂറ്റാണ്ടിൽ ഒരു ലാറ്റിൻ പ്രതിയുണ്ടാവുന്നത് വരെ ഇദ്‌രീസിയുടെ റോജറുടെ പുസ്തകം യൂറോപ്പിന് ലഭ്യമായിരുന്നില്ല. എ. ഡി. 1400 ൽ ക്രിസ്റ്റഫർ കൊളംബസ് മറ്റു ഭൂമിശാസ്ത്ര സ്രോതസ്സുകളിലായിരുന്ന വിശ്വാസമർപ്പിച്ചത്. ടോളമിയുടെ തെറ്റായ കണക്കുകൂട്ടലിന്റെ അടിസ്ഥസ്ഥാനത്തിൽ ജർമൻകാരനായ ഭൂപട നിർമ്മാതാവ് മാർട്ടിൻ ബെഹ്‌യൻ നിർമ്മിച്ച ഭൂപടമായിരുന്ന കൊളംബസ് ഉപയോഗിച്ചിരുന്നത്. കൊളംബസ് അതോടൊപ്പം ദൂരവ്യത്യാസങ്ങളെ സ്സംബന്ധിച്ച് മാർക്കോപ്പോളോയുടെ വിവരണങ്ങളെ ആശ്രയിച്ച് അത്രത്തോളം തന്നെ തെറ്റായ കണക്കുകളും അതിനോട്കൂട്ടിച്ചേർത്തു. എന്നിട്ട് സ്പെയിനിൽ നിന്നും 4000 മൈൽ പടിഞ്ഞാറോട്ട് സഞ്ചരിച്ചാൽ ജപ്പാനിലും ഇന്ത്യയിലുമെത്തിച്ചേരാൻ കഴിയുമെന്ന തെറ്റായ നിഗമനത്തിൽ എത്തിച്ചേരുകയാണുണ്ടായത്.

അൽ ഇദ്‌രീസിയുടെ യഥാർത്ഥത്തിലുള്ള ദൂരവ്യത്യാസങ്ങളെപ്പറ്റിയുള്ള ഭൂപടം കൊളംബസ് മനസ്സിലാക്കിയിരുന്നുവെങ്കിൽ അദ്ദേഹം തന്റെ ചരിത്രപ്രസിദ്ധമായ യാത്ര ആരംഭിക്കാൻ മടിക്കുമായിരുന്നു. അങ്ങനെ ഒരിക്കലും ഇരുണ്ട കടൽക്കരയിലുള്ള പുതിയ വൻകര (അമേരിക്ക) കണ്ടുപിടിക്കാൻ ഇടവരികയുമില്ലായിരുന്നു.

(അവസാനിച്ചു)

## സഞ്ചാരം

എന്നാൽ അവർ ഭൂമിയിൽ സഞ്ചരിച്ചുനോക്കുന്നില്ലേ. എങ്കിൽ അവർക്ക് ചിന്തിച്ചു മനസ്സിലാക്കുന്ന ഹൃദയങ്ങളും കേട്ടു മനസ്സിലാക്കുന്ന ചെവികളും ഉണ്ടാകുമായിരുന്നു. എന്തെന്നാൽ കണ്ണുകൾ അന്ധമാകുന്നില്ല. പക്ഷേ നെഞ്ചകങ്ങളിലുള്ള ഹൃദയങ്ങളാണ് അന്ധമാകുന്നത്.

***വി. ഖുർആൻ (22:47)***

കുറിപ്പുകൾ
മുസാഫിർ

# ക്രിസ്തുമതം
# യൂറോപ്യൻ ഭരണഘടനക്ക് പുറത്ത്

ഒരു രാഷ്ട്രീയ യാഥാർത്ഥ്യമാവാൻ വേണ്ടി യൂറോപ്യൻ യൂണിയൻ അതിന്റെ ഭരണഘടനക്ക് രൂപം നൽകാനു ള്ള പണിപ്പുരയിലാണ്. മുൻ ഫ്രഞ്ച് പ്രസിഡണ്ടായിരുന്ന വലേരി ഗിസ് ഗാർഡ് എസ്റ്റെയിംങ്ങിന്റെ നേതൃത്വത്തിലാണ് ഭരണഘടനാ നിർമ്മാ ണസമിതിയുടെ പ്രവർത്തനം പുരോഗമിക്കുന്നത്. അടുത്ത വർഷം മെയ് മാസത്തോടെ 15 അംഗരാജ്യങ്ങളിൽ നിന്നും 25 അംഗരാജ്യങ്ങളായി വിപുലീകരിക്കപ്പെടുന്ന യൂറോപ്യൻ യൂണിയന്റെ ഐതിഹാസികമായ ഭരണഘടനയുടെ ആമുഖം എഴുതിതീർന്നപ്പോഴാണ് വിവാദങ്ങൾ കത്തിപ്പടരുന്നത്. ഉദ്യോഗസ്ഥന്മാരുടെ ഭരണപരമായ ക്രമീകരണങ്ങൾക്കും മറ്റു സാമ്പത്തിക കാര്യങ്ങൾക്കുമാണ് ഭരണഘടന ഊന്നൽ നൽകുന്നതെങ്കിലും ആമുഖത്തിലെ ആദ്യത്തെ ഖണ്ഡികയെ ദൈവത്തോടും ക്രിസ്തുമതത്തോടും ബന്ധപ്പെടുത്തിക്കൊണ്ടാണ് ഇപ്പോഴത്തെ വിവാദം.

യൂറോപ്യൻ യൂണിയൻ ഒരു യാഥാർത്ഥ്യമാവുമ്പോൾ അതിന്റെ സാംസ്കാരിക വ്യക്തിത്വത്തെ നിർണ്ണയിക്കുന്നഘടകമെന്താണ് എന്നത് ഒരു പ്രധാന വിഷയം തന്നെയാണ്. രാഷ്ട്രങ്ങൾക്ക് ദേശീയത എന്നപോലെ രാഷ്ട്രങ്ങളുടെ ഫെഡറേഷനായ യൂറോപ്യൻ യൂണിയനെ ഒന്നിച്ചു നിർത്തുന്ന പൊതുഘടകമെന്താണ്? ഭരണഘടനയുടെ ആമുഖത്തിൽ ഈ പൊതുഘടകം നിർണ്ണയിക്കുന്നതിനെ ച്ചൊല്ലിയാണ് വിവാദം ഉടലെടുത്തത്. ഭാഷ, മതം, വംശീയത, വർണ്ണം, ഭക്ഷണരീതി തുടങ്ങി അനന്ത വൈവിദ്ധ്യങ്ങൾ വെച്ചു പുലർത്തുന്നതാണ് യൂറോപ്യൻ രാജ്യങ്ങൾ. ഈ രാജ്യങ്ങളെ ഒന്നിച്ചു നിർത്തുന്നത് ക്രിസ്തുമതമാണ് എന്ന് ഭരണഘടനയുടെ ആമുഖത്തിൽ സൂചിപ്പിക്കണമെന്നാണ് ക്രിസ്തുമതപക്ഷപാതികളുടെ വാദം. സെക്കുലരിസത്തിൽ ബലവത്തായ അടിത്തറയുള്ളതും യൂറോപ്യൻ യൂണിയന്റെ നെടുനായകത്വം വഹിക്കുന്നതുമായ ഫ്രാൻസ് ഇതിനോടു ഒട്ടുംയോജിക്കുന്നില്ല. മുൻ ഫ്രഞ്ച് പ്രസിഡണ്ടുകൂടിയായിരുന്ന ഭരണഘടനാ ഡ്രാഫ്റ്റിങ്ങ് കമ്മിറ്റി ചെയർമാൻ ഈ ആവശ്യത്തെ നിഷ്ക്കരുണം നിരാകരിക്കുകയായിരുന്നു.

ആനുഷംഗികമായി മറ്റൊരു കാര്യം കൂടി ഇവിടെ ഉണർത്തട്ടെ. ക്രിസ്ത്യൻ പക്ഷപാതികൾക്ക് അപ്രിയകരമായ മറ്റൊരു കാര്യം തുർക്കിയുടെ യൂണിയനിലേക്കുള്ള പ്രവേശമാണ്. യൂറോപ്യൻ യൂണിയനിൽ അംഗത്വം കിട്ടാൻ കാത്തുകെട്ടിക്കഴിയുന്ന തുർക്കിയിലെ 80 ദശലക്ഷം ജനസംഖ്യയിൽ 70 ദശലക്ഷവും മുസ്‌ലിംകളാണ്. യൂറോപ്യൻ യൂണിയനിൽ അംഗത്വം ലഭിക്കുകയാണെങ്കിൽ ജർമ്മനി കഴിഞ്ഞാൽ യൂണിയന് ഏറ്റവും കൂടുതൽ ജനസംഖ്യ സംഭാവന ചെയ്യുന്ന രാജ്യം തുർക്കിയായിരിക്കും. അപ്പോഴേക്കും യൂണിയനിലെ 450 ദശലക്ഷം ജനസംഖ്യയിൽ ഏകദേശം 15 ശതമാനം മുസ്‌ലിംകളായി ത്തീരും. അസ്തമിച്ചുപോയ മുസ്‌ലിം ഖിലാഫത്തിന്റെ ആസ്ഥാനമായിരുന്നു തുർക്കി. ആ വേഷങ്ങളെല്ലാം അഴിച്ചു വെച്ച് യൂറോപ്യൻ സുന്ദരിയായി തുർക്കി ചമഞ്ഞു നടക്കുവാൻ തുടങ്ങിയിട്ട് കാലം കുറച്ചായി. ഇപ്പോഴത്തെ മുസ്‌ലിംകളുടെ മുഖമുദ്രയായ ഭീകരവാദം തുർക്കിയിലും നാമ്പിട്ടു തുടങ്ങിയിട്ടുണ്ട്. ഇസ്‌ലാമിക് ഫണ്ടമെന്റലിസ്റ്റുകളുടെ കൈയിൽ നിന്നും രണ്ട് തവണ തുർക്കിപട്ടാളം അട്ടിമറിയിലൂടെ അധികാരം പിടിച്ചു വാങ്ങിയതാണ്. കഴിഞ്ഞ ദിവസങ്ങളിൽ തുർക്കിയിലുണ്ടായ സ്ഫോടന പരമ്പര യൂറോപ്യൻ യൂണിയനിലേക്കുള്ള തുർക്കിയുടെ പ്രവേശം കൂടുതൽ പ്രയാസകരമാക്കിയിരിക്കുകയാണ്. മുസ്‌ലിം പശ്ചാത്തലം കൊണ്ട് യൂണിയൻ പ്രവേശത്തിന് അനേകം കടമ്പകൾ വെച്ച തുർക്കിക്ക് മുമ്പിൽ സ്ഫോടന പരമ്പരകൾ ഒരു വിഘാതമായി നിൽക്കുന്നു. അഭ്യസ്ത വിദ്യരും ഭൗതികോന്മുഖവുമായ തുർക്കിയിലെ മധ്യവർഗ്ഗം തങ്ങളുടെ യൂറോപ്യൻ കനവുകൾക്ക് വർണ്ണം പകരാൻ കാത്തുനിൽക്കുമ്പോൾ ഇസ്‌ലാമിക ഭീകരവാദികൾ തുർക്കിയെ യൂറോപ്പിൽ നിന്നും വേർപ്പെടുത്താനും ശ്രമിക്കുന്നു. അങ്ങനെ ചെകുത്താനും കടലിനും മദ്ധ്യേ നിൽക്കുന്ന തുർക്കിയും യൂറോപ്യൻ യൂണിയനിൽ അംഗമാകേണ്ട രാജ്യമാണ്. കഴിഞ്ഞ ദിവസം ഇന്ത്യ സന്ദർശിച്ച യൂറോപ്യൻ യൂണിയൻ വിദേശ കാര്യ കമ്മീഷണർ ക്രിസ് പാറ്റണിന്റെ വാക്കുകളിൽ നിന്നും മുസ്‌ലിം ലോകത്തോട് യൂറോപ്യൻ യൂണിയന്റെ മനോഭാവം എന്താണെന്ന് വ്യക്തമാണ്. മുസ്‌ലിം രാജ്യങ്ങളിൽ ഒന്നിനുപോലും ജനാധിപത്യം അനുയോജ്യമല്ല എന്നാണ് അദ്ദേഹത്തിന്റെ സുചിന്ത്യമായ അഭിപ്രായം. മുസ്‌ലിം രാജ്യങ്ങളിൽ ജനാധിപത്യം വന്നാൽ അത് ഭീഭത്സമായ തീവ്രവാദത്തിന് വഴിമാറി

ക്കൊടുക്കേണ്ടിവരും എന്ന് അൽജീരിയയെ ഉദാഹരിച്ചുകൊണ്ട് ക്രിസ് പാറ്റൺ പറയുകയുണ്ടായി. അടിസ്ഥാനപരമായി തെറ്റാണെങ്കിലും ഏകാധിപത്യ - പട്ടാള രാജഭരണങ്ങൾ മുസ്‌ലിം സമൂഹത്തിനും ലോകത്തിനും സമാധാനം നൽകുന്നു എന്നാണ് അദ്ദേഹം പറയുന്നത്. അതുകൊണ്ട് നിലവിലുള്ള സ്ഥിതിതന്നെയാണ് മുസ്‌ലിം രാജ്യങ്ങൾക്ക് അഭികാമ്യമെന്നും ക്രിസ് പാറ്റൺ പറയുന്നു. സത്യത്തിന്റെ ഒളിമിന്നൽ ഈ പ്രസ്താവനയിലുണ്ടെന്ന കാര്യം അവഗണിച്ചു കൂടാ. നമുക്ക് വിഷയത്തിലേക്ക് തന്നെ മടങ്ങിവരാം.

യൂറോപ്പിന്റെ സംസ്കാരത്തെ നിർണയിക്കുന്ന ഭരണഘടനയുടെ ആമുഖത്തിലെ ഏതാനും വാക്കുകൾ ഇങ്ങനെയാണ്. "have gradually developed the values underlying humanism, equality of persons, freedom, respect for reason" (മാനവതാ വാദം, വ്യക്തികളുടെ സമത്വം, സ്വാതന്ത്ര്യം, യുക്തിയോടുള്ള ആദരം എന്നിവയിലധിഷ്ഠിതമായ മൂല്യങ്ങൾ ക്രമേണ വികസിച്ചു) എന്ന ഈ പരാമർശത്തിനുശേഷം ആമുഖത്തിൽ മതത്തെ പറ്റി പറയുന്ന തൊട്ടടുത്ത ഒരേയൊരു വാക്യം ഇപ്രകാരമാണ്. 'Cultural, religious and humanist inheritance of Europe' (യൂറോപ്പിന്റെ സാംസ്കാരികവും, മതപരവും, മാനവതാ വാദപരവുമായ പാരമ്പര്യം) എന്ന് മാത്രമാണ്. അതായത് മാനവതാ വാദ കേന്ദ്രിതമായ ഒരു സെക്കുലർ പാരമ്പര്യമാണ് യൂറോപ്പിന്റേത് എന്ന വസ്തുതയിൽ ഊന്നൽ നൽകാനാണ് യൂറോപ്യൻ ഭരണഘടനാ നിർമ്മാതാക്കൾ ഉദ്ദേശിച്ചത്. മതത്തെ സംബന്ധിക്കുന്ന പ്രസ്തുത വാക്യം തന്നെ ക്രിസ്തുമതത്തെ സംബന്ധിച്ച വ്യക്തമായ പരാമർശം ഒഴിവാക്കിക്കൊണ്ടാണ് എഴുതിച്ചേർത്തത്. ഭരണഘടനാ ശിൽപ്പികൾ യൂറോപ്പിനെ രൂപപ്പെടുത്തിയ ഗ്രീക്ക് റോമൻ സംസ്കാരത്തെ സംബന്ധിച്ചും യാതൊരു പരാമർശവും ആമുഖത്തിൽ നടത്തിയിട്ടില്ല എന്നതും ശ്രദ്ധേയമാണ്.

യൂറോപ്പിന്റെ പാരമ്പര്യം ക്രിസ്തുമതത്തിന്റെതാണ് എന്ന് ഭരണഘടനയിൽ എഴുതിച്ചേർക്കാൻ പ്രൊട്ടസ്റ്റന്റ്, ആംഗ്ലിക്കൻ, ഓർത്തോഡക്സ് സഭകളുടെ യൂറോപ്യൻ സംഘടനയായ കോൺഫറൻസ് ഓഫ് യൂറോപ്യൻ ചർച്ചസും (CEC), കത്തോലിക്കാസഭയും കൊണ്ടുപിടിച്ചു ശ്രമിക്കുകയുണ്ടായി. 'ഞങ്ങളുടെ മതപരമായ പാരമ്പര്യം പരാമർശിക്കുന്നില്ലെങ്കിൽ അത് യൂറോപ്യൻ ചരിത്രത്തിന്റെ നിഷേധമാണ്' എന്ന് പറഞ്ഞാണ് CEC യുടെ ഡയറക്ടർ കീത്ത് ജെങ്കിൻസ് ഈ പ്രശ്നത്തോടു പ്രതികരിച്ചത്. 105 അംഗങ്ങളുള്ള ഡ്രാഫ്റ്റിങ്ങ് കമ്മിറ്റിയിൽ ഇരുവിഭാഗങ്ങളായുള്ള ചേരിതിരിവ് വളരെ വ്യക്തമാണ്. അയർലന്റ്, സ്പെയിൻ, ഇറ്റലി, ഹോളണ്ട് എന്നീ രാജ്യങ്ങളെ ഉപയോഗിച്ച് കത്തോലിക്കാ സഭയാണ് ക്രിസ്തുമതത്തെ യൂറോപ്യൻ ഭരണഘടനയിൽ എഴുതിച്ചേർക്കാനുള്ള ചരടുവലികൾക്ക് നേതൃത്വം കൊടുത്തത്. അടുത്ത മേയ്മാസത്തിൽ യൂണിയനിൽ ചേരാനിരിക്കുന്ന സ്ലോവാക്കിയ, ചെക്റിപ്പബ്ലിക്ക്, മാൾട്ട, ലിത്വാനിയ എന്നീ കത്തോലിക്കാ രാജ്യങ്ങളും സഭയുടെ അഭിപ്രായ ഗതികളുമായി യോജിക്കുന്നവരാണ്. മറുപക്ഷത്ത് ശക്തരായ ഫ്രാൻസും ബെൽജിയവും നിലയുറപ്പിച്ചിട്ടുണ്ട്. ചർച്ചും രാഷ്ട്രീയവും തമ്മിൽ വ്യക്തമായ വിഭജനവും പരസ്പരം ഇടപെടാതിരിക്കുകയും വേണമെന്ന അഭിപ്രായം ഈ രാജ്യങ്ങളുടെ ദേശീയ ഭരണഘടനയിൽ പ്രകടമാണ്.

ക്രിസ്തുമതത്തെ യൂറോപ്യൻ യൂണിയനിൽ അധിവസിക്കുന്ന സമൂഹത്തിന്റെ സാംസ്കാരിക വ്യക്തിത്വമായി അംഗീകരിക്കാത്തതിൽ പരിഭവിക്കുന്ന ക്രിസ്തുമത പക്ഷപാതിത്വമുള്ള മതസംഘടനകളും രാഷ്ട്രങ്ങളും യൂറോപ്പിൽ ക്രിസ്തുമതത്തിന്റെ പാരമ്പര്യം എന്തായിരുന്നുവെന്ന് ഓർക്കാൻ ബാദ്ധ്യസ്ഥരാണ്. വാസ്തവത്തിൽ യൂറോപ്യൻ ചരിത്രം വിസ്മരിക്കാൻ ശ്രമിക്കുന്ന ഭീകരമായ ഒരു ദുസ്മരണയാണ് മധ്യകാല ഘട്ടത്തിലെ ക്രിസ്തുമതാധിഷ്ഠിതമായ ഭരണം. സ്വതന്ത്രചിന്തയേയും, യുക്തിബോധത്തേയും ശാസ്ത്രീയമായ പ്രബുദ്ധതയേയും ഭീഭത്സമായി അടിച്ചമർത്തുകയും പുരോഹിതന്മാരുടെയും രാജാക്കന്മാരുടേയും പൈശാചികമായ ചൂഷണങ്ങൾക്ക് കൂട്ടുനിൽക്കുകയും ചെയ്ത ചരിത്രമാണ് ക്രിസ്തുസഭയുടേത്. അക്കാലത്തെ ക്രിസ്തുസഭയുടെ രുദ്രതാണ്ഡവങ്ങൾ ആധുനിക കാലത്തെ പ്രബുദ്ധ സമൂഹങ്ങളുടെ പേക്കിനാവാണ്. ഇന്ന് യൂറോപ്യൻ പൗര സമൂഹം നേടിയ ശാസ്ത്രീയ നേട്ടങ്ങളും പ്രബുദ്ധതയും, ഭൗതിക പുരോഗതിയുമെല്ലാം ക്രിസ്തുസഭയുമായി നടത്തിയ രക്തരൂഷിതമായ സംഘട്ടനത്തിലൂടെ ആർജ്ജിച്ചതാണെന്നതാണ് ചരിത്രസത്യം. പതിനാറാം നൂറ്റാണ്ടിൽ യൂറോപ്യൻ ക്രൈസ്തവ സഭകൾ പ്രൊട്ടസ്റ്റന്റ്, കത്തോലിക്കാ സഭകളായി പിളർന്നപ്പോഴും പരസ്പരം മത വർഗ്ഗീയതയുടെ നരമേധങ്ങളാണ് യൂറോപ്പിൽ അരങ്ങേറിയത്. ഇറ്റലി, സ്പെയിൻ, പോർട്ടുഗൽ, ഹംഗറി, പോളണ്ട് എന്നീ രാജ്യങ്ങളിലെ കത്തോലിക്കാ രാജാക്കന്മാർ പ്രൊട്ടസ്റ്റന്റുകാരെ കൂട്ടക്കുരുതി നടത്തിയും തീയിട്ടുകൊന്നുമാണ് നിഷ്ക്കാസനം ചെയ്തത്. അതുപോലെ ഡെൻമാർക്ക്, സ്വീഡൻ മുതലായ സ്കാന്റിനേവിയൻ രാജ്യങ്ങളിലെ പ്രൊട്ടസ്റ്റന്റുകാരായ ലൂഥറൻ രാജാക്കന്മാരും കത്തോലിക്കരെ കൂട്ടത്തോടെ വകവരുത്തുകയും ചെയ്തു. 300 വർഷങ്ങൾക്ക് മുമ്പ് മഹാനായ ശാസ്ത്ര പ്രതിഭ ഗലീലിയോവിനെ പീഡിപ്പിച്ചതിന്, ബ്രൂണോയെ ചുട്ടുകൊന്നതിന്, ഇൻക്വിസിഷൻ എന്നറിയപ്പെടുന്ന മത വിചാരണ കോടതിയുടെ ദ്രോഹങ്ങൾക്ക്, ആന്റി സെമിറ്റിസം എന്നറിയപ്പെടുന്ന യഹൂദ വേട്ടകൾക്ക് അങ്ങനെ മധ്യനൂറ്റാണ്ടുകളിൽ ചെയ്തു കൂട്ടിയ എല്ലാ പാപങ്ങൾക്കും മാപ്പ് പറയുന്ന ഒരു പോപ്പാണ് നമ്മുടെ മുമ്പിലുള്ളത്. അതുകൊണ്ട് ക്രിസ്തുമതത്തെ ഓർമ്മിപ്പിക്കുന്ന യാതൊന്നും യൂറോപ്യൻ ഭരണഘടനയിൽ എഴുതിച്ചേർക്കാൻ ചരിത്രബോധമുള്ള ആത്മാഭിമാനികൾക്ക് സാധ്യമല്ല. യൂറോപ്പിന്റെ കിടിലംകൊള്ളിക്കുന്ന അദ്ധ്യായമാണത്. നവോത്ഥാന കാലം മുതൽ യൂറോപ്പിന്റെ സാമൂഹ്യ രാഷ്ട്രീയ തത്ത്വശാസ്ത്രങ്ങൾക്കെല്ലാം അന്തർധാരയായി വർത്തിക്കുന്ന സെക്കുലറിസം എന്ന

# സ്കോളർഷിപ്പ് ലഭിച്ചു



അലിഗഡ് മുസ്‌ലിം യൂണിവേഴ്സിറ്റി ഏർപ്പെടുത്തിയ വിദ്യാർത്ഥികൾക്കായുള്ള "നൂറുൽ ഹസൻസ് കോളർഷിപ്പ് ഫോർ റിസർച്ച്"ന് കോഴിക്കോട് ജമാഅത്തംഗം വി. പി. ബശീർ അഹ്മദ് സാഹിബ് അർഹനായി. അലിഗഡിലെ അഹ്മദിയ്യാ മുസ്‌ലിം യുവജനവിഭാഗത്തിന്റെ പ്രസിഡണ്ടായ ഇദ്ദേഹം മർഹൂം വി. പി. മമ്മു സാഹിബിന്റെ മകനാണ്.

**അനുസ്മരണം**

## ഫാത്തിമ ബീവി സാഹിബ

കരുനാഗപ്പള്ളി ജമാഅത്തിലെ ഏറ്റവും മുതിർന്ന സഹോദരി തട്ടല്ക്കാട്ട് ഫാത്തിമാ ബീവി സാഹിബ 89 -ാം വയസ്സിൽ നിര്യാതയായി. (ഇന്നാലില്ലാഹി.....)

യാഥാസ്ഥിതിക സുന്നി കുടുംബത്തിൽ ജനിച്ച ഇവർ സ്വന്തം പിതാവും സഹോദരനും ബൈഅത്ത് ചെയ്തതിനെത്തുടർന്ന് 60 വർഷങ്ങൾക്കു മുമ്പാണ് ബൈഅത്ത് ചെയ്തത്.

ഒരു സുന്നി മുസലിയാർ ആയിരുന്ന ജ: കുട്ടി ഹസ്സൻ സാഹിബായിരുന്നു ഭർത്താവ്. അദ്ദേഹം ബൈഅത്ത് ചെയ്യുകയുണ്ടായില്ല. പക്ഷേ ഭാര്യയുടെ പുതുവിശ്വാസത്തെ സഹിഷ്ണുതയോടെ അംഗീകരിക്കുവാനുള്ള ഹൃദയ വിശാലത അദ്ദേഹത്തിനുണ്ടായി. സുന്നി മുസ്‌ലിയാരുടെ ഭാര്യയായിരുന്നെങ്കിലും അഹ്മദിയായിത്തന്നെയാണ് പരേത ജീവിച്ചത്. തന്നെയുമല്ല, ഇവരുടെ നാലുമക്കളേയും അഹ്മദികളായിത്തന്നെ വളർത്തിക്കൊണ്ടുവരുവാനും പരേതയ്ക്ക് സാധിച്ചിരുന്നു. അതിനും ജ: കുട്ടിഹസ്സൻ സാഹിബിന്റെ പിന്തുണയുണ്ടായിരുന്നു എന്നതും പ്രത്യേകം പ്രസ്താവ്യമാണ്.

ദീർഘകാലമായി കരുനാഗപ്പള്ളി ജമാഅത്തിന്റെ മാൽ സെക്രട്ടറി സ്ഥാനം വഹിച്ചുവരുന്ന ജ: ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് പരേതയുടെ മകനാണ്. മുഹമ്മദ് ബശീർ, സൽമാബീവി. സഫിയ എന്നിവർ മറ്റു മക്കളാണ്. ഫാത്തിമ, റഹ്മത്ത് ബീവി, മുഹമ്മദ് ബശീർ, അബ്ദുൽ ലത്തീഫ് എന്നിവർ ജാമാതാക്കൾ.

പരേതയ്ക്ക് അല്ലാഹു മഗ്ഫിറത്ത് നൽകട്ടെ.

*ഡോ. ഫുആദ് ജലീൽ.*

---

മാനവതാ വാദം ക്രിസ്തുമതത്തിന് മേൽ മനുഷ്യന്റെ നൈതിക ബോധം നേടിയ വിജയമാണെന്ന് പറയാം. ക്രിസ്തുമത പൗരോഹിത്യത്തോടും പ്രഭുത്വത്തോടുമുള്ള സ്ഫോടനാത്മകമായ പ്രതികരണമായിരുന്നല്ലോ ഫ്രഞ്ച് വിപ്ലവം. വിപ്ലവത്തിന് ശേഷം ഏകാധിപതിയായിത്തീർന്ന നോപ്പോളിയൻ മാർപ്പാപ്പയെ ജയിലിലടക്കുകയുണ്ടായി. ഭരണഘടനയിൽ ക്രിസ്തുമതത്തിന്റെ പേരു വരുന്നതിനെ രൂക്ഷമായി എതിർക്കുന്ന ഫ്രാൻസിന് മറ്റാരെക്കാളും ക്രിസ്തുമതത്തിന്റെ ചരിത്രം എന്താണെന്നറിയാം.

നൂറ്റാണ്ടുകൾക്ക് മുമ്പ് ചെയ്ത പാപങ്ങൾക്ക് ലോകത്തോട് നമ്രശിരസ്കരായി മാപ്പു പറയുന്ന ക്രിസ്തുസഭ വർത്തമാനകാലത്ത് ചെയ്തു കൊണ്ടിരിക്കുന്നതും പഴയ പാപങ്ങളുടെ ആവർത്തനം തന്നെയല്ലേ? ജർമ്മനിയിൽ ക്രിസ്ത്യാനിയായിരുന്ന ഹിറ്റ്ലർ കോൺസൺട്രേഷൻ ക്യാമ്പുകളിൽ വെച്ച് യഹൂദരെ കൂട്ടക്കൊലചെയ്യുമ്പോഴും മറ്റു ക്രിസ്തീയ രാജ്യങ്ങളിൽ യഹൂദികളെ മതവൈരത്തിന്റെ പേരിൽ ഉന്മൂലനം ചെയ്യുമ്പോഴും അതാതു കാലത്തെ മാർപ്പാപ്പമാർ ലോകത്തോടു വിശിഷ്യാ ക്രിസ്തീയ ലോകത്തോട് ആ ക്രൂര കൃത്യം ചെയ്യരുതെന്ന് പറഞ്ഞിരുന്നെങ്കിൽ ആ ദുരന്തം സംഭവിക്കില്ലായിരുന്നു എന്നുകരുതുന്ന ചരിത്രകാരന്മാരുണ്ട്. ഹിറ്റ്ലറുടെ കാല ത്തെ മാർപ്പാപ്പ പിയൂസ് നിതാന്ത മൗനത്തിലായിരുന്നു. ഇന്ന് തികഞ്ഞ ക്രിസ്തുമത വിശ്വാസിയും കത്തോലിക്കാ ഭക്തനുമായ അമേരിക്കയിലെ ജോർജ് ബുഷ് അഫ്ഗാനിസ്ഥാനിലും ഫലസ്തീനിലും ഇറാക്കിലും അവിടുത്തെ ഭൂവിഭവങ്ങൾ കൊള്ളയടിക്കാൻ മുസ്‌ലിം ജനസമൂഹങ്ങളെ കൊന്നൊടുക്കുമ്പോൾ ക്രിസ്തുമതത്തിന്റെ ആഗോള മേലദ്ധ്യക്ഷനായ വിശുദ്ധ പോപ്പ് മൗനവ്രതത്തിലാണ്. സമ്പത്ത് കൊള്ളയടിക്കാൻ കുഞ്ഞുങ്ങളേയും സ്ത്രീകളേയും വധിക്കുമ്പോൾ മിണ്ടാതിരിക്കുന്ന പോപ്പ് നൂറുകൊല്ലം കഴിഞ്ഞ് പ്രതികരിച്ചിട്ടെന്ത് ഫലം?

യൂറോപ്യൻ യൂണിയന്റെ ഭരണഘടനയിൽ നിന്നും ക്രിസ്തുമതത്തെ ബഹിഷ്ക്കരിച്ചതിന് അന്തർധാരയായി വർത്തിച്ച ഘടകങ്ങളെപ്പറ്റി നാം പഠിക്കേണ്ടതുണ്ട്. യൂറോപ്പിലെ രാഷ്ട്രീയ സാമൂഹിക മുഖ്യധാരയിലെവിടെയും മനുഷ്യത്വത്തിന്റെ പേരിൽ ഒരു ധാർമിക ശക്തിയായി മാറാൻ ക്രിസ്തുമതത്തിനാവില്ല. ആധുനിക ഭൗതിക സമൂഹം മതത്തെത്തന്നെ വെറുക്കാൻ കാരണം ചരിത്രത്തിൽ മതത്തിന്റെ പേരിൽ ക്രിസ്തുമതം കാട്ടിക്കൂട്ടിയ കിരാത കൃത്യങ്ങൾക്ക് വലുതായ പങ്കുണ്ട്. ചരിത്രത്തിൽ എന്താണോ നാം വിതക്കുന്നത് അത് മാത്രമേ കൊയ്യാൻ കഴിയൂ. തിന്മ വിതച്ച് നന്മ കൊയ്യുക എന്നത് ചരിത്ര നിയമങ്ങൾക്കെതിരാണെന്ന് ഓർക്കുന്നത് നന്ന്.

## നശിക്കാത്ത സമ്പത്ത്

പുഴുവും തുരുമ്പും കെടുക്കയും കള്ളന്മാർ തുരന്നു മോഷ്ടിക്കുകയും ചെയ്യുന്ന ഈ ഭൂമിയിൽ നിങ്ങൾ നിക്ഷേപം സ്വരൂപിക്കരുത്. പുഴുവും തുരുമ്പും കെടുക്കാതെയും കള്ളന്മാർ തുരന്ന് മോഷ്ടിക്കാതെയുമിരിക്കുന്ന സ്വർഗ്ഗത്തിൽ നിങ്ങൾ നിക്ഷേപം സ്വരുപിക്കുവിൻ.

*യേശുക്രിസ്തു*

*(ബൈബിൾ, മത്താ: 7:19-21)*

# സത്യദൂതൻ

## മുക്കാൽ നൂറ്റാണ്ട് പിന്നിട്ട ഏക ഇസ്‌ലാമിക മലയാള പ്രസിദ്ധീകരണം

### ജനുവരി മുതൽ വരിക്കാരാനാവാൻ ഇന്നു തന്നെ വരിസംഖ്യ അയക്കുക.

**വാർഷിക വരിസംഖ്യ – 100**

*എം. ഒ./ഡി. ഡി./ചെക്ക്/വരിസംഖ്യ അയക്കേണ്ട വിലാസം:*

**മാനേജർ**

**സത്യദൂതൻ മാസിക, ജി. എച്ച്. റോഡ് , കോഴിക്കോട് – 1.**

## അമീർ/പ്രസിഡന്റുമാരുടെ ശ്രദ്ധക്ക്

സത്യദൂതൻ മാസികയുടെ 2003 ജനുവരി മുതൽ ഡിസംബർ 31 വരെയുള്ള വരിസംഖ്യ ബാക്കിയുള്ളവരുടെ കുടിശ്ശികയും, 2004 ലെ പുതുവർഷത്തേക്കുള്ള വരിസംഖ്യയും ശേഖരിച്ച് കോഴിക്കോട് സത്യദൂതൻ ഓഫീസിൽ അയച്ചുതരുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്യുവാൻ അഭ്യർത്ഥിക്കുന്നു. ജമാഅത്ത് അമീർ/പ്രസിഡന്റുമാരുടെ നേതൃത്വത്തിൽ ജമാഅത്തംഗങ്ങൾ 2004 ലെ പുതുവർഷത്തേക്ക് പുതിയ വരിക്കാരെ ചേർത്താൻ പരമാവധി ശ്രമിക്കണമെന്ന് വിനീതമായി അപേക്ഷിക്കുന്നു. വരിക്കാരുടെ ശരിയായ മേൽവിലാസം, പിൻകോഡ് സഹിതം 2004 ജനുവരി 1 ന് മുമ്പായി കോഴിക്കോട് ഓഫീസിൽ സത്യദൂതൻ മാനേജർക്ക് എത്തിച്ചുകൊടുക്കേണ്ടതാണ്.

വസ്സലാം

**എ. പി. കുഞ്ഞാമു**

**അമീർ , കേരള**